32nd Year of Service 2024

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

Price $1.00

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

July 05, 2024 | Vol. XXXII No. 27 | Periodicals Postage Paid




## 15–ാമത് കെസിസിഎൻഎ കൺവൻഷന് സാൻ അന്റോണിയോയിൽ തിരശ്ശീല ഉയരുന്നു

### കോട്ടയം അതിരൂപതാദ്ധ്യക്ഷൻ
### മാർ മാത്യു മൂലക്കാട്ട്
### മുഖ്യാതിഥി

സാൻ അന്റോണിയോ: പതിനഞ്ചാമത് കെ.സി.സി.എൻ.എ കൺവൻഷനിൽ മുഖ്യാതിഥിയായി കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പങ്കെടുക്കും. കെ.സി.സി.എൻ.എ കൺവൻഷന്റെ തിരശ്ശീല ഉയരുന്ന ജൂലൈ 4–ന് വൈകിട്ട് 4 മണിക്ക് മാർ മാത്യു മൂലക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ ദിവ്യബലിയോടെ കൺവൻഷൻ ആരംഭിക്കും. അമേരിക്കയിലെ വിവിധ ഇടവകകളിൽ നിന്നുള്ള ക്നാനായ വൈദികർ സഹകാർമ്മികത്വം വഹിക്കും.

– ബൈജു ആലപ്പാട്ട് –


ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്


ഷാജി എടാട്ട് (പ്രസിഡണ്ട്)


ജിപ്സൺ പുറയംപള്ളിൽ (എക്സിക്യൂട്ടീവ് വി.പി)


അജീഷ് പോത്തൻ താമറത്ത് (ജനറൽ സെക്രട്ടറി)


ജോബിൻ കക്കാട്ടിൽ (ജോയിന്റ് സെക്രട്ടറി)


സാമോൻ പല്ലാട്ടുമഠം (ട്രഷറർ)



ഫിനു തൂമ്പനാൽ (യൂത്ത് വി.പി)


നയോമി മരിയ മാന്തുരുത്തിൽ (ജോ. ട്രഷറർ)


ജെറിൻ കുര്യൻ പടപ്പമാക്കിൽ (കൺവൻഷൻ ചെയർമാൻ)


ഷീജ വടക്കേപറമ്പിൽ (സാൻ അന്റോണിയോ പ്രസിഡണ്ട്)


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST
WINDOWS & DOORS
45% OFF FOR WINDOWS
40% OFF FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ഗവർണർക്കെതിരെ കേസ് നടത്താൻ 1.13 കോടി

6 രാഹുലിന്റെ മൈക്ക് ഓഫ് ചെയ്തു

8 ഓം ബിർള ലോക്സഭാ സ്പീക്കർ

11 മെറ്റ എഐ സേവനം ഇന്ത്യയിലും

12 തെളിവുകൾ ഇനി കാമറയിലും

### ഡൽഹിയിൽ ആദ്യ കേസ് രജിസ്റ്റർ ചെയ്തു

## ഇന്ത്യയിൽ പുതിയ ന്യായസംഹിത നിലവിൽവന്നു

കൊച്ചി: 160 വർഷം പഴക്കമുള്ള ഇന്ത്യൻ പീനൽ കോഡ് (ഐപിസി) ഇനിയില്ല. സമഗ്ര മാറ്റങ്ങളുമായി ഭാരതീയ ന്യായസംഹിത (ബിഎൻഎസ്) ജൂലൈ ഒന്ന് മുതൽ പ്രാബല്യത്തിൽ. സിആർപിസി ഇനി ഭാരതീയ നാഗരിക് സുരക്ഷാ സംഹിത (ബിഎൻഎസ്എസ്) എന്നും എവിഡൻസ് ആക്ട് (തെളിവു നിയമം) ഭാരതീയ സാക്ഷ്യ അധീനിയം (ബിഎസ്എ) എന്നും ഇനി അറിയപ്പെടും.

ജൂലൈ ഒന്നിന് പ്രാബല്യത്തിൽ വന്ന ഭാരതീയ ന്യായ സംഹിത പ്രകാരമുള്ള ആദ്യ കേസ് രജിസ്റ്റർ ചെയ്തതു തലസ്ഥാനമായ ഡൽഹിയിൽ. ഡൽഹി കമല പോലീസാണ് കേസ് രജിസ്റ്റർ ചെയ്തത്. ന്യൂഡൽഹി റെയിൽവേ സ്റ്റേഷന്റെ ഫുട്ട് ഓവർ ബ്രിഡ്ജിനടിയിൽ തടസ്സം സൃഷ്ടിച്ചതിനു തെരുവ് കച്ചവടക്കാരനെതിരെയാണ് ഭാരതീയ ന്യായ സംഹിത സെക്ഷൻ 285 പ്രകാരം എഫ്ഐആർ രജിസ്റ്റർ ചെയ്തത്.

ബിഎൻഎസ്എസ് നിലവിൽവരുന്നതോടെ ഇന്ത്യയിലെ പോലീസ് സ്റ്റേഷനുകളിൽ നേരിട്ട് എത്താതെ ഇലക്ട്രോണിക് കമ്യൂണിക്കേഷൻ വഴി ഒരാൾക്ക് ഇഎഫ്ഐആർ (ഇല്ട്രോണിക് പ്രഥമ വിവര റിപ്പോർട്ട്) രജിസ്റ്റർ ചെയ്യാം. നിലവിൽ പരാതിക്കാരന്റെയോ പരാതിക്കാരൻ വിദേശത്താണെങ്കിൽ അയാൾ ചുമതലപ്പെടുത്തിയ ആളിന്റെയോ മൊഴിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് എഫ്ഐആർ രജിസ്റ്റർ ചെയ്തിരുന്നത്. സീറോ എഫ്ഐആർ (മറ്റു സ്റ്റേഷനിൽ പരാതിപ്പെട്ടാൽ സീറോ നമ്പറിട്ട കുറ്റകൃത്യം നടന്ന പോലീസ് സ്റ്റേഷനു കേസ് കൈമാറുന്ന രീതി) രീതിയും ഇനി ഉണ്ടാകില്ല.

ഇന്ത്യൻ ശിക്ഷാനിയമം പ്രകാരം (ഐപിസി) പ്രതിക്കു ശിക്ഷ കൊടുക്കുന്നതിലാണു കൂടുതൽ ഊന്നൽ നൽകുന്നത്. എന്നാൽ ഭാരതീയ നാഗരിക് സുരക്ഷ സംഹിതയിൽ ഇരയ്ക്കു നീതി കിട്ടുന്ന രീതിക്കാണു പ്രാധാന്യം നൽകുന്നത്. സിആർപിസി 154 പ്രകാരം വാക്കാലുള്ള കേസ് രജിസ്ട്രേഷൻ മാത്രമാണുള്ളത്. ഭാരതീയ നാഗരിക് സുരക്ഷ സൻഹിത 173-ലേക്ക് വരുമ്പോൾ വാക്കാലും ഇലക്ട്രോണിക് ഉപകരണങ്ങൾ വഴിയും മൊഴി നൽകാം എന്നുള്ള വ്യത്യാസമാണുള്ളത്.




(ശേഷം 24-ാം പേജിൽ)

## ഉദ്യോഗസ്ഥരെ നിരീക്ഷിക്കാൻ മന്ത്രാലയങ്ങൾക്ക് കേന്ദ്രനിർദേശം

ന്യൂഡൽഹി: കേന്ദ്രസർക്കാർ ജീവനക്കാരുടെ പ്രവർത്തനം സമയബന്ധിതമായി അവലോകനം ചെയ്യാൻ എല്ലാ മന്ത്രാലയങ്ങൾക്കും നിർദേശം. കാര്യപ്രാപ്തിയില്ലാത്ത/സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്ക് നിർബന്ധിത വിരമിക്കൽ നടപ്പാക്കാനാണ് കേന്ദ്ര പഴ്സണൽ ആൻഡ് ട്രെയിനിങ് (ഡി.ഒ.പി.ടി) മന്ത്രാലയത്തിന്റെ നിർദേശം.

ജീവനക്കാരുടെ ആനുകാലിക അവലോകനം നടത്താൻ പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നിർദേശം നല്കണമെന്ന് ഡി.ഒ.പി.ടി വിവിധ മന്ത്രാലയങ്ങളോട് ആവശ്യപ്പെട്ടു.

പൊതുതാല്പര്യം കണക്കിലെടുത്ത് സർക്കാർ ജീവനക്കാരെ സർവീസിൽ നിലനിർത്തണമോ അതോ വിരമിക്കൽ നിർദേശം നല്കണമോ എന്നു കണ്ടെത്തുന്നതിനായി അവരുടെ പ്രകടനം ആനുകാലികമായി അവലോകനം ചെയ്യുന്നതിനു നിർദേശങ്ങൾ നല്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച നിർദേശങ്ങൾ പാലിക്കാനും ഡി.ഒ.പി.ടിക്ക്

(ശേഷം 24-ാം പേജിൽ)

### കെജ്‌രിവാൾ ജുഡീഷ്യൽ കസ്റ്റഡിയിൽ

## സിബിഐ അറസ്റ്റിനെതിരെ ഹൈക്കോടതിയിൽ

ന്യൂഡൽഹി: മദ്യനയ അഴിമതിക്കേസിലെ സിബിഐ അറസ്റ്റിനെതിരെ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ ഹൈക്കോടതിയെ സമീപിച്ചു. മൂന്നു ദിവസത്തെ സിബിഐ കസ്റ്റഡി അനുവദിച്ച വിചാരണക്കോടതി ഉത്തരവിനെതിരെയും കെജ്‌രിവാൾ ഹർജി സമർപ്പിച്ചിട്ടുണ്ട്. കേസിൽ കെജ്‌രിവാളിനെ ചോദ്യം ചെയ്യാൻ സിബിഐക്ക് വിചാരണക്കോടതി അനുവദിച്ച മൂന്നു ദിവസത്തെ കാലാവധി അവസാനിച്ചിരുന്നു. എന്നാൽ, കേസിൽ കെജ്‌രിവാളിനെതിരെ തെളിവുകളുണ്ടെന്നും അദ്ദേഹം അന്വേഷണവുമായി സഹകരിക്കുന്നില്ലെന്നും ചൂണ്ടിക്കാട്ടി അന്വേഷണസംഘം കസ്റ്റഡി കാലയളവ് നീട്ടണമെന്ന് കോടതിയെ അറിയിക്കുകയായിരുന്നു.



തുടർന്ന് ജൂലൈ 12 വരെ റൗസ് അവന്യൂ കോടതി അവധിക്കാല ജഡ്ജി സുനേന ശർമ കെജ്‌രിവാളിന്റെ ജുഡീഷ്യൽ കസ്റ്റഡി അനുവദിക്കുകയായിരുന്നു. കസ്റ്റഡി അനുവദിച്ചതിനെ കെജ്‌രിവാളിന്റെ അഭിഭാഷകൻ വിക്രം ചൗധരി എതിർത്തിരുന്നു. പോലീസ് കസ്റ്റഡി അവസാനിച്ച സാഹചര്യത്തിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ വിടുകയാണെന്നും കുറ്റാരോപിതന് ജാമ്യാപേക്ഷ നല്കാമെന്നും വിചാരണക്കോടതി മറുപടി നല്കി.

## ഇന്ത്യക്ക് ട്വന്റി-20 ലോകകപ്പ്



ട്വന്റി-20 ലോകകപ്പ് കിരീടവുമായി ടീം ഇന്ത്യയുടെ ആഹ്ലാദം

ബാർബഡോസ്: ഇരിപ്പിടങ്ങളിൽ തീ പടർത്തി, ഹൃദയങ്ങളെ ത്രസിപ്പിച്ച് സൂപ്പർ ത്രില്ലർ ഫൈനലിൽ ടീം ഇന്ത്യ ഐസിസി ട്വന്റി-20 ലോകകപ്പ് കിരീടം നേടി. നീണ്ട പതിനൊന്നു വർഷത്തെയും അഞ്ച് ഫൈനൽ തോൽവികളുടെയും അവസാനം ഇന്ത്യൻ ടീമിന് ലോകകിരീടത്തിന്റെ കൊടിക്കൂറ. ഫൈനലിൽ ദക്ഷിണാഫ്രിക്കയെ ഏഴ് റൺസിന് കീഴടക്കിയാണ് ഇന്ത്യ ചാമ്പ്യന്മാരായത്. ടോസ് നേടിയ ഇന്ത്യ ആദ്യം ബാറ്റ് ചെയ്ത്

(ശേഷം 24-ാം പേജിൽ)



# ഗവർണർക്കെതിരെ കേസ് നടത്താൻ 1.13 കോടി ചെലവിട്ടു

തിരുവനന്തപുരം: സുപ്രീംകോടതി വിധിയെത്തുടർന്ന് വിവിധ സർവകലാശാലകളിലെ വിസിമാരുടെ നിയമനങ്ങൾ അസാധുവാക്കിയ ഗവർണറുടെ നടപടി ചോദ്യം ചെയ്തു ഹൈക്കോടതിയെയും സുപ്രീം കോടതിയെയും സമീപിച്ച വൈസ്ചാൻസലർമാർ കോടതിച്ചെലവുകൾക്കായി സർവകലാശാലകളുടെ ഫണ്ടിൽനിന്ന് 1.13 കോടി രൂപ ചെലവഴിച്ചതായി മന്ത്രി ആർ. ബിന്ദു നിയമസഭയിൽ അറിയിച്ചു. എൽദോസ് കുന്നപ്പിള്ളി എംഎൽഎയുടെ ചോദ്യത്തിനു മറുപടി നല്കുകയായിരുന്നു മന്ത്രി.

കണ്ണൂർ വിസി ആയിരുന്ന ഡോ. ഗോപിനാഥ് രവീന്ദ്രൻ 69 ലക്ഷവും കുഫോസ് വിസിയായിരുന്ന ഡോ. റിജി ജോൺ 36 ലക്ഷവും സാങ്കേതിക സർവകലാശാലാ വിസിയായിരുന്ന ഡോ. എം.എസ്. രാജശ്രീ 1.5 ലക്ഷവും കാലിക്കറ്റ് വിസി ഡോ. എ.കെ. ജയരാജ് 4.25 ലക്ഷവും കുസാറ്റ് വിസി ഡോ. കെ.എൻ. മധുസൂദനൻ 77,500 രൂപയും മലയാളം സർവകലാശാലാ വിസിയായിരുന്ന ഡോ. വി. അനിൽകുമാർ ഒരു ലക്ഷം രൂപയും ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റി വിസി ഡോ. മുബാറക് പാഷ 53,000 രൂപയും സർവകലാശാലാ ഫണ്ടിൽ നിന്നും ചെലവിട്ടതായാണ് കണക്ക്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി കെ.കെ. രാകേഷിന്റെ ഭാര്യ പ്രിയാ വർഗീസിന്റെ അസോഷ്യേറ്റ് പ്രഫസർ നിയമനം ചോദ്യം ചെയ്തുള്ള ഹർജിയിൽ ഇതുവരെ 8 ലക്ഷം രൂപ കണ്ണൂർ യൂണിവേഴ്സിറ്റി ഫണ്ടിൽ നിന്നും ചെലവാക്കി. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള സ്പെഷൽ ലീവ് പെറ്റീഷന്റെ വിചാരണ പൂർത്തിയാകാത്തതുകൊണ്ട് ആ കേസിന്റെ ചെലവുകൾ സർവകലാശാല നല്കിയിട്ടില്ലെന്നും മന്ത്രി അറിയിച്ചു.

പ്രിയ വർഗീസിന്റെ ഹർജി ഹൈക്കോടതി പരിഗണിച്ചപ്പോൾ യൂണിവേഴ്സിറ്റി കൗൺസിലിനെ ഒഴിവാക്കി മുതിർന്ന അഭിഭാഷകൻ പി. രവീന്ദ്രനെ ചുമതലപ്പെടുത്തിയതിന് 6.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കണ്ണൂർ വിസിയും കുഫോസ് വിസിയും സുപ്രീംകോടതിയിൽ തങ്ങളുടെ വാദങ്ങൾ ഉന്നയിക്കുന്നതിന് മുതിർന്ന അഭിഭാഷകൻ കെ.കെ. വേണുഗോപാലിനെ പ്രത്യേകമായി ചുമതലപ്പെടുത്തുകയായിരുന്നു. കാലിക്കറ്റ് വിസി ഹൈക്കോടതിയിലെ യൂണിവേഴ്സിറ്റി സ്റ്റാൻഡിങ് കൗൺസിലിനെ ഒഴിവാക്കി സീനിയർ അഭിഭാഷകന്റെ സേവനം തേടിയതിന് 4.25 ലക്ഷം രൂപയാണ് സർവകലാശാല ചെലവിട്ടത്.

കോടതി വ്യവഹാരങ്ങളിൽ ഉദ്യോഗസ്ഥർ സ്വന്തം നിലയ്ക്കാണ് ചെലവുകൾ വഹിക്കേണ്ടത്. എന്നാൽ, ചാൻസലറായ ഗവർണറുടെ ഉത്തരവിനെതിരെ ഗവർണറെ തന്നെ എതിർകക്ഷിയാക്കി കോടതിയിൽ ചോദ്യം ചെയ്യുന്നതിനു സർവകലാശാലാ ഫണ്ടിൽ നിന്നു തുക ചെലവിടുന്നത് ആദ്യമായാണ്.



വിസിമാർ ഫയൽ ചെയ്ത ഹർജികൾക്കു വേണ്ടി ചെലവിട്ട തുക ബന്ധപ്പെട്ട വിസിമാരിൽ നിന്നോ തുക അനുവദിച്ച സിൻഡിക്കറ്റ് അംഗങ്ങളിൽ നിന്നോ ഈടാക്കണമെന്ന് ആവശ്യപ്പെട്ട് സേവ് യൂണിവേഴ്സിറ്റി ക്യാംപെയ്ൻ കമ്മിറ്റി ഗവർണർക്കും മുഖ്യമന്ത്രിക്കും നിവേദനം നല്കി.

## മലപ്പുറത്ത് നാല് വിദ്യാർത്ഥികൾക്ക് ഷിഗല്ല സ്ഥിരീകരിച്ചു

മലപ്പുറം: മലപ്പുറത്ത് വിദ്യാർത്ഥികൾക്ക് ഷിഗല്ല സ്ഥിരീകരിച്ചതായി ആരോഗ്യവകുപ്പ് അറിയിച്ചു. കോഴിപ്പുറത്തു വെണ്ണായൂർ എഎംഎൽപി സ്കൂളിലെ വിദ്യാർത്ഥികൾക്കാണു ഷിഗല്ല സ്ഥിരീകരിച്ചിരിക്കുന്നത്.

ഭക്ഷ്യ വിഷബാധയേറ്റ 127 കുട്ടികൾ ചികിത്സ തേടിയിരുന്നു. ഇവരിൽ നാലു പേരെ പരിശോധിച്ചപ്പോഴാണ് ഷിഗല്ല തിരിച്ചറിഞ്ഞത്. മറ്റു കുട്ടികളും രോഗ ലക്ഷണങ്ങൾ കാണിച്ചിരുന്നു.

ആർക്കും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളില്ലെന്നാണ് ആരോഗ്യ വകുപ്പ് അറിയിച്ചിരിക്കുന്നത്. വിദ്യാർത്ഥികൾ കഴിച്ച ഭക്ഷ്യ വസ്തുക്കളുടെ പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ദഹനവ്യവസ്ഥയെ തകരാറിലാക്കുന്ന ബാക്ടീരിയ മൂലമാണ് രോഗം പടരുക.

# ഡോ. ആന്റണി വാലുങ്കൽ അഭിഷിക്തനായി

കൊച്ചി: വരാപ്പുഴ അതിരൂപതയുടെ നാലാമത്തെ സഹായമെത്രാനായി മോൺ. ആന്റണി വാലുങ്കൽ അഭിഷിക്തനായി. പ്രാർത്ഥനകളും കൃതജ്ഞതാഗീതങ്ങളും ഉയർന്ന സായാഹ്നത്തിൽ ചരിത്രമുറങ്ങുന്ന വല്ലാർപാടം ഔവർ ലേഡി ഓഫ് റാൻസം ബസിലിക്ക അങ്കണത്തിൽ തയാറാക്കിയ പ്രത്യേക വേദിയിൽ നടന്ന മെത്രാഭിഷേക കർമ്മങ്ങൾക്ക് കേരള സഭയിലെ വിവിധ മെത്രാന്മാരും വൈദികരും സന്യസ്തരും വിശ്വാസിസാഗരവും സാക്ഷികളായി. വരാപ്പുഴ ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിലിന്റെ മുഖ്യ കാർമ്മികത്വത്തിലായിരുന്നു മെത്രാഭിഷേക തിരുക്കർമ്മങ്ങൾ. വിശ്വാസത്തിന്റെ വിശ്വസ്ത പരിപാലകനാകാനും ദൈവജനത്തെ നയിക്കാനും പുതിയ മെത്രാനു സാധിക്കട്ടെയെന്ന് ആർച്ച്ബിഷപ് ആമുഖസന്ദേശത്തിൽ പറഞ്ഞു. സ്ഥാനിക ചിഹ്നങ്ങളായ അംശമുടിയും മോതിരവും ദണ്ഡും പുതിയ മെത്രാന് മുഖ്യകാർമ്മികൻ നല്കി.



പുതിയ മെത്രാനെ അഭിഷേക ശുശ്രൂഷയിൽ ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ അംശമുടി അണിയിക്കുന്നു

'ശുശ്രൂഷിക്കാനും അനേകർക്ക് മോചനദ്രവ്യമാകാനും' എന്ന ആപ്തവാക്യമാണ് ഡോ. വാലുങ്കൽ മെത്രാൻ ശുശ്രൂഷയ്ക്കായി സ്വീകരിച്ചിട്ടുള്ളത്. അൾജീരിയയിലെ പുരാതന രൂപതയായ മഗർമേലിന്റെ സ്ഥാനിക മെത്രാൻ കൂടിയാണ് അദ്ദേഹം. വരാപ്പുഴ മുൻ ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ, കോട്ടപ്പുറം മുൻ മെത്രാൻ ഡോ. ജോസഫ് കാരിക്കശേരി എന്നിവർ സഹകാർമ്മികരായിരുന്നു. കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി അദ്ധ്യക്ഷനും കോഴിക്കോട് ബിഷപ്പുമായ ഡോ. വർഗീസ് ചക്കാലയ്ക്കൽ വചനപ്രഘോഷണം നടത്തി. അനുമോദന സമ്മേളനത്തിൽ മേജർ ആർച്ച്ബിഷപ്പുമാരായ കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ, മാർ റാഫേൽ തട്ടിൽ, ഇന്ത്യയിലെ വത്തിക്കാൻ കാര്യാലയം കൗൺസിലർ മോൺ. ജുവാൻ പാബ്ലോ സെറിലോസ് ഫെർണാണ്ടസ് എന്നിവർ പ്രസംഗിച്ചു. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ രംഗത്തെ പ്രമുഖരും ചടങ്ങിൽ സംബന്ധിച്ചു.

# കര–നാവിക സേനകളെ നയിക്കാൻ സഹപാഠികൾ

ന്യൂഡൽഹി: ജനറൽ ഉപേന്ദ്ര ദ്വിവേദി (59) പുതിയ കരസേനാമേധാവിയായി ചുമതലയേറ്റതോടെ കരസേനയെയും നാവികസേനയെയും ഇനി നയിക്കുക സഹപാഠികൾ. ഉപേന്ദ്ര ദ്വിവേദിയും നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് ത്രിപാഠിയും മധ്യപ്രദേശിലെ റേവ സൈനിക് സ്കൂളിൽ അഞ്ചാം ക്ലാസ് മുതൽ സഹപാഠികളായിരുന്നു. ഇരുവരുടെയും ക്ലാസ് റോൾ നമ്പറുകളും അടുത്തടുത്തായിരുന്നു - ദ്വിവേദി 931-ാം നമ്പർ, ത്രിപാഠി 938-ാം നമ്പർ. എഴുപതുകളിലാണ് ഇവർ റേവ സൈനിക് സ്കൂളിൽ പഠിച്ചത്.



ഉപേന്ദ്ര ദ്വിവേദി ദിനേശ് ത്രിപാഠി

സ്കൂൾ കാലം മുതൽ ഇരുവരും തമ്മിൽ വലിയ അടുപ്പം സൂക്ഷിച്ചിരുന്നതായി രണ്ടുപേരെയും അറിയാവുന്ന സൈനിക ഉദ്യോഗസ്ഥർ സൂചിപ്പിച്ചു. ഇരുവരുടെയും സുഹൃദ്ബന്ധത്തെക്കുറിച്ച് പ്രതിരോധമന്ത്രാലയം ജൂൺ 30-ന് പ്രത്യേക പോഡ്കാസ്റ്റും പുറത്തിറക്കി.

കരസേനാ മേധാവിയായിരുന്ന ജനറൽ മനോജ് പാണ്ഡെ നാല് പതിറ്റാണ്ടു നീണ്ടുനിന്ന സർവീസിനൊടുവിൽ 30-ന് വിരമിച്ചു. ജനറൽ ഉപേന്ദ്ര ദ്വിവേദി കരസേനാ ഉപമേധാവിയായി സേവനം അനുഷ്ഠിച്ചുവരികയായിരുന്നു.

1984-ൽ സേനയിൽ ചേർന്ന ദ്വിവേദി ചൈനാ അതിർത്തിയിൽ ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. അതിർത്തിപ്രശ്നങ്ങളിൽ ഇന്ത്യയ്ക്കായി നിർണായക ഇടപെടലുകൾ നടത്തി. ഉധംപുർ ആസ്ഥാനമായ വടക്കൻ കമാൻഡിന്റെ മേധാവിയായും സേവനമനുഷ്ഠിച്ചു. നാഷണൽ ഡിഫൻസ് കോളജിലും യുഎസ് വാർ കോളജിലുമുൾപ്പെടെ ഉന്നത വിദ്യാഭ്യാസം നേടിയിട്ടുണ്ട്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 27
July 05, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

കർഷകർ സമൃദ്ധിയുടെയും സംസ്കാരത്തിന്റെയും സ്രഷ്ടാക്കളാണ്.

**ദാനിയൽ വെബ്റ്റർ**

എന്റെ പരിമിതികളെപ്പറ്റി എനിക്ക് ബോധമുണ്ട്. ആ ബോധമാണ് എന്റെ ബലം.

**ഗാന്ധിജി**

## Philadelphia Pentecostal Church

3735 N Narragansett Ave., Chicago, IL 60634

**Seeking a Senior Pastor**

*(Effective Start date: July 01st, 2025)*

**Required qualifications:**

- Must be married, aged between 40-60 yrs
- Must be an ordained minister with minimum 8-10 years of pastoral experience leading a church in the United States.
- Accredited & Credentialed by a recognized Pentecostal Institution
- Must be proficient to lead & minister fluently in English & Malayalam
- Must be a U.S Citizen or Green Card holder (No Visa Sponsorship)

*For more information:*

*Biju Cherian: 847-858-1342*

**Email CV/Resume: PPC.Chicago@Yahoo.Com**

## INDIA PENTECOSTAL ASSEMBLY
### 544 TIPTON RD
### IRVING TX 75060

**Youth Pastor Job Summary**

We are seeking a committed, spirit-filled, Youth Pastor to provide leadership and care to our church's youth ministry. The Youth Pastor will be responsible for fostering spiritual growth, planning and leading activities, and providing guidance to young people in our church. The successful candidate is a committed Christian leader who is passionate about helping young people grow in their faith.

**Youth Pastor Requirements and Qualifications**

- Bachelor's or master's degree in theology, ministry, or related field from a reputed Bible college
- Minimum 2 years of experience in youth ministry and ordination preferred.
- A deep knowledge of the Bible and Christian theology
- Teach the Word of God to the youth with conviction, compassion, and care.
- Able to effectively communicate with young people, adults, and families as well as work with the Senior pastor
- Exceptional organizational, leadership skills and Fluent in English and understand Malayalam
- A passion for helping young people grow in their faith.Youth Ministry in the US preferred
- Age Between 25-40 years and married.

**Email resume to:**

**pastorsearchipa@gmail.com**



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

**Your call is Always Welcome**

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

**312-855-0511**

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

A+ Rating BBB Better Business Bureau

AV PREEMINENT Peer Rated for Highest Level of Professional Excellence 2024

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# നീറ്റ് വിവാദം: പ്രതിപക്ഷ ബഹളത്തിൽ രാഹുലിന്റെ മൈക്ക് ഓഫ് ചെയ്തു

ന്യൂഡൽഹി: നീറ്റ് പരീക്ഷാ ചോദ്യപേപ്പർ ചോർച്ച വിവാദം ഉന്നയിച്ചുള്ള പ്രതിപക്ഷ ബഹളത്തിൽ പാർലമെന്റ് സ്തംഭിച്ചു. നീറ്റ് ക്രമക്കേടുകളെക്കുറിച്ചുള്ള അടിയന്തരപ്രമേയത്തിന്മേൽ ചർച്ച ആവശ്യപ്പെട്ട പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ മൈക്ക് ഓഫ് ചെയ്തത് വിവാദവുമായി. ലോക്സഭയിൽ അടിയന്തര പ്രമേയത്തിനും രാജ്യസഭയിൽ ചട്ടം 267 അനുസരിച്ചുള്ള ചർച്ചയ്ക്കും സഭാധ്യക്ഷന്മാർ അനുമതി നിഷേധിച്ചതിനെത്തുടർന്നായിരുന്നു ഇന്ത്യ സഖ്യം എംപിമാർ നടുത്തളത്തിലിറങ്ങി പ്രതിഷേധിച്ചത്.



ലോക്സഭാ നടപടികൾ ഏതാണ്ട് പൂർണമായി സ്തംഭിച്ചപ്പോൾ, ബഹളത്തിനിടയിൽ കോൺഗ്രസ് എംപി ഫൂലോ ദേവി നേതം ബോധംകെട്ടുവീണു. ഇതേത്തുടർന്ന് സഭ നിർത്തിവെക്കാതിരുന്ന രാജ്യസഭാ ചെയർമാൻ ജഗദീപ് ധൻകറുടെ നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷ എംപിമാർ സഭ വിട്ടു പുറത്തുപോയി. റാം മനോഹർ ലോഹ്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച ഫൂലോ ദേവിയെ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ അടക്കമുള്ള നേതാക്കൾ സന്ദർശിച്ചു. ആശുപത്രിയിലുള്ള എംപിയുടെ ആരോഗ്യനില മെച്ചപ്പെട്ടുവെന്ന് ധൻകർ പിന്നീട് അറിയിച്ചു.

ലോക്സഭയും രാജ്യസഭയും ജൂൺ 28-ന് രാവിലെ സമ്മേളിച്ചപ്പോൾതന്നെ നീറ്റ് വിഷയത്തിൽ ചർച്ച വേണമെന്നു പ്രതിപക്ഷം ആവശ്യപ്പെട്ടു. ബഹളത്തെത്തുടർന്ന് സഭാ നടപടികൾ ഉച്ചയ്ക്ക് 12 വരെ നിർത്തിവെച്ചു. പിന്നീട് സഭ ചേർന്നപ്പോൾ പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയത്തിന് ലോക്സഭാ സ്പീക്കർ ഓം ബിർളാ അനുമതി നിഷേധിച്ചു. രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദിപ്രമേയ ചർച്ച തുടങ്ങാനുള്ള സർക്കാർ തീരുമാനത്തിൽ പ്രതിഷേധിച്ച് കോൺഗ്രസ്, തൃണമൂൽ, ഡിഎംകെ പാർട്ടികളുടെ നേതൃത്വത്തിൽ പ്രതിപക്ഷ എംപിമാർ നടുത്തളത്തിലെത്തി മുദ്രാവാക്യം വിളിച്ച് പ്രതിഷേധിച്ചു. നന്ദിപ്രമേയ ചർച്ചയ്ക്കിടയിൽ നീറ്റ് പ്രശ്നവും ചർച്ചചെയ്യാമെന്ന സ്പീക്കറുടെയും പാർലമെന്ററികാര്യ മന്ത്രി കിരൺ റിജുജുവിന്റെയും വാദം അംഗീകരിക്കാനാകില്ലെന്നു പ്രതിപക്ഷം വ്യക്തമാക്കി.

ഇതിനിടെ, 24 ലക്ഷം വിദ്യാർത്ഥികൾക്ക് പാർലമെന്റിന്റെ യോജിച്ച വിശ്വാസം നൽകാനായി സർക്കാരും പ്രതിപക്ഷവും യോജിച്ച പ്രമേയം പാസാക്കണമെന്നു പ്രതിപക്ഷ നേതാവ് രാഹുൽ ഓർമിപ്പിച്ചു. ഇന്ത്യയുടെ ഭാവിയായ യുവജനങ്ങളെ ബാധിച്ച വലിയ പ്രശ്നം അടിയന്തരമായി ചർച്ച ചെയ്യണമെന്ന് രാഹുൽ പറയുന്നതിനിടെ അദ്ദേഹത്തിന്റെ മൈക്ക് ഓഫാക്കിയത് പ്രതിപക്ഷത്തെ കൂടുതൽ പ്രകോപിപ്പിച്ചു.

രാഹുലിന്റെ മൈക്ക് ഓഫാക്കിയതു താനല്ലെന്ന് സ്പീക്കർ പിന്നീട് വിശദീകരിച്ചെങ്കിലും സഭയുടെ നാഥനല്ലാതെ മറ്റേതു ശക്തിയാണ് ഇതൊക്കെ നിയന്ത്രിക്കുന്നതെന്ന് കോൺഗ്രസ് എംപിമാർ ചോദിച്ചു. തന്റെ മൈക്ക് വീണ്ടും ഓണാക്കണമെന്ന് ഓം ബിർളായോട് രാഹുൽ ആവശ്യപ്പെടുന്നതിന്റെയും സ്പീക്കർ മറുപടി പറയാതെ ഇരിക്കുന്നതിന്റെയും വീഡിയോ കോൺഗ്രസ് പുറത്തുവിട്ടു. ഈ വീഡിയോ വൈറലാകുകയും ചെയ്തു.

നീറ്റ് പ്രശ്നത്തിൽ ചർച്ച അനുവദിക്കാതിരുന്നതിനെത്തുടർന്ന് രാജ്യസഭയിൽ ചെയർമാൻ ധൻകറും പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെയും നേർക്കുനേർ രംഗത്തെത്തി. ചർച്ച അനുവദിക്കാത്തതിൽ രോഷാകുലനായ ഖാർഗെ പതിവിനു വിപരീതമായി നടുത്തളത്തിലേക്കിറങ്ങി. തന്നെ കേൾക്കാനോ ചർച്ച അനുവദിക്കാനോ തയാറാകാതിരുന്നതിനാലാണ് നടുത്തളത്തിലേക്കിറങ്ങേണ്ടി വന്നതെന്ന് ഖാർഗെ വിശദീകരിച്ചു. ഭരണപക്ഷത്തെ മാത്രം നോക്കി പ്രതിപക്ഷനേതാവിനെ അവഗണിക്കുകയും അവഹേളിക്കുകയും ചെയ്യുകയാണ് ധൻകർ ചെയ്തതെന്ന് ഖാർഗെ കുറ്റപ്പെടുത്തി. തെറ്റ് ചെയർമാന്റേതാണെന്ന് ഖാർഗെ പറഞ്ഞു. ഖാർഗെയെ കാണുന്നത് തനിക്കു വേദനാജനകമാണെന്ന് ചെയർമാൻ ധൻകർ പറഞ്ഞു. പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാജ്യസഭ നിർത്തിവെച്ചു.

സഭയിലെ ബഹളത്തിൽ പങ്കെടുത്ത തൃണമൂൽ എംപിമാരായ ഡെറിക് ഒബ്രിയൻ, സാഗരിക ഘോഷ്, സാകേത് ഗോഖലെ എന്നിവരെ ചെയർമാൻ ധൻകർ വിളിച്ചുവരുത്തി മുന്നറിയിപ്പു നൽകി.

# മയക്കുമരുന്നുകൾ ഇവിടെ സുലഭം

മയക്കുമരുന്നുകളുടെ ഏറ്റവും വലിയ വിപണന കേന്ദ്രമായി മാറുകയാണ് നമ്മുടെ സംസ്ഥാനമെന്നത് ഒരു ഞെട്ടലോടെ മാത്രമേ നമുക്ക് ഓർമ്മിക്കാനാവൂ. ദൈവത്തിന്റെ സ്വന്തം നാടെന്ന് അഭിമാനത്തോടെ പറയുമ്പോഴും അക്രമങ്ങളും അനീതിയും കൊടികുത്തി വാഴുകയാണിവിടെ. അതോടൊപ്പം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മനസാക്ഷിയെ മരവിപ്പിക്കുന്ന ഞെട്ടിക്കുന്ന വാർത്തകളാണ് ഓരോ ദിവസവും പുറത്തുവരുന്നത്. യുവാക്കളും യുവതികളും മാത്രമല്ല കുട്ടികളും മയക്കുമരുന്നിന്റെ ഉപയോഗത്തിലും വ്യാപാരത്തിലും മുമ്പെന്നത്തേക്കാളുപരി സജീവമായി രംഗത്തുണ്ടെന്നത് അമ്പരപ്പുളവാക്കുന്ന കാര്യമാണ്.

അൻപത് ലക്ഷത്തിന്റെ രാസലഹരിയുമായി ട്രെയിനിൽ വാട്ടർ ഹീറ്ററിനുള്ളിൽ ഒളിപ്പിച്ചുകൊണ്ടുവന്ന ബെംഗളൂരു മുനേശ്വരനഗർ സ്വദേശി സർമീൻ അക്തർ (26) എന്ന യുവതിയും നെടുമ്പാശേരി വിമാനത്താവളത്തിൽ നിന്നും പിടിയിലായ ടാൻസാനിയ സ്വദേശികളായ വെറോണിക്ക അഡ്രേഹെം നിബുംഗുരുവും, ഒമരി അദ്‌മാനി ജോംഗോയുടേയും ശരീരത്തുനിന്നും പുറത്തെടുത്തത് 32 കോടിയിലധികം വിലവരുന്ന കൊക്കെയ്നാണ് ഏറ്റവും ഒടുവിൽ പിടികൂടിയത്. ജൂൺ രണ്ടാം വാരത്തോടെയായിരുന്നു ഇത്. ഇതിനിടയിൽ ചെറുതും വലുതുമായ ലഹരിമരുന്നുകൾ വിമാനത്താവളങ്ങളിലും മറ്റു പ്രദേശങ്ങളിലും നിന്നുമൊക്കെ പിടികൂടിയെന്നത് മറക്കാൻ കഴിയില്ല. ഡൽഹിയിൽ നിന്നും കേരള എക്സ്പ്രസ്സിലാണ് സർമീൻ അക്തർ രാസലഹരിയുമായി കേരളത്തിലേക്കെത്തിയത്. ആലുവ റെയിൽവേ സ്റ്റേഷനിൽ വച്ചാണ് ഇവർ പൊലീസിന്റെ പിടിയിലായത്. ആദ്യമായല്ല ലഹരിമരുന്നുമായി ഇവിടെയെത്തുന്നതെന്ന ഞെട്ടിപ്പക്കുന്ന വിവരങ്ങളാണ് പൊലീസിന് ഇവരിൽ നിന്നും ലഭിച്ചത്. ഈ വർഷം നടന്ന ഏറ്റവും വലിയ ലഹരി വേട്ടയായിരുന്നു ടാൻസാനിയൻ സ്വദേശികളുടേത്. കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന ലഹരിവേട്ടയിൽ നാൽപതിനായിരത്തിൽപ്പരം കേസുകളാണ് പിടിക്കപ്പെട്ടത്. എന്നാൽ പിടികൂടാതെ പോകുന്ന ലഹരിക്കടത്തുകൾ ഇതിലുമേറെയാകാം എന്നതാണ് യാഥാർത്ഥ്യം.

സിന്തറ്റിക് നാർക്കോട്ടിക് മരുന്നുകളുടെ ലഭ്യതയും ഉപയോഗവും മുൻവർഷങ്ങളെക്കാൾ ഇവിടെ ഇപ്പോൾ വളരെ കൂടുതലാണെന്നാണ് എക്സൈസും പൊലീസും അടക്കമുള്ള നാർക്കോട്ടിക് അധികാരികൾ ചൂണ്ടിക്കാട്ടുന്നത്. കഞ്ചാവ്, ഹാഷീഷ് ഓയിൽ എന്നിവയ്ക്കുപുറമേ കൃത്രിമ ലഹരിമരുന്നുകളുടെ ഉപയോഗത്തിലും വ്യാപാരത്തിലും ഏർപ്പെട്ടിരിക്കുന്ന ലോബികൾ കേരളത്തിൽ തഴച്ചുവളരുന്നതിന്റെ സൂചനയാണ് ഓരോദിവസവും വിമാനത്തിലും ട്രെയിനിലുമൊക്കെയായി വൻതോതിൽ മയക്കുമരുന്നുകൾ കേരളത്തിലേക്കെത്തുന്നത്. സ്പെയിൻ, ക്രൊയേഷ്യ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമാണ് ലഹരിമരുന്നുകൾ സംസ്ഥാനത്തേക്ക് കൂടുതലായി എത്തുന്നത്. തപാൽമാർഗ്ഗം പോലും മയക്കുമരുന്നുകൾ ഇവിടേക്കെത്തുന്നു എന്നത് ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. വളരുന്ന തലമുറയും ലഹരിക്കടിമയാകുന്നു എന്നത് വളരെ ഗൗരവമായി കാണേണ്ട കാര്യമാണ്. ഇത് അത്ര നിസ്സാരമായി കാണാനാവില്ല. വിദ്യാലയങ്ങളും കോളേജുകളുമൊക്കെ കേന്ദ്രീകരിച്ച് ഇന്ന് ലഹരിമരുന്നുകളുടെ വിപണി നടക്കുന്നു എന്നതും ആശങ്കാജനകമാണ്. ലഹരി വ്യാപനം തടയാൻ വിദ്യാലയങ്ങളിൽ ഒട്ടേറെ പദ്ധതികൾ ഉണ്ടെങ്കിലും ഇതിനെയെല്ലാം തകിടംമറിച്ചാണ് ലഹരിയുടെ ഉപയോഗവും വിതരണവും വിദ്യാർത്ഥികൾക്കിടയിൽ തകൃതിയായി നടക്കുന്നത്. പക്ഷേ ഈ സംവിധാനങ്ങളൊന്നും പ്രയോജനപ്പെടുത്താൻ ആരും തയ്യാറാകുന്നില്ലെന്നു മാത്രം.

മയക്കുമരുന്നുറാക്കറ്റുകളുടെ ചെറിയ കണ്ണികൾമാത്രമാണ് പലപ്പോഴും വലയിലാകുന്നത്. വൻസ്രാവുകൾ കാണാമറയത്താണ്. പഞ്ചാബുകഴിഞ്ഞാൽ ഏറ്റവും കൂടുതൽ മയക്കുമരുന്നുകളുടെ വ്യാപാരവും ഉപയോഗവും നടക്കുന്ന സംസ്ഥാനമായി മാറുകയാണ് നമ്മുടെ കേരളം.

വ്യക്തികളെ മാത്രമല്ല കുടുംബങ്ങളെയും സമൂഹത്തെയുമൊക്കെയാണ് ലഹരി താളംതെറ്റിക്കുന്നത്. യുവതലമുറ ലഹരിയിൽ മുങ്ങിത്തപ്പുകയാണ്. ഇത് വൻ ദുരന്തത്തിലേക്കാണ് എത്തിച്ചേരുക എന്ന തിരിച്ചറിവാണാവശ്യം. റോഡപകടങ്ങളിൽ ഏറിയപങ്കും ലഹരിയുടെ ഉപയോഗം മൂലമാണെന്നതും വിസ്മരിക്കാനാവില്ല. നമ്മുടെ കുട്ടികളിൽ മയക്കുമരുന്നിന്റെ ആസക്തി എത്രമാത്രമാണെന്ന് അദ്ധ്യാപകരോ മാതാപിതാക്കളോ അറിയുന്നില്ല എന്നത് ഖേദകരമാണ്. അവർ ഒളിപ്പിച്ചുവച്ച് പരസ്പരം കൈമാറി രസിക്കുന്ന ലഹരിവസ്തുക്കളുടെ വിപത്ത് എത്ര ഭീകരമാണെന്ന് അവർ പോലും അറിയുന്നില്ല. ആരുമത് അന്വേഷിക്കാറുമില്ല. ലഹരിവേട്ടകൾ ദിനംപ്രതി നടക്കുന്നുണ്ടെങ്കിലും അർഹമായ ശിക്ഷ ലഭിക്കുന്നില്ലെന്നതാണ് സത്യം. നമ്മുടെ ഭരണസംവിധാനം അതിന് വേണ്ടത്ര ഗൗരവം കൊടുക്കുന്നില്ല എന്നതും യാഥാർത്ഥ്യമാണ്. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ശക്തമായി പോരാടുന്ന ഒരു സംവിധാനം ഇവിടെ ഉണ്ടായില്ലെങ്കിൽ വരുംകാലം ഇതിന്റെ ഭവിഷ്യത്തുകൾ വളരെ ഭീകരമായിരിക്കും. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗവും വിതരണവും തടയുന്നതിന് കർശനമായ നടപടികളുണ്ടായാൽ ഒരു പരിധിവരെ ഇത് തടയാനാവും.

# വിസി നിയമനത്തിന് ഗവർണർ സേർച് കമ്മിറ്റി രൂപീകരിച്ചു

തിരുവനന്തപുരം: ആറ് സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനത്തിനായി ഗവർണർ സ്വന്തം നിലയ്ക്കു സേർച് കമ്മിറ്റി രൂപീകരിച്ചു. കേരള, എംജി, കെടിയു, കാർഷിക, ഫിഷറീസ്, മലയാളം സർവകലാശാലകളിലാണ് സേർച് കമ്മിറ്റി രൂപീകരിച്ചത്. കമ്മിറ്റിയിൽ യുജിസിയുടെയും ചാൻസലറുടെയും നോമിനികളെ ഉൾപ്പെടുത്തി രാജ്ഭവൻ വിജ്ഞാപനം ഇറക്കി. നോമിനികളെ നൽകാത്തതിനാൽ സർവകലാശാല പ്രതിനിധികൾ കമ്മിറ്റിയിൽ ഇല്ല. സേർച് കമ്മിറ്റി രൂപീകരിക്കുന്നതിനു ഗവർണർ പ്രതിനിധിയെ ആവശ്യപ്പെട്ടെങ്കിലും പല കാരണങ്ങൾ പറഞ്ഞ് സർവകലാശാലകൾ ഒഴിഞ്ഞു മാറുകയായിരുന്നു.

**സേർച് കമ്മിറ്റി അംഗങ്ങൾ:**

**എംജി സർവകലാശാല:** മിസോറാം സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെ.ആർ.എസ്. സാംബശിവ റാവു, കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച് ഡയറക്ടർ ഡോ. സി. ആനന്ദകൃഷ്ണൻ. **കാർഷിക സർവകലാശാല:** മുൻ പ്രഫസർ ഡോ. വി.സി. ജയമണി, ലക്നൗ സർവകലാശാല വൈസ് ചാൻസലർ പ്രഫ. അലോക് കുമാർ റായ്, ഡോ. ഹിമൻഷു പഥക്. **എപിജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാല:** ജാർഖണ്ഡ് കേന്ദ്രസർവകലാശാല വൈസ് ചാൻസലർ പ്രഫ. ക്ഷിതി ഭൂഷൻ ദാസ്, കാർഷിക സർവകലാശാല മുൻ വൈസ് ചാൻസലർ പ്രഫ. പി. രാജേന്ദ്രൻ, വിഎസ്എസ്‌സി ഡയറക്ടർ ഡോ. ഉണ്ണിക്കൃഷ്ണൻ നായർ.

**കേരള സർവകലാശാല:** കർണാടക കേന്ദ്ര സർവകലാശാല വൈസ് ചാൻസലർ പ്രഫ. ബട്ടു സത്യനാരായണ, ഐഎസ്ആർഒ ചെയർമാൻ ഡോ. എസ്. സോമനാഥ്. **ഫിഷറീസ് സർവകലാശാല:** ജമ്മു കാശ്മീർ കേന്ദ്ര സർവകലാശാല പ്രഫ. സഞ്ജീവ് ജെയ്ൻ, കൊച്ചിൻ സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. പി.കെ. അബ്ദുൽ അസീസ്, ഐഎസിഎആർ ഡപ്യൂട്ടി ജനറൽ ഡയറക്ടർ ഡോ. ജെ.കെ. ജീന. **മലയാളം സർവകലാശാല:** കേന്ദ്ര സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. ജാൻസി ജയിംസ്, കർണാടക കേന്ദ്ര യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രഫ. ബട്ടു സത്യനാരായണ.


Law Office of Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


K.O. JOSE & ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES, CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# വോട്ടെടുപ്പില്ലാതെ ഓം ബിർള ലോക്സഭാ സ്പീക്കർ

ന്യൂഡൽഹി: ബിജെപി നേതാവ് ഓം ബിർള വീണ്ടും ലോക്സഭാ സ്പീക്കർ. പതിനെട്ടാം ലോക്സഭയുടെ അധ്യക്ഷസ്ഥാനത്തേക്ക് അപൂർവമായി നടന്ന മത്സരത്തിൽ കോൺഗ്രസ് നേതാവ് കൊടിക്കുന്നിൽ സുരേഷിനെ പരാജയപ്പെടുത്തിയാണ് ഓം ബിർള വിജയിച്ചത്. ബാലറ്റ് വോട്ടെടുപ്പിന് പ്രതിപക്ഷം ആവശ്യപ്പെടാതിരുന്നതിനെത്തുടർന്ന് ശബ്ദവോട്ടോടെയായിരുന്നു തെരഞ്ഞെടുപ്പ്. തുടർന്ന് പാർലമെന്ററി കീഴ്‌വഴക്കമനുസരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി, പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, പാർലമെന്ററികാര്യമന്ത്രി കിരൺ റിജിജു എന്നിവർ ചേർന്ന് ഓം ബിർളായെ സ്പീക്കറുടെ കസേരയിലേക്ക് ആനയിച്ചു.



ലോക്സഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ഓം ബിർളായെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും ഡയസിലേക്ക് ആനയിക്കുന്നു.

നേരത്തേ, ഓം ബിർളയെ നിർദേശിച്ച് ബിജെപിയും സഖ്യകക്ഷികളും ഒരു ഡസനോളം പ്രമേയങ്ങൾ അവതരിപ്പിച്ചപ്പോൾ കൊടിക്കുന്നിലിനെ അനുകൂലിച്ച് മൂന്നു പ്രമേയങ്ങളാണുണ്ടായത്.

ഇന്ത്യയിൽ രണ്ടാം തവണ സ്പീക്കറാകുന്ന അഞ്ചാമത്തെയാളാണ് ഓം ബിർള. ആദ്യ ഡെപ്യൂട്ടി സ്പീക്കറായിരുന്ന എം.എ. അയ്യങ്കാർ 1957-ലും 1962-ലും ഡോ. ജി.എസ്. ധില്ലൻ 1969-ലും 1971-ലും മുൻ രാഷ്ട്രപതിയായിരുന്ന നീലം സഞ്ജീവ റെഡ്ഡി 1967-ലും 1977-ലും ടിഡിപി നേതാവ് ജി.എം.സി. ബാലയോഗി 1998-ലും 1999-ലും സ്പീക്കറായി രണ്ടുതവണ വീതം തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

# രാഹുൽ ഗാന്ധി പ്രതിപക്ഷ നേതാവ്

ന്യൂഡൽഹി: ഭരണഘടനയുടെ ചെറിയ പതിപ്പ് ഉയർത്തിപ്പിടിച്ച് കോൺഗ്രസ് എംപി രാഹുൽ ഗാന്ധി ലോക്സഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു. ഇംഗ്ലീഷിൽ സത്യപ്രതിജ്ഞ ചൊല്ലിയ രാഹുലിന് മുദ്രാവാക്യങ്ങളുയർത്തി സഭയിലെ പ്രതിപക്ഷ നേതാക്കളും രംഗത്തുവന്നു. 'ജോഡോ ജോഡോ ഭാരത് ജോഡോ' എന്ന മുദ്രാവാക്യമാണ് പ്രതിപക്ഷ നേതാക്കൾ സഭയിലുയർത്തിയത്. "ജയ് ഹിന്ദ്, ജയ് സംവിധാൻ" എന്നു പറഞ്ഞ് രാഹുൽ സത്യപ്രതിജ്ഞ അവസാനിപ്പിച്ചു. ഭരണഘടന സംരക്ഷിക്കുക എന്നത് ദേശസ്നേഹിയായ ഓരോ ഇന്ത്യക്കാരന്റെയും കടമയാണെന്നും ഞങ്ങൾ ഈ കടമ പൂർണമായി നിറവേറ്റുമെന്നും സത്യപ്രതിജ്ഞയ്ക്കുശേഷം രാഹുൽ സമൂഹമാധ്യമത്തിൽ കുറിച്ചു. മിക്ക പ്രതിപക്ഷ എംപിമാരും ഭരണഘടന ഉയർത്തിപ്പിടിച്ചാണു സത്യപ്രതിജ്ഞ ചൊല്ലിയത്. അമ്മ സോണിയ ഗാന്ധിയും സഹോദരി പ്രിയങ്ക ഗാന്ധിയും രാഹുലിന്റെ സത്യപ്രതിജ്ഞ കാണാൻ സന്ദർശക ഗാലറിയിലെത്തിയിരുന്നു. 2014, 2019 ലോക്സഭകളിൽ പ്രതിപക്ഷ നേതാവുണ്ടായിരുന്നില്ല. ലോക്സഭയിലെ ആകെ അംഗങ്ങളുടെ പത്തു ശതമാനം (കുറഞ്ഞത് 55 അംഗങ്ങൾ) ലഭിക്കുന്ന കക്ഷിക്കാണ് പ്രതിപക്ഷനേതാവ് സ്ഥാനം ലഭിക്കുക. കോൺഗ്രസിന് 2014-ൽ 44-ഉം 2019-ൽ 52-ഉം സീറ്റാണു ലഭിച്ചത്. ഇത്തവണ റായ്ബറേലി, വയനാട് മണ്ഡലങ്ങളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട രാഹുൽ ഗാന്ധി റായ്ബറേലി നിലനിർത്തി. അഞ്ചാം തവണയാണ് രാഹുൽ ലോക്സഭാംഗമായത്. 2004-ൽ അമേഠിയിൽനിന്ന് ആദ്യമായി ലോക്സഭാംഗമായ രാഹുൽ 2009-ലും 2014-ലും അമേഠിയിൽ വിജയം ആവർത്തിച്ചു. 2019-ൽ അമേഠിയിലും വയനാട്ടിലും മത്സരിച്ച രാഹുൽ അമേഠിയിൽ തോറ്റു.



ഭരണഘടനയുടെ പകർപ്പ് ഉയർത്തിപ്പിടിച്ച് രാഹുൽഗാന്ധി എംപിയായി സത്യപ്രതിജ്ഞ ചെയ്യുന്നു.

# കുറഞ്ഞ ചെലവിൽ ഗൾഫ് യാത്ര പ്രാപ്യമാക്കാൻ യാത്രാക്കപ്പൽ പദ്ധതി

കൊച്ചി: കുറഞ്ഞ ചെലവിൽ ഗൾഫ് യാത്രകൾ പ്രാപ്യമാക്കാൻ കേരള മാരിടൈം ബോർഡ് വിഭാവനംചെയ്ത യാത്രാക്കപ്പൽ പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി 12 കോടി അനുവദിച്ചു. ജൂൺ 26-ന് കൊച്ചിയിലെത്തിയ തുറമുഖമന്ത്രി വി.എൻ. വാസവനാണ് തുക സംബന്ധിച്ച വിവരങ്ങൾ മാധ്യമങ്ങളെ അറിയിച്ചത്.

രണ്ട് ഏജൻസികളെ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. ടിക്കറ്റ് നിരക്ക് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വിശദമായ പദ്ധതിരേഖ സമർപ്പിക്കാൻ സർക്കാർ ഇവർക്കു നിർദേശം നൽകിയിരിക്കുകയാണ്. ഇവർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാകും ഏതെങ്കിലും ഒരു ഏജൻസിക്കോ അതല്ല രണ്ട് ഏജൻസികൾക്കോ കരാർ നൽകുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുക.

കോഴിക്കോട് കേന്ദ്രമായ ജമാൽ വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് അടക്കം മൂന്നു കമ്പനികളാണു താത്പര്യം അറിയിച്ച് മുന്നോട്ടുവന്നത്. ചെന്നൈ, മുംബൈ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നതാണ് മറ്റു കമ്പനികൾ. ഇവരിൽനിന്നാണു രണ്ട് കമ്പനികളെ ഉൾപ്പെടുത്തിയത്. യാത്രാസമയം, നിരക്ക്, തുറമുഖ നവീകരണം തുടങ്ങിയതടക്കമുള്ള കാര്യങ്ങളിൽ ഏജൻസി പ്രതിനിധികളുമായി തുടർദിവസങ്ങളിൽ ചർച്ച നടത്തുമെന്ന് മാരിടൈം ബോർഡ് അധികൃതർ പറഞ്ഞു.

കുറഞ്ഞ നിരക്കിൽ യാത്ര സാധ്യമാകണമെങ്കിൽ സാധാരണ പാസഞ്ചർ ഷിപ്പുകൾ സർവീസിന് ഉപയോഗിക്കേണ്ടതായി വരുമെന്നാണു കപ്പൽ കമ്പനി പ്രതിനിധികളുടെ അഭിപ്രായം. കുറവ് യാത്രക്കാരെ വഹിക്കാൻ ശേഷിയുള്ളതാണ് കപ്പലെങ്കിൽ നിരക്കിൽ കാര്യമായ കുറവുണ്ടാകാനിടയില്ല. ആയിരത്തിനു മുകളിൽ യാത്രക്കാരെ പ്രവേശിപ്പിക്കാൻ കഴിയുന്ന ചരക്ക് സൗകര്യങ്ങൾകൂടിയുള്ള യാത്രാക്കപ്പലുകളായാൽ ലാഭകരമായ നിലയിൽ സർവീസ് നടത്താനാകുമെന്നും കപ്പൽ കമ്പനി പ്രതിനിധികൾ അഭിപ്രായപ്പെട്ടു. കൊച്ചി ഉൾപ്പെടെ അഞ്ച് തുറമുഖങ്ങളാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ കൊച്ചിയിൽ മാത്രമാണ് ഏഴു മുതൽ ഒമ്പത് മീറ്റർ വരെ ആഴമുള്ള ക്രൂയിസ് കപ്പലുകൾക്കു പ്രവേശിക്കാൻ സൗകര്യമുള്ളത്.

ചെറിയ തുറമുഖങ്ങളിൽ പ്രവേശിക്കാനാകാത്ത വലിയ കപ്പലുകൾ പുറംകടലിൽ നങ്കൂരമിട്ട് ഇവിടേക്ക് യാത്രക്കാരെ ബോട്ടുകളിൽ എത്തിക്കുകയെന്ന അഭിപ്രായവുമുണ്ട്. ലക്ഷദ്വീപ് ഉൾപ്പെടെയുള്ള ചെറിയ തുറമുഖങ്ങളിൽ ഇത്തരത്തിലാണ് യാത്രക്കാരെ കൊണ്ടുപോകുന്നത്. ഇത്തരം കാര്യങ്ങളിലും താത്പര്യം അറിയിച്ചെത്തിയ ഏജൻസികളുടെ അഭിപ്രായം തേടും.

# ഇന്ത്യയുടെ മുൻ വിദേശകാര്യ സെക്രട്ടറി മുച്കുന്ദ് ദുബെ അന്തരിച്ചു

ന്യൂഡൽഹി: ലോകരാഷ്ട്രീയവും ഇന്ത്യൻ രാഷ്ട്രീയവും അതിസങ്കീർണമായ കാലത്ത് രാജ്യത്തിന്റെ നയതന്ത്രം വിജയകരമായി കൈകാര്യം ചെയ്ത ഇന്ത്യയുടെ മുൻ വിദേശകാര്യ സെക്രട്ടറി മുച്കുന്ദ് ദുബെ (90) അന്തരിച്ചു. ഹൃദ്രോഗത്തെത്തുടർന്ന് ഏതാനും ദിവസങ്ങളായി ചികിത്സയിലായിരുന്ന അദ്ദേഹത്തിന്റെ അന്ത്യം ഡൽഹിയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു. 1933-ൽ അവിഭക്ത ബിഹാറിൽ ജനിച്ച ദുബെ സാമ്പത്തികശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയശേഷം ഓക്സ്ഫഡ്, ന്യൂയോർക്ക് യൂണിവേഴ്സിറ്റികളിൽ ഉപരിപഠനം നടത്തി. ഇന്ത്യൻ ഹൈക്കമ്മീഷണറായി ബംഗ്ലദേശിലും യുഎന്നിന്റെ സ്ഥിരം പ്രതിനിധിയായി ജനീവയിലും സേവനമനുഷ്ഠിച്ചു. 1990-ൽ ഇന്ത്യൻ വിദേശകാര്യ സെക്രട്ടറിയായ അദ്ദേഹം യുനെസ്കോ എക്സിക്യൂട്ടീവ് ബോർഡ് അംഗം, ബിഹാറിലെ കോമൺ സ്കൂൾ സിസ്റ്റം കമ്മീഷൻ ചെയർമാൻ, സിക്കിമിലെ പ്ലാനിങ് കമ്മീഷൻ ഡപ്യൂട്ടി ചെയർമാൻ തുടങ്ങിയ തസ്തികകളിലും സേവനമനുഷ്ഠിച്ചു. വിരമിച്ചശേഷം ജെഎൻയുവിൽ പ്രഫസറായി ചേർന്ന അദ്ദേഹം എട്ട് വർഷം അവിടെ തുടർന്നു. തുടർന്ന് ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന കൗൺസിൽ ഫോർ സോഷ്യൽ ഡവലപ്മെന്റ് (സിഎസ്ഡി) എന്ന സ്ഥാപനത്തിന്റെ പ്രസിഡണ്ടായി 20 വർഷം പ്രവർത്തിച്ചു. 'ഇന്ത്യാസ് ഫോറിൻ പോളിസി: കോപിങ് വിത്ത് ദ് ചെയ്ഞ്ചിങ് വേൾഡ്' ഉൾപ്പെടെ ശ്രദ്ധേയമായ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഭാര്യയും രണ്ട് പെൺമക്കളുമുണ്ട്.









# Lakeshore Premier Serviced Villa

Kannankara P.O, Thanneermukkom, Pin : 688527. Kerala, India.
Government of Kerala Tourism Department approved serviced Villa

For booking: http://airbnb.com/h/lakeshoreservicedvilla
http://www.vrbo.com/4019217

**www.LakeshoreServicedVilla.com**
With profound happiness and gratitude,
Philip Karukaparampil (650)759-7799

# Grand Opening August 1st, 2024

## LAKESHORE PREMIER SERVICED VILLA MENU

**BREAKFAST**
We provide free drinking water, boiled and then chilled available 24/7 on site.
Coffee and Tea with organic milk and sugar available.

**COMPLIMENTARY BREAKFAST** (7AM-8:30AM) *Items may vary every day*
**South Indian Dishes**
- Idli and dosa with sambar and chutney
- Puttu with kadala curry (garbanzo beans- varieties)

**North Indian Items**
- Chapathi and veg. curry

**PREMIER BREAKFAST** (8:30AM-10:30AM)
- Idli, dosa, plain rava dosa, masala dosa, ghee roast- all items comes with sambar and chutney
- Appam, Puttu, Onion Uthappam- varieties, Idiappam covered with soft banana leaf
- Chapathi, Poori, Porotta, nool poratta: veg. Curry, kadala curry (garbanzo beans- varieties), Egg Roast, Egg Curry, Veg. Kuruma
- Variety Cereal and organic milk, toasted bread, Eggs cooked any style, sausage and bacon. Pancake with organic honey, butter, hot milk with horlicks, yogourt, boost and hot chocolate available upon request. Freshly squeezed juices upon request - orange, carrot, apple and pineapple.

**SOUP**
- Hot and Sour Vegetable Soup
- Sweet Corn Veggie Soup
- Hot and Sour Chicken Soup
- Traditional Rice Soup (Kanji) varieties:
- comes with complimentary thairu
- mulaku always available.
- Sambar & Green Mong (Cheru payar) with Pappadam.
- Mushroom Spinach Soup
- Chicken Mushroom Soup
- Squeezed salted Uppilitta mango.
- Dried Shrimp smashed with chillies, shallots (cheria ulli) with grated coconut chathachathu on Arakallum pilla.

**SALAD**
- Organic Garden fresh Salad with dressing
- Onion Cucumber Salad
- Chicken Hawaiian Salad
- Seafood Shrimp Salad
- Raw Mango Salad
- Tuna Salad (Tuna Fish, Tomato, Olive Onion)
- Cesar Salad
- Potato Salad

**SNACKS**
- Chicken and Veggie Cutlet
- Chicken Nuggets
- Samosa Veg and Chicken
- Dal Vada
- Neyyappam
- Bonda
- Cut Cake
- Pappada Boli
- Parippu Vada
- Sugyian (mong dal + brown sugar + little cadmium)
- Pazham Pori (Sliced Banana Fried in coconut oil)
- Oulose Ounda, Cheepappam, Achappam
- Banana Chips and Tapioca Chips available

**ENTREES / MAIN COURSE** (12pm-3pm , 7pm-11pm)

**APPETIZER** (STARTER)
- Chicken Spring Rolls (egg rolls)
- Veggie Spring Rolls (egg rolls)
- Prawns Tempura
- Fried Kozuva (very tiny fish from Vembanad lake)
- Calamari
- Chicken 65
- Travancore Cutlet - Veggie or Chicken
- Parippu vada
- Paneer Pepper Fry
- Gobi 65
- Samosa - Veggie or Chicken

**ORGANIC RICE**
We are using Kerala Palakadan Organic Rice, parboiled type (kuthari) Serving Daily.
- Kerala style veg. lunch: with sambar avail, thoren, pulissery, rasam, achar, pappadam, mooru (yogurt mixed with salt , green chillies, ginger, curry leaf and shallots etc), and payasam.
- South Indian vegetable stew
- Cauliflower Curry Varutharchu: Kairali Style
- Pidi (Kottayam Style) and Chicken curry: Available upon request.
- Achar: Kannankara style: shrimp (chemmen) achar, gooseberry achar (regular and black) Mango achar (hot and mild)

**NORTH INDIAN MENU**
- Kuruma, dal fry, roast, vegetable stew, chilli gobi, dal makhini, gobi manchurian, kadai veg., Alugobi Masala, Paneer Butter Masala, Ginger Gobi, Garlic Gobi, Mushroom Masala, Chilli Mushroom, Garlic Mushroom, Ginger Mushroom, Mushroom Manjurian, Safroni paneer tikka -cooked and served in a clay pot served with mint chutney
- Hara Bara Kebab: cooked and served in a clay pot, served with mint chutney
- Tangiri Kebab

**AUTHENTIC KERALA STYLE**
- Mampazha Pulicherry, Uppu Mango Curry, Nadan mushroom ulath curry, kurka thoran, Green Jackfruit (pacha chakka), Kadaplavu Chaka, Nadan Tapioca -variety dishes available, Cheempu, Kaachil, Kizhangu (all above items available upon request). Jackfruit Seed (Chakkakuru and green mango curry). ** Available upon request **

**BEST FROM VEMBANAD LAKE**
- Karimeen
- Kannankara style roast (pollichathu): roasted and wrapped with soft banana leaf.
- Fried with specialty Travancore style masala served on banana leaf
- Amachi Curry cooked and served in clay pot
- Canampu Fish (Seasonal)
- Kannankara style fried and Amachie Curry cooked and served in clay pot
- Aagoli / Vatta (Pompano)
- Kannankara style fried, roast, curry and served in a clay pot.
- Kalanji: Kottayam style roast, fried and served on a banana leaf.
- Shrimp - Different variety available starting from small shrimp (thelli chemeen) up to big size - fried, roast and Ammachi Curry with green mango!
- Grilled Prawns (Koona Chemmen)- roasted and served on banana leaf, with rice. Koona Chemmen with kudampuli cooked and served in a clay plot.
- Lobster (Konju): Roasted and served on a banana leaf, Kannankara style curry cooked and served in a clay pot. (Only Upon Request)
- Crab (Njandu) Alleppey njandu roast served on a banana leaf. (Only Upon Request)
- Baby Clams: (Kakka errachi, Kannankara style) Kakka erachi Ulathiyathu available upon request.
- Fish Moilee: (upon request)
- Naymeen: Fried, roast, Kannankara Mappas

**FRESH FROM ARABIAN SEA**
- Sardine (Mathi): Fried, roast, or curry with green mango cooked and served in a clay plot. (Only upon request)
- Mackerel (Ayla): Fried, roasted or traditional curry with green mango cooked and served in a clay pot. (Only upon request)
- Shark: Multiple variety curries available upon request.

**BIRIYANI TYPES**
- Vegetable
- Kappa
- Chicken
- Muttan
- Beef Kappa
- Prawns (Kairali style)

**SPECIALITY MEAT**
- Buffalo (pothu) - Travancore style Ulathiyathu and Amachi Curry (mulaku charu) cooked and served in clay pot (Only Upon Request)
- Rabbit (muyal) - Roast, fried and Travancore style curry cooked and served in clay pot (Only Upon Request)
- Koda Chicken - Roast, fried and Kannankara style curry cooked and served in clay pot (Only Upon Request)
- Mutton: Liver and Brain Roast and Kottayam style curry cooked and served in clay pot (Only Upon Request)

**AMERICAN MENU / SANDWICHES**
- Buffalo chicken wrap comes with french fries
- Lamb Burger with french fries
- New York Steak with french fries
- Grilled Chicken Sandwich with french fries
- Classic Beef Burger with french fries
- Philly Steak Sandwich- steak, onions, green peppers, mushrooms and mozzarella cheese

**ITALIAN MENU**
- Pasta Alfredo: Parmesan cheese with chicken & mushroom, garlic, oil and basil
- Chicken Parmigiana (Parmesan): Lightly breaded chicken breast baked in tomato sauce with mozzarella cheese
- Chicken Marsala: Sauteed in Marsala wine with mushrooms
- Eggplant Parmigiana: Lightly breaded eggplant slices baked in tomato sauce with mozzarella cheese

**DESSERT**
- Milkshake: Variety available
- Ice Cream: Variety Available
- Fruit Salad with ice cream
- Assorted Fruit Sampler: Mango, Pineapple, Banana, Young Coconut
- Halwa: Kozhikodan and Kottayam Style
- Payasam: Adapradhaman and different variety.
- Chopped Dates with Cashew nuts and variety ice cream
- Kannankara special: Very young coconut dessert and chotta desert available upon request

**BEST FROM KERALA BACKWATERS**
- Catfish (Mozhey) roast, fry and Ammachi Curry available upon request
- Kari Fish: Fried, roast, or traditional curry with green mango cooked and served in a clay plot. **Available upon request**
- Varal Fish (snakehead fish)- roast, fry and Ammachi Curry available upon request.

**JACKFRUIT AND MANGOS ARE SEASONAL FRUITS**
- Morashu, Poolan, Pallathy and Podimeen will be available upon request
- Jackfruit seed (chakka kuru) plus green mango- Amachi Curry!!! Don't miss it! Prawns (koona chemmen) with kudampuli cooked and served in clay pot.

## പെൻ പിന്റർ പ്രൈസ് പുരസ്കാരം അരുന്ധതി റോയിക്ക്

ന്യൂഡൽഹി: എഴുത്തുകാരി അരുന്ധതി റോയിക്ക് പെൻ പിന്റർ പ്രൈസ് പുരസ്കാരം. പരിസ്ഥിതികർച്ച മുതൽ മനുഷ്യാവകാശ ലംഘനങ്ങൾ വരെയുള്ള വിഷയങ്ങളിൽ അരുന്ധതി റോയി നടത്തിയ വ്യാഖ്യാനങ്ങളെ പ്രശംസിച്ചുകൊണ്ടാണ് പുരസ്കാര നിർണയസമിതി അവാർഡ് പ്രഖ്യാപിച്ചത്.



"ലോകം സ്വീകരിക്കുന്ന അഗ്രാഹ്യമായ വഴിത്തിരിവിനെക്കുറിച്ച് എഴുതാൻ ഹരോൾഡ് പിന്റർ ഇന്ന് നമ്മളോടൊപ്പം ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ അഭാവം എഴുത്തുകളിലൂടെ നികത്താൻ നമ്മളിൽ ചിലരെങ്കിലും കഴിവിന്റെ പരമാവധി ശ്രമിക്കണം"- അരുന്ധതി റോയി പറഞ്ഞു. അരുന്ധതി റോയിയെ അവാർഡിന് ഐകകണ്ഠ്യേനയാണു തെരഞ്ഞെടുത്തതെന്നും ഇത് സാഹിത്യത്തിനുള്ള അവരുടെ സമാനതകളില്ലാത്ത സംഭാവനകളുടെ തെളിവാണെന്നും ജൂറി അംഗവും എഴുത്തുകാരനും സംഗീതജ്ഞനുമായ റോജർ റോബിൻസൺ പറഞ്ഞു.

നാടകകൃത്തും നൊബേൽ ജേതാവുമായ ഹാരോൾഡ് പിന്ററിന്റെ സ്മരണാർഥം ഏർപ്പെടുത്തിയതാണ് പെൻ പിന്റർ പുരസ്കാരം. ഇംഗ്ലീഷ് പെൻ അധ്യക്ഷൻ റൂത്ത് ബോർത്വിക്, നടൻ ഖാലിദ് അബ്ദുല്ല എന്നിവരായിരുന്നു മറ്റ് പുരസ്കാര നിർണയസമിതി അംഗങ്ങൾ. ഒക്ടോബർ 10-ന് ബ്രിട്ടീഷ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ചടങ്ങിൽ അരുന്ധതി റോയിക്ക് പുരസ്കാരം സമ്മാനിക്കും.

## കഴിഞ്ഞ ലോക്സഭയിൽ സസ്പെൻഡ് ചെയ്യപ്പെട്ട 58 പേർ പുതിയ സഭയിൽ

ന്യൂഡൽഹി: കഴിഞ്ഞ ലോക്സഭയുടെ അവസാന ശീതകാലസമ്മേളനത്തിൽ സ്പീക്കർ ഓം ബിർളയുടെ കൂട്ട സസ്പെൻഷനു വിധേയരായ നൂറ് എംപിമാരിൽ 58 പേരും പുതിയ ലോക്സഭയിൽ. അന്ന് പ്രതിപക്ഷത്തിരുന്ന് സസ്പെൻഷൻ വാങ്ങിയ മൂന്നുപേർ മന്ത്രിസഭയിൽ അംഗങ്ങളുമായി. രാജ്യസഭയിൽ നിന്ന് സസ്പെൻഷൻ ലഭിച്ച ഒരു ജെഡിയു അംഗവും മന്ത്രിസഭയിലെത്തി. സസ്പെൻഡ് ചെയ്യപ്പെട്ടവരിൽ ഒരാൾ ജെഡിയുവിന്റെ കാബിനറ്റ്മന്ത്രി. മറ്റു രണ്ടുപേർ കോൺഗ്രസ് വിട്ട് ബിജെപിയിൽ ചേർന്നവരും.

ലോക്സഭയിൽ നിന്ന് നൂറും രാജ്യസഭയിൽ നിന്ന് 46-ഉം അംഗങ്ങളെയാണ് കഴിഞ്ഞ ശീതകാല സമ്മേളനത്തിൽ പാർലമെന്റിൽ നിന്ന് സസ്പെൻഡ് ചെയ്തത്. സസ്പെൻഷനിലായവരിൽ 22 പേർ ഇക്കുറി ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിച്ചില്ല. ടി.എൻ. പ്രതാപനും ഇതിലുൾപ്പെടും. സസ്പെൻഷൻ നേരിട്ട ഡിഎംകെയിലെ എംപിയായിരുന്ന എ. ഗണേശ് മൂർത്തി അന്തരിച്ചു. പാർലമെന്റിനകത്തേക്ക് യുവാക്കൾ അതിക്രമിച്ചു കയറിയതിലെ സുരക്ഷാവീഴ്ച ഉന്നയിച്ചു നടന്ന പ്രതിപക്ഷ ബഹളത്തെ തുടർന്നായിരുന്നു നടപടി.

കളംമാറി മന്ത്രിമാരായവരിൽ പ്രമുഖൻ ജെ.ഡി.യു നേതാവായ രാജീവ് രഞ്ജൻ സിങ് എന്ന ലലൻ സിങ് ആണ്. ഡിസംബറിൽ ഇന്ത്യാ സഖ്യത്തിലായിരുന്ന ജെഡിയു പിന്നീട് എൻഡിഎ പാളയത്തിലെത്തി. ബിഹാറിൽ വീണ്ടും ജയിച്ച ലലൻ സിങ് ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീരവികസന മന്ത്രിയാണിപ്പോൾ. ലുധിയാനയിൽ നിന്നുള്ള കോൺഗ്രസ് എംപിയായിരുന്ന രവനീത് സിങ് ബിട്ടു, സിങ്ഭൂമിൽ നിന്നുള്ള കോൺഗ്രസ് എംപിയായിരുന്ന ഗീത കോഡ എന്നിവരാണ് ബിജെപിയിലെത്തി മന്ത്രിമാരായത്. ഇരുവരും ബിജെപി ടിക്കറ്റിൽ മത്സരിച്ച് പരാജയപ്പെട്ടെങ്കിലും ഇവരെ മന്ത്രിമാരാക്കിയത് ഇപ്പോഴത്തെ രാഷ്ട്രീയസാഹചര്യം കണക്കിലെടുത്താണ്.

രാജ്യസഭയിൽനിന്ന് സസ്പെൻഷനിലായ രാംനാഥ് ഠാക്കൂറാണ് മന്ത്രിസഭയിലെ മറ്റൊരു ജെഡിയു നേതാവ്. അന്തരിച്ച ബീഹാർ മുൻമുഖ്യമന്ത്രി കർപ്പൂരി ഠാക്കൂറിന്റെ മകനാണ് രാംനാഥ്.

## വിദേശ വിദ്യാർത്ഥികളുടെ തിരക്ക് എംജിയിൽ

കോട്ടയം: വിദേശ സർവകലാശാലകളിലേക്ക് കേരളത്തിൽ നിന്ന് പ്രതിവർഷം ആയിരക്കണക്കിന് വിദ്യാർത്ഥികൾ പോകുമ്പോൾ എംജി സർവകലാശാലയിലേക്ക് 885 വിദേശവിദ്യാർത്ഥികളാണ് ഇത്തവണ അപേക്ഷിച്ചിരിക്കുന്നത്. സർവകലാശാലാ കാമ്പസിലും ഇതര കോളജുകളിലുമായി 58 രാജ്യങ്ങളിൽ നിന്നാണ് ഇത്രയും അപേക്ഷകർ. കഴിഞ്ഞവർഷം 571 പേരാണ് അപേക്ഷിച്ചത്.

ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസിന്റെ (ഐസിസിആർ) സ്കോളർഷിപ്പോടെ പിഎച്ച്.ഡി, പിജി, ബിരുദ കോഴ്സുകൾ പഠിക്കാനാണ് വിദ്യാർത്ഥികൾ എത്തുന്നത്. പിഎച്ച്.ഡി 187, പിജി 406, ഡിഗ്രി 292 എന്നിങ്ങനെയാണ് അപേക്ഷകരുടെ എണ്ണം. ഏറ്റവും കൂടുതൽ അപേക്ഷകരുള്ളത് എംബിഎ കോഴ്സിനാണ്- 70 പേർ.

ആഫ്രിക്കൻ രാജ്യമായ കെനിയയിൽ നിന്നാണ് ഏറ്റവും കൂടുതൽ അപേക്ഷകർ-79. ആഫ്രിക്കയിലെ തന്നെ സുഡാനിൽ നിന്ന് 77 പേരുണ്ട്.

അയൽരാജ്യങ്ങളായ ബംഗ്ലാദേശ്, ശ്രീലങ്ക, ചൈന, ഭൂട്ടാൻ, നേപ്പാൾ, ഗൾഫ് രാജ്യങ്ങൾ എന്നിവയ്ക്കു പുറമെ ഇറാഖ്, വിയറ്റ്നാം, പോർച്ചുഗൽ, യുകെ എന്നിവിടങ്ങളിൽ നിന്നെല്ലാം വിദ്യാർത്ഥികൾ അപേക്ഷിച്ചിട്ടുണ്ട്.

## മാർപാപ്പയുടെ ക്രിക്കറ്റ് ടീമിൽ എല്ലാവരും മലയാളികൾ

കൊച്ചി: വത്തിക്കാന്റെ ഔദ്യോഗിക ക്രിക്കറ്റ് ടീമായ സെയ്ന്റ് പീറ്റേഴ്സ് ക്ലബ് സമ്പൂർണ മലയാളി ടീമായി. ഈ അന്താരാഷ്ട്ര ടീമിൽ ആദ്യം ഇടം നേടിയത് അഞ്ച് മലയാളികളായിരുന്നു. ഇപ്പോൾ വൈദികരും വൈദിക വിദ്യാർത്ഥികളുമടങ്ങുന്ന ടീമിൽ മുഴുവനും മലയാളികളാണ്. ജൂലായ് അഞ്ചു സെ. പീറ്റേഴ്സ് ബസിലിക്കയിലെത്തി ടീമംഗങ്ങൾ ഫ്രാൻസിസ് പാപ്പയെ കണ്ട് അനുഗ്രഹം വാങ്ങിയിരുന്നു.

ചങ്ങനാശേരി സ്വദേശി ഫാ. ജോസ് ഈറ്റോലിൽ ആണ് ക്യാപ്റ്റൻ. ഫാ. നെൽസൺ പുത്തൻപറമ്പിൽ (കണ്ണൂർ), ഫാ. ജോസ് റീച്ചൂസ് (തിരുവനന്തപുരം), ഫാ. പ്രിൻസ് അഗസ്റ്റിൻ ബ്രദർ ജെയ്സ് ജെയ്മി (കോതമംഗലം), ബ്രദർ അജയ് പൂവൻപുഴ (കണ്ണൂർ) എന്നിവരാണ് ടീമംഗങ്ങൾ. പത്തു വർഷത്തിനിടെ ഇതാദ്യമായാണ് വത്തിക്കാൻ ടീമിൽ സമഗ്ര മലയാളി ആധിപത്യമുള്ള ക്രിക്കറ്റ് ടീം ഉണ്ടാകുന്നത്.

റോമിലെ റെജീന അപ്പൊസ്തൊ



വത്തിക്കാൻ സിറ്റിയിലെ സെയ്ന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ഫ്രാൻസിസ് മാർപാപ്പയോടൊപ്പം സെയ്ന്റ് പീറ്റേഴ്സ് ക്രിക്കറ്റ് ക്ലബിലെ അംഗങ്ങൾ. ഓസ്ട്രേലിയക്കാരനായ കോച്ച് ഡെയ്ൻ കിർബി സമീപം.

വരെ ഇവിടെ വിവിധ ടീമുകളുമായി മത്സരിക്കും. 'വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കുള്ള യാത്ര' എന്ന പേരിൽ നടത്തുന്ന മത്സര പരമ്പരയുടെ 10-ാം പതിപ്പിലാണ് വത്തിക്കാൻ ടീം പാഡുകെട്ടുന്നത്. വത്തിക്കാൻ സിറ്റിയിലെ (കോട്ടയം), ഫാ. അബിൻ മാത്യു (പാല), ഫാ. ജോജി കാവുങ്കൽ (ചാലക്കുടി), ഫാ. സാന്റോ തോമസ് (കണ്ണൂർ), ഫാ. പോൾസൺ കൊച്ചുതറ (കൊച്ചി), ഫാ. എബിൻ ഇല്ലിക്കൽ (തൃശൂർ), ബ്രദർ എബിൻ ജോസ് (ഇടുക്കി), ലോരും യൂണിവേഴ്സിറ്റിയിലെ പ്രഫസർ റവ. ഡോ. എമൊൻ ഒ ഹിഗിൻസ് (അയർലൻഡ്) ടീമിന്റെ മാനേജരും ഓസ്ട്രേലിയൻ മുൻ ക്രിക്കറ്റ് താരം ഡെയ്ൻ കോച്ചുമാണ്. ക്രിക്കറ്റ് പിച്ചിനപ്പുറം ലണ്ടനിലെ വെസ്റ്റ്മിൻസ്റ്റർ ആബിയിലേക്കും വിൻഡ്സർ കൊട്ടാരത്തിലേക്കും ടീമിനെ ചാൾസ് രാജകുമാരൻ ക്ഷണിച്ചിട്ടുണ്ട്.

വത്തിക്കാനിലെ ഓസ്ട്രേലിയൻ സ്ഥാനപതി ജോൺ മക്കാർത്തിയുടെ ആശയപ്രകാരം 2013-ലാണ് സെന്റ് പീറ്റേഴ്സ് ക്രിക്കറ്റ് ക്ലബ്ബ് രൂപീകരിച്ചത്. അതിനു മുമ്പുതന്നെ വത്തിക്കാൻ ക്രിക്കറ്റ് ടീം സജ്ജമാകുകയും 2008 സെപ്റ്റംബർ 13-ന് നെതർലാൻഡ്സ് ക്ലബിനെതിരെ ആദ്യ രാജ്യാന്തര മത്സരത്തിൽ പങ്കെടുക്കുകയും ചെയ്തിരുന്നു.

വിശ്വാസത്തിന്റെ വെളിച്ചം എന്ന പേരിലാണ് വത്തിക്കാൻ ക്രിക്കറ്റ് ടീമിന്റെ രാജ്യാന്തര പര്യടനം. വെറും മത്സരത്തിനുപരി പരസ്പര ബഹുമാനം, മൂല്യങ്ങളുടെ പങ്കിടൽ, സുവിശേഷത്തിന്റെ ആനന്ദം പങ്കിടൽ എന്നിവയാണു പര്യടനത്തിന്റെ ലക്ഷ്യമെന്ന് ക്ലബ്ബ് അധികൃതർ പറഞ്ഞു. ഈ ലക്ഷ്യങ്ങളോടെ കഴിഞ്ഞ ഒമ്പത് വർഷം വിവിധ രാജ്യങ്ങളിൽ പര്യടനം നടത്തിയതായും ഈ വർഷത്തെ ഇംഗ്ലണ്ട് പര്യടനവും ഈ ലക്ഷ്യം നിറവേറ്റാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും അധികൃതർ അറിയിച്ചു.







BIJU JAMES
Mortgage Loan Originator
NMLS# 2023450
bijujamescitywide@gmail.com
(847) 471 4423
- Pre Approvals in minutes !!!
- Low Down Payments for Qualified Customers

Illinois Residential Mortgage Licensee

Citywide Mortgage of America Corp.
Officee: (773) 202-2600, Fax: (773) 202 2605
NMLS (Office)# 255253
Visit: www.citywidema.com
4323 W Irving Park 1B, Chicago, Illinois 60641

വഴിത്താരകൾ
കേരളാ എക്സ്പ്രസ് KERALA EXPRESS
കേരളാ എക്സ്പ്രസ്സിന്റെ പുതിയ പംക്തി
നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം
ഇനി ലോകം നിങ്ങളെ അറിയട്ടെ
ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ
വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# മെറ്റ എഐ സേവനം ഇന്ത്യയിലും

ന്യൂഡൽഹി: ഏറ്റവും പുതിയ നിർമിതബുദ്ധി ചാറ്റ്ബോട്ടായ മെറ്റ എഐ അസിസ്റ്റന്റ് ഇന്ത്യക്ക് പരിചയപ്പെടുത്തി മെറ്റ. വാട്ട്സ്ആപ്പ്, ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, മെസഞ്ചർ തുടങ്ങി നിരവധി ആപ്ലിക്കേഷനുകളിൽ ഉപയോഗിക്കാവുന്ന തരത്തിലാണ് മെറ്റ ഇതിനെ രൂപപ്പെടുത്തിയിരിക്കുന്നത്. meta.ai എന്ന യുആർഎൽ വഴി എഐ ചാറ്റ്ബോട്ട് നേരിട്ട് ഉപയോഗിക്കാനും സാധിക്കും. രണ്ടു മാസം മുമ്പാണ് മെറ്റ എഐ പുറത്തിറങ്ങിയത്. ആദ്യഘട്ടത്തിൽ ന്യൂസിലൻഡ്, കാനഡ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തിയിരുന്ന ഇതിന്റെ സേവനം ഇപ്പോൾ ഇന്ത്യയിലും ലഭ്യമാണ്.




ആപ്ലിക്കേഷനുകളുടെ അപ്ഡേറ്റഡ് ആയ വേർഷനുകളിൽ എല്ലാം നിലവിൽ മെറ്റ എഐ ലഭ്യമാണ്. ഓരോ പ്ലാറ്റ്ഫോമിലേക്കും പ്രത്യേകമായാണ് മെറ്റ എഐ സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്. മെറ്റ പ്ലാറ്റ്ഫോംസിന്റെ പുതിയ ലാർജ് ലാംഗ്വേജ് മോഡലായ ലാമ-3 അടിസ്ഥാനമാക്കിയുള്ളതാണ് ഇത്.

ചിത്രങ്ങൾ നിർമിക്കാനും വാട്സ്ആപ്പ് സ്റ്റിക്കറുകളുണ്ടാക്കാനും ചിത്രങ്ങളിൽ മാറ്റങ്ങൾ വരുത്താനും മെറ്റ എഐ ഉപയോഗിക്കാമെന്ന പ്രത്യേകതയുമുണ്ട്. കൃത്യതയോടെ ഇ-മെയിലുകൾ നിർമിക്കുന്നത് മുതൽ പാചകക്കുറിപ്പുകൾ തയാറാക്കാൻ വരെ ഈ നിർമിതബുദ്ധി ചാറ്റ്ബോട്ടിനു കഴിയും. കൂടാതെ സങ്കീർണമായ ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നീണ്ട ഖണ്ഡികകളുടെ സംഗ്രഹം തയാറാക്കുന്നതിനും ഇതിനെ ഉപയോഗിക്കാവുന്നതാണ്.

എന്നാൽ ആപ്പിൾ ഉപകരണങ്ങളിൽ മെറ്റ എഐ അനുവദിച്ചേക്കില്ലെന്നാണ് റിപ്പോർട്ടുകൾ. മെറ്റ സേവനങ്ങൾ സ്വകാര്യത സൂക്ഷിക്കുന്നതിൽ വരുത്തുന്ന വീഴ്ചയാണ് ആപ്പിളിനെ ആശയക്കുഴപ്പത്തിലാക്കുന്നത്. മെറ്റ പ്ലാറ്റ്ഫോംസിന്റെ ജനറേറ്റീവ് എഐ ആപ്പിളിന്റെ വിശ്വസനീയത തകർത്തേക്കുമെന്ന ഭയമാണ് ആപ്പിളിനെ പിന്തിരിപ്പിക്കുന്നത്.

## ബഹിരാകാശനിലയം സ്പെയ്സ് എക്സ് പൊളിക്കും

വാഷിങ്ടൺ: കാലാവധി കഴിയാറായ അന്താരാഷ്ട്ര ബഹിരാകാശനിലയം (ഐഎസ്എസ്) നാസ പൊളിക്കുന്നു. ബഹിരാകാശത്ത് മനുഷ്യനുണ്ടാക്കിയ ഏറ്റവും വലിയ നിർമിതിയായ ഐഎസ്എസ് പൊളിക്കാനുള്ള കരാർ ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള സ്വകാര്യ ബഹിരാകാശ കമ്പനിയായ സ്പെയ്സ് എക്സിന് നാസ നൽകി. 2030-ഓടെ പ്രവർത്തനം നിർത്തുന്ന നിലയത്തെ സുരക്ഷിതമായി ഭ്രമണപഥത്തിൽനിന്ന് മാറ്റാനും ഭൂമിയിലേക്ക് തിരികെ ഇടിച്ചിറക്കാനുമുള്ളതാണ് 84.3 കോടി ഡോളറിന്റെ (ഏകദേശം 7035 കോടി രൂപ) കരാർ. ജൂൺ 19-നാണ് നാസ ഇക്കാര്യം പ്രഖ്യാപിച്ചത്. നിലയത്തെ ഭ്രമണപഥത്തിൽനിന്ന് നീക്കം ചെയ്യുന്നതിനായി സ്പെയ്സ് എക്സ് ബഹിരാകാശവാഹനം വികസിപ്പിക്കും. വാഹനത്തിന്റെ നിയന്ത്രണവും ഉടമസ്ഥാവകാശവും നാസയ്ക്കായിരിക്കും. അടുത്ത ദശകത്തിന്റെ ആദ്യത്തോടെ നിലയത്തെ ശാന്തസമുദ്രത്തിലെ നെമോ പോയിന്റിൽ ഇറക്കാനാണ് നാസയുടെ പദ്ധതി. ഇടയ്ക്ക് ചോർച്ചകളുണ്ടായതൊഴിച്ചാൽ നിലയത്തിന് കാര്യമായ പ്രശ്നങ്ങളില്ല. എങ്കിലും കാലക്രമേണ പഴക്കംമൂലം ഭൂമിയിൽ പതിക്കാനിടയുണ്ടെന്നതിനാൽ ഡീഓർബിറ്റിങ്ങെന്ന ആസൂത്രിതമായ തിരിച്ചിറക്കം അനിവാര്യമാണെന്ന് നാസയുടെ ബഹിരാകാശ ദൗത്യങ്ങളുടെ ഡയറക്ടർ കെൻ ബൊവെർസോക്സ് പറഞ്ഞു.

### നീറ്റ്: ഡൽഹിയിൽ പ്രതിഷേധം

# ലാത്തിയടിയിൽ രാഹുൽ മാങ്കൂട്ടത്തിലിന് പരിക്ക്

ന്യൂഡൽഹി: നീറ്റ് യുജി പരീക്ഷയിലെ ക്രമക്കേടിനും അഗ്നിവീർ പദ്ധതിക്കുമെതിരെ ഡൽഹിയിൽ യൂത്ത് കോൺഗ്രസിന്റെ വൻ പ്രതിഷേധം. പോലീസ് ലാത്തിച്ചാർജിൽ യൂത്ത് കോൺഗ്രസ് സംസ്ഥാന അദ്ധ്യക്ഷൻ രാഹുൽ മാങ്കൂട്ടം, ജന. സെക്രട്ടറി ജിൻഷാദ് ജിന്നാസ് തുടങ്ങിയവർക്കു പരിക്കേറ്റു.

പുറത്ത് ലാത്തിയടിയേറ്റ രാഹുൽ, റാം മനോഹർ ലോഹ്യ ആശുപത്രിയിൽ പ്രാഥമിക ചികിത്സ തേടി. ദേശീയ അദ്ധ്യക്ഷൻ ബി.വി. ശ്രീനിവാസിന്റെ നേതൃത്വത്തിൽ ജന്തർമന്തറിൽ നിന്ന് പാർലമെന്റിലേക്ക് മാർച്ച് നടത്താനുള്ള യൂത്ത് കോൺഗ്രസിന്റെ ശ്രമം ഡൽഹി പോലീസ് ബാരിക്കേഡ് വെച്ച് തടഞ്ഞു. സംസ്ഥാനാദ്ധ്യക്ഷന്മാരും പ്രവർത്തകരുമടക്കമുള്ളവർ ബാരിക്കേഡ് ചാടിക്കടക്കാൻ ശ്രമിച്ചതോടെയാണ് പോലീസ് ലാത്തി വീശിയത്.

നേതാക്കളും പ്രവർത്തകരുമടക്കം ഒട്ടേറെപ്പേർക്ക് പരുക്കേറ്റു. പലരെയും കസ്റ്റഡിയിലെടുത്ത പോലീസ് പിന്നീട് വിട്ടയച്ചു. നീറ്റ് പരീക്ഷയിലെ അഴിമതി 24 ലക്ഷം വിദ്യാർത്ഥികളോടുള്ള തട്ടിപ്പു മാത്രമല്ല രാജ്യത്തിന്റെ മെഡിക്കൽ സംവിധാനത്തോടും ഭാവിയോടുമുള്ള തട്ടിപ്പാണെന്നും ബി.വി. ശ്രീനിവാസ് പറഞ്ഞു.



ലാത്തിച്ചാർജിൽ പുറത്ത് പരിക്കേറ്റ രാഹുൽ മാങ്കൂട്ടത്തിൽ

# രണ്ടുപേരെ സിബിഐ അറസ്റ്റ് ചെയ്തു

ന്യൂഡൽഹി/പട്ന: ദേശീയ മെഡിക്കൽ പ്രവേശന പരീക്ഷയുടെ നീറ്റ്-യുജിസി ചോദ്യകടലാസ് ചോർന്ന കേസിൽ സിബിഐ രണ്ടുപേരെ അറസ്റ്റ് ചെയ്തു. പട്ന സ്വദേശികളായ മനീഷ് പ്രകാശ്, അശതോഷ് കുമാർ എന്നിവരാണ് അറസ്റ്റിലായത്.

മെയ് 5-ന് നടന്ന പരീക്ഷയുടെ തലേന്ന് ചോദ്യക്കടലാസ് മനഃപാഠമാക്കാനും മറ്റും വിദ്യാർത്ഥികൾക്ക് സ്ഥലം ക്രമീകരിച്ചത് ഇരുവരുമാണെന്നാണ് സിബിഐ സംഘത്തിന്റെ കണ്ടെത്തൽ. ചോദ്യക്കടലാസ് വിഷയത്തിൽ സിബിഐയുടെ ആദ്യ അറസ്റ്റാണിത്.

തട്ടിപ്പിലെ പ്രധാന കണ്ണിയും 'സോൾവർ ഗ്യാങ്ങി'ലെ പ്രധാനിയുമായ സഞ്ജീവ് മുഖിയയെ (53) പിടികൂടാൻ അന്വേഷണ സംഘത്തിന് ഇനിയും സാധിച്ചിട്ടില്ല. ബിഹാർ നളന്ദ സ്വദേശിയായ ഇയാൾ നേപ്പാളിലേക്ക് കടന്നുവെന്ന സൂചനയുണ്ട്.

ബിഹാർ പോലീസിന്റെ സാമ്പത്തിക ക്രമക്കേട് വിഭാഗം രജിസ്റ്റർ ചെയ്ത കേസ് പിന്നീട് സിബിഐക്ക് കൈമാറുകയായിരുന്നു. നിലവിൽ സിബിഐ ആറ് എഫ്ഐആറുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

അശുതോഷിന്റെ ആവശ്യപ്രകാരം വിദ്യാർത്ഥികൾക്ക് താമസസ്ഥലവും മറ്റും ഒരുക്കിയത് മനീഷ് പ്രകാശാണെന്ന് അന്വേഷണസംഘം പറയുന്നു. കാറിൽ വിദ്യാർത്ഥികളെ ഇവിടേക്ക് എത്തിച്ചതും മനീഷാണ്. അതേസമയം, സാമൂഹിക പ്രവർത്തകനായ മനീഷിന് ഇത്തരമൊരു തട്ടിപ്പിനെക്കുറിച്ച് അറിയില്ലായിരുന്നുവെന്നും പരീക്ഷക്ക് എത്തിയ വിദ്യാർത്ഥികൾക്ക് താമസസ്ഥലം വേണമെന്ന ആവശ്യത്തെ തുടർന്നാണ് സ്ഥലം ക്രമീകരിച്ചതെന്നും കുടുംബാംഗങ്ങൾ പ്രതികരിച്ചു.

# വിഴിഞ്ഞത്ത് തിരമാലകളിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാൻ പദ്ധതി

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖത്തിന്റെ പുലിമുട്ടിൽ ഫ്ളോട്ടറുകൾ സ്ഥാപിച്ച് തിരമാലയിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാൻ പദ്ധതിയുമായി ഇസ്രയേൽ കമ്പനി. ടെൽ അവീവ് ആസ്ഥാനമായ ഇക്കോ വേവ് പവർ ഗ്ലോബൽ കമ്പനിയാണ് സ്വന്തമായി വികസിപ്പിച്ച സാങ്കേതികവിദ്യയിലൂടെ ഇതിനായി ശ്രമംതുടങ്ങിയത്.

അദാനി തുറമുഖ അധികൃതരുമായി പ്രാഥമികതലചർച്ച പുരോഗമിക്കുന്നതായി കമ്പനി വക്താക്കൾ വെളിപ്പെടുത്തി. നടപ്പാവുകയാണെങ്കിൽ തിരമാലയിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ പദ്ധതിയാകുമിത്. ആദ്യഘട്ടത്തിൽ പുലിമുട്ടിന്റെ 980 മീറ്റർ നീളത്തിൽ ഫ്ളോട്ടറുകൾ സ്ഥാപിക്കുകയാണ് ലക്ഷ്യം.

ലോകത്താകെ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഇരട്ടിയിലേറെ തിരമാലകളുടെ ശക്തിയിൽനിന്ന് ഉത്പാദിപ്പിക്കാനാകുമെന്നാണ് ലോക ഊർജ കൗൺസിലിന്റെ കണക്ക്.

യൂറോപ്യൻ തീരപ്രദേശമായ ജിബ്രാൾട്ടറിലാണ് ഈ സാങ്കേതികവിദ്യയിൽ ലോകത്തെ ആദ്യ വൈദ്യുതനിലയം സ്ഥാപിച്ചത്. കഴിഞ്ഞ ഓഗസ്റ്റിൽ ടെൽ അവീവിലെ ജാഫാ തുറമുഖത്ത് തിരമാലകളെ ആശ്രയിച്ച് ഉത്പാദിപ്പിക്കുന്ന 100 കിലോവാട്ട് വൈദ്യുതനിലയം ഇക്കോ വേവ് പവർ ഗ്ലോബൽ തുറന്നിരുന്നു.

തീരപ്രദേശത്തോടുചേർന്ന് ഇത്തരത്തിൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ പല പരീക്ഷണങ്ങൾ നടന്നിട്ടുണ്ടെങ്കിലും പലതും ഫലവത്തായിരുന്നില്ല. തീരത്തോടടുക്കുമ്പോൾ തിരമാലകൾക്ക് ശക്തി വർധിക്കുന്നതാണ് പ്രധാന പ്രതിസന്ധി. 30 വർഷംമുൻപ് വിഴിഞ്ഞം തീരത്ത് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ച നിലയം അധികംവൈകാതെ നാശം നേരിട്ടിരുന്നു.



# ഡിഎംഡി രോഗത്തിന് അപൂർവമരുന്ന് ഇന്ത്യയിലേക്ക്

തൃശൂർ: കുട്ടികളെ ബാധിക്കുന്ന ഡുഷേൻ മസ്കുലർ ഡിസ്ട്രോഫി (ഡിഎംഡി) എന്ന രോഗാവസ്ഥയ്ക്കുള്ള മരുന്ന് ഇന്ത്യയിലും എത്തുന്നു. ഒറ്റ ഡോസിന് 34 കോടി രൂപ വിലയുള്ള 'എൽവിഡിസ്' എന്ന ജീൻ തെറാപ്പി മരുന്നിന് യുഎസ് എഫ്ഡിഎ അംഗീകാരം നൽകി. കുട്ടികളുടെ പേശികളെ ഗുരുതരമായി ബാധിക്കുകയും അതുവഴി വൈകല്യത്തിലേക്കും അകാലമരണത്തിലേക്കും നയിക്കുന്ന രോഗാവസ്ഥയാണ് ഡിഎംഡി.

കൂടുതലായും ആൺകുട്ടികളിൽ കാണുന്ന ജനിതകരോഗം പേശികളിലെ കോശങ്ങളെ സംരക്ഷിക്കുന്ന 'ഡിസ്ട്രോഫിൻ' എന്ന പ്രോട്ടീന്റെ അഭാവം മൂലം ഉണ്ടാകുന്നതാണ്.

നടക്കാനുള്ള ബുദ്ധിമുട്ട്, നടക്കുന്നതിനിടയിൽ ഇടയ്ക്കിടെ വീണുപോകുക, പടികൾ കയറാൻ ബുദ്ധിമുട്ട് അനുഭവപ്പെടുക എന്നിവയാണു തുടക്കത്തിൽ കാണിക്കുന്ന ലക്ഷണങ്ങൾ. കേരളത്തിലും നൂറുകണക്കിനു പേർ ഫലപ്രദമായ ചികിത്സ ലഭിക്കാതെ വലയുന്നുണ്ട്.

ഇന്ത്യയിൽ 3,500 ആൺകുട്ടികളിൽ ഒരാൾക്കെന്ന തോതിൽ ഡിഎംഡി കാണപ്പെടുന്നുവെന്നാണു കണക്ക്. അപൂർവമായി പെൺകുട്ടികളിലും ഈ രോഗം കാണപ്പെടാറുണ്ട്. സ്രെപ്റ്റ തെറപ്പിയോട്ടിക്സ് എന്ന യുഎസ് ഫാർമസ്യൂട്ടിക്കൽ കമ്പനിയാണു മരുന്നു വികസിപ്പിച്ചത്.

# തെളിവുകൾ ഇനി കാമറയിലും; ഒളിവിലായാലും വിചാരണ

തിരുവനന്തപുരം: കേസുകളുടെ വിചാരണ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന വ്യവസ്ഥ പുതുക്കിയ നിയമത്തിലുണ്ട്. പ്രതി ഒളിവിലാണെങ്കിൽ കേസ് വിചാരണ നടക്കാതെ മാറ്റിവെക്കുന്ന പതിവ് ഇനിയുണ്ടാകില്ല. വിചാരണ പൂർത്തിയാക്കി ശിക്ഷ വിധിക്കും.

നിക്ഷേപത്തട്ടിപ്പിൽ ക്രിമിനൽ കേസെടുത്താലും പ്രതിയുടെ സ്വത്തുക്കൾ കണ്ടുകെട്ടാൻ പരാതിക്കാർ കോടതിയിൽ പോയി സിവിൽ കേസ് കൊടുക്കേണ്ട രീതിയും മാറും. ക്രിമിനൽ കേസിന്റെ നടപടിക്രമമായി പ്രതിയുടെ സ്വത്ത് കണ്ടുകെട്ടാൻ കഴിയും.

പോലീസ് നടത്തുന്ന എല്ലാ പരിശോധനകളുടെയും വീഡിയോ റിക്കോർഡിങ് ഇനി മുതൽ നടത്തും. ഇ-സാക്ഷി എന്ന മൊബൈൽ ആപ് വഴി നടത്തുന്ന റിക്കോർഡിങ്ങിലെ ദൃശ്യങ്ങൾ മുതിർന്ന പോലീസ് ഉദ്യോഗസ്ഥർക്കും കോടതിക്കും എപ്പോൾ വേണമെങ്കിലും കാണാനാകും. ജൂൺ 30 അർധരാത്രി മുതൽ ഇന്ത്യയിൽ നടപ്പായ പുതിയ ക്രിമിനൽ, തെളിവു നിയമങ്ങൾ അനുസരിച്ചാണ് നടപടി.

ഏഴ് വർഷത്തിനു മുകളിൽ ശിക്ഷ ലഭിക്കുന്ന എല്ലാ കുറ്റകൃത്യങ്ങൾക്കും ഫൊറൻസിക് പരിശോധന നിർദേശിച്ചിട്ടുണ്ടെങ്കിലും കേരളം ഉൾപ്പെടെ ചില സംസ്ഥാനങ്ങളിൽ ഉടനെയുണ്ടാകില്ല. ഫൊറൻസിക് ലാബുകളും സംവിധാനവും മെച്ചപ്പെടുത്താൻ കൂടുതൽ സമയം വേണമെന്ന് ആവശ്യപ്പെട്ടതിനാലാണ് സമയം നീട്ടി നൽകിയത്. രണ്ടാമതായി പരിഗണിച്ചിരുന്ന ഡിജിറ്റൽ വിവരങ്ങൾ പുതുക്കിയ നിയമത്തിൽ പ്രധാന തെളിവാകും. ഫോൺ നശിപ്പിക്കപ്പെട്ടാൽ, ദൃശ്യങ്ങളുടെ പകർപ്പാണ് ഹാജരാക്കുന്നതെങ്കിൽ ഇനി അതും പ്രഥമ തെളിവായി പരിഗണിക്കും. പ്രധാനപ്പെട്ട കേസുകളിൽ മഹസർ രേഖപ്പെടുത്തുന്നത് ഇനി 360 ഡിഗ്രി ലേസർ കാമറയിലായിരിക്കും. വെർച്വൽ റിയാലിറ്റി സാങ്കേതിക സംവിധാനമുള്ള, 25 ലക്ഷം വിലവരുന്ന 20 കാമറകൾ വാങ്ങാൻ കേരള പോലീസ് കരാർ വിളിച്ചിട്ടുണ്ട്. കാമറയിൽ കുറ്റകൃത്യം നടന്ന സ്ഥലം മുഴുവൻ പകർത്തുന്നതോടെ, കേസ് പിന്നീട് മറ്റ് ഏജൻസികൾക്ക് അന്വേഷിക്കണമെങ്കിൽ വിശദമായ ദൃശ്യങ്ങൾ അവർക്കും നൽകാനാകും.

കൊലപാതകക്കുറ്റം ഐപിസി 302-ന് പകരം ഭാരതീയ ന്യായസംഹിത (ബിഎൻഎസ്) 103 ആകും. അശ്രദ്ധ മൂലമുള്ള മരണം ഐപിസി 304-എയ്ക്ക് പകരം ഇനിമുതൽ ബിഎൻഎസ് 106 ആണ്. ബിഎൻഎസ് മലയാളത്തിലേക്കു മാറ്റുന്ന ആപ് തയാറാക്കുന്ന ജോലികൾ കേരള പോലീസും തുടങ്ങിയിട്ടുണ്ട്. എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും പുതു നിയമം സംബന്ധിച്ച് പരിശീലനം പൂർത്തിയായി. കേരള പോലീസിന്റെ സോഫ്റ്റ്‌വെയറായ ഐ-കോപ്സിലും മാറ്റം വരുത്തി. പോലീസ് ആസ്ഥാനത്ത് ഹെൽപ് ഡെസ്കും തുടങ്ങിയിട്ടുണ്ട്.

# മോദിയുടെ 'മൻ കി ബാത്തി'ൽ അട്ടപ്പാടിയുടെ കാർത്തുമ്പി കുട

അഗളി: അട്ടപ്പാടിയിൽ ആദിവാസി അമ്മമാരുടെ കാർത്തുമ്പി കുടനിർമാണത്തെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. മൻ കി ബാതിലാണ് തമ്പിലെ ആദിവാസി അമ്മമാരുടെ സംരംഭത്തെ പ്രധാനമന്ത്രി അഭിനന്ദിച്ചത്. മാതൃകാപരമായ സംരംഭമാണ് അട്ടപ്പാടിയിലെ ആദിവാസിസ്ത്രീകൾ നടത്തുന്നത്. ഇത് സ്ത്രീശാക്തീകരണത്തിന്റെ മാതൃകയാണ്. പൂർണമായി ആദിവാസിസ്ത്രീകളുടെ നേതൃത്വത്തിലാണ് ഈ സംരംഭം. നിലവാരമുള്ള മനോഹരമായ കുടകളാണ് കാർത്തുമ്പി കുടകളെന്നും പ്രധാനമന്ത്രി പറഞ്ഞു.

അട്ടപ്പാടിയിൽ പോഷകാഹാരക്കുറവു കാരണം നവജാതശിശുക്കളുടെ തുടർച്ചയായ മരണം നടക്കുമ്പോഴാണ് ഊരുകൾ കേന്ദ്രീകരിച്ച് ഊരുതല മൂലധനമെന്ന ആശയത്തോടെ 2014-ൽ 'കാർത്തുമ്പി' കുടനിർമാണം ആദിവാസിക്കൂട്ടായ്മയായ 'തമ്പ്' ആരംഭിച്ചത്. അൻപതോളം പേർക്ക് പരിശീലനം നൽകിയായിരുന്നു തുടക്കം. മൂലധനത്തിനായി ദുബായിൽനിന്നാണ് ധനസമാഹരണം നടത്തിയത്. ആറ് മാസം കഴിഞ്ഞപ്പോൾ ഈ തുക തിരികെ നൽകി. 2017-ൽ മന്ത്രി എ.കെ. ബാലൻ 16 ലക്ഷം രൂപ ഈ സ്ത്രീസംരംഭകർക്ക് അനുവദിച്ചു. ഈ മൂലധനത്തിലാണ് ഇപ്പോൾ കാർത്തുമ്പി സംരംഭം പ്രവർത്തിക്കുന്നത്. 13 ഊരുകളിലാണ് കാർത്തുമ്പി കുടകളുടെ നിർമാണമുള്ളത്. ടെക്നോപാർക്ക്, ഇൻഫോപാർക്ക് തുടങ്ങിയ സ്ഥലങ്ങളിലുള്ള ഓർഡറുകളാണ് ലഭിക്കുന്നത്. കോവിഡിനു ശേഷമുള്ള വിപണിമാന്ദ്യം തിരിച്ചടിയായെങ്കിലും അതിൽനിന്ന് കരകയറുകയാണ്. ഇതിനിടയിൽ പ്രധാനമന്ത്രിയുടെ അഭിനന്ദനമെത്തിയതിന്റെ ആഹ്ലാദത്തിലാണ് ആദിവാസി അമ്മമാർ. ഒരാൾ പ്രതിദിനം 12 മുതൽ 15 കുടകൾവരെയാണിപ്പോൾ നിർമിക്കുന്നത്. ഒരു കുട നിർമിച്ചാൽ 30 രൂപ ലഭിക്കും. ഇങ്ങനെ പ്രതിദിനം 450 രൂപ ശരാശരി സമ്പാദിക്കുന്ന 750 കുടുംബങ്ങളാണ് ഈ പദ്ധതിയുടെ ജീവൻ.



ആധുനികരീതിയിൽ കുടനിർമാണത്തിന് സഹായം ലഭിച്ചാൽ 1153 ആദിവാസി കുടുംബങ്ങൾക്ക് സ്ഥിരവരുമാനമുണ്ടാകും. ഇതിനുള്ള സഹായം ലഭിക്കുമെന്ന പ്രതീക്ഷയിലാണ് അട്ടപ്പാടിയിലെ ആദിവാസി അമ്മമാർ.

# സ്കൂളിൽ രാഷ്ട്രീയം അനുവദിക്കണോയെന്ന് അധികൃതർക്ക് തീരുമാനിക്കാം: ഹൈക്കോടതി

കൊച്ചി: സ്കൂളിൽ രാഷ്ട്രീയ പ്രവർത്തനം അനുവദിക്കണോ എന്ന കാര്യത്തിൽ സ്കൂൾ അധികൃതർക്ക് തീരുമാനമെടുക്കാമെന്ന് ഹൈക്കോടതി. സ്കൂൾ പാർലമെന്റിലേക്കുള്ള തെരഞ്ഞെടുപ്പുകൾ രാഷ്ട്രീയ പാർട്ടികളുടെ അടിസ്ഥാനത്തിൽ വേണോ എന്ന കാര്യവും സ്കൂൾ അധികൃതർക്ക് തീരുമാനിക്കാം. കണ്ണൂർ പട്ടാനൂരിലുള്ള കെപിസി എച്ച്എസ്എസ് സ്കൂൾ അധികൃതരുടെ ഹർജിയിലാണ് ജസ്റ്റിസ് സിയാദ് റഹ്മാന്റെ ഉത്തരവ്.

സ്കൂൾ അധികൃതർ എടുക്കുന്ന തീരുമാനം നടപ്പാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സഹായം ആവശ്യമെങ്കിൽ അത് വിദ്യാഭ്യാസ വകുപ്പ് നൽകണമെന്നും ഇടക്കാല ഉത്തരവിൽ കോടതി വ്യക്തമാക്കി.

തങ്ങളുടെ സ്കൂൾ പാർലമെന്റിലേക്കുള്ള തെരഞ്ഞെടുപ്പിൽ വിദ്യാർത്ഥികൾ രാഷ്ട്രീയ പാർട്ടികളുടെ അടിസ്ഥാനത്തിൽ മത്സരിക്കുന്നതും സ്കൂളിൽ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതും നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് സ്കൂൾ പ്രിൻസിപ്പൽ ബിന്ദു വെങ്ങാട്ടേരി, മാനേജർ മനോഹരൻ അണ്ടിയങ്കാണ്ടി എന്നിവരാണ് ഹൈക്കോടതിയെ സമീപിച്ചത്.

കേസിൽ സംസ്ഥാന സർക്കാരിനു നോട്ടീസ് അയയ്ക്കാനും ഹൈക്കോടതി ഉത്തരവിട്ടു.

FAMILY DENTAL Practice

9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood



Office: (847) 581-1418,
Fax: (847) 581-1445

GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR


15TH
KCCNA
Convention
July 4, 5, 6, 7
at Henry B. Gonzalez
Convention center
in San Antonio, TEXAS
ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്കയുടെ (കെ.സി.സി.എൻ.എ.)
നാഷണൽ കൺവൻഷന്റെ ഒരുക്കങ്ങൾ പൂർത്തിയായി
Shaji Edat (President)
Gipson Purayampallil (Exc.Vice President)
Ajish Pothen (General Secretary)
Jobin Kakkattil (Joint Secretary)
Samon Pallattumadam (Treasurer)
Phinu Thoompanal (Vice President- Youth)
Naomi Manthuruthil (Joint Treasurer)
Jerin Kurian Padappammakil (Convention Chairman)
Shinto Valliyodath (RVP-Dallas, San Antonio)
Jose Puthenpurayil (RVP-Western Region)
Stephen Kizhakkekuttu (RVP-Chicago)
Anoop Myalkarapurathu (RVP-Huston)
Alex Pullukat (RVP-Detroit, Ohio, Minesota)
James Alapatt (RVP-NewYork)
Lizy Kaparambil (RVP-Atlanta, Miami)
Lyju Chennangattu (RVP-Canada)
Joboy Manalel (RVP North East Region & President Boston Unit)
James Mukalel (RVP-Tampa)
Preena Vishakanthara (KCWFNA President)
Reshma Karakattil (KCYLNA President)
Albin Pulikkunnel (KCYNA President)
UNIT PRESIDENTS
Sheeja Vadakkeparambil San Antonio
Jain Joseph Makil Chicago
Cyril Thaiparambil Houston
Abraham Perumanisseril New York
Vineeth Kaduthodil Dallas
Shibu Palakattu San Jose
Shibu Thandacheril Tampa
Philips George Koottathamparampil Canada
Dominic Chackonal Atlanta
Shibu Oliyil Washington D.C.
Saji Marangattil DetroitWindsor
Johny Chakkalackal Miami
Cyril Thadathil Sacramento
John Vilangattusseril Philadelphia
Jose Vettuparapurath Los Angels
Jithu Thomas Pazhayapurayil Arizona
Kiran Elavunkal Ohio
Santhosh Padinjare Varikattu Las Vegas
Kurian Joseph Thottiyil Minnesota
Thomas Mundackal Calgary

# മാർ ടോണി നീലങ്കാവിൽ കൊപ്പേൽ സെ. അൽഫോൻസാ പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു

**ലാലി ജോസഫ്**

ഡാളസ്: കൊപ്പേൽ സെ. അൽഫോൻസാ സീറോമലബാർ കത്തോലിക്കാ പള്ളിയിൽ ജൂൺ 22-ന് ഞായറാഴ്ച തൃശൂർ അതിരൂപതയുടെ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഫാ. ജിമ്മി എടക്കുളത്തിൽ, പാലന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് പാലക്കാട് ഡയറക്ടർ ഫാ. വാൾട്ടർ തേലാപ്പള്ളി സിഎംഐ (ദേവഗിരി പ്രോവിൻസ്) എന്നിവർ സഹകാർമ്മികരായിരുന്നു.

അമേരിക്കയിൽ പിതാവിന്റെ പ്രഥമ സന്ദർശനമായിരുന്നു ഇത്. സീറോ മലബാർ സഭയുടെ ഒരു വലിയ ഭാഗ്യമായ, സഭയുടെ ഇന്ത്യക്ക് പുറത്തെ ആദ്യത്തെ രൂപതയായ ചിക്കാഗോ രൂപത സന്ദർശിക്കാൻ സാധിച്ചതിൽ അത്യധികം സന്തോഷം പങ്കുവെച്ചുകൊണ്ടാണ് കുർബാനമദ്ധ്യേ അദ്ദേഹം പ്രഭാഷണം തുടങ്ങിയത്.

ദൈവത്തിന്റെ പദ്ധതിയിൽ ഒരു ശിശുവിന് അമ്മയുടെ ഉദരത്തേക്കാൾ സുരക്ഷിതമായ സ്ഥലം വേറെയില്ല. അമ്മയുടെ ജീവരസമാണ് ആ കുഞ്ഞ് ഭക്ഷിക്കുന്നത്. അതുപോലെ സഭയേയും ഉദരമായി കാണാം. അവിടെ നമുക്ക് ആത്മീയ പരിപോഷണം കിട്ടുന്ന സ്ഥലമാണ്. കർത്താവ് തന്നെ തന്റെ ശരീര രക്തം നമുക്ക് ആത്മീയ ഭക്ഷണമായി തന്ന് നമ്മെ പരിപോഷിപ്പിക്കുന്നു. ഈ ഇടവക കൂട്ടായ്മ നമുക്ക് അനുഗ്രഹമായി മാറട്ടെ. ഈ ബോദ്ധ്യം നമ്മുടെ കുട്ടികൾക്കും കുടുംബത്തിലുള്ളവർക്കും ഉണ്ടാകട്ടെയെന്നും പിതാവ് ഉദ്ബോധിപ്പിച്ചു.

അന്ധരായവരെ സുഖപ്പെടുത്തിയ ബൈബിൾ വചനത്തിൽ നിന്ന് പിതാവ് വളരെ വിജ്ഞാനപ്രദമായ വിശദീകരണം തന്നു. യേശുവിന്റെ സ്വരം കേട്ടപ്പോഴേ അന്ധരായ അവർ തന്റെ രക്ഷകനാണ് എന്ന് തിരിച്ചറിഞ്ഞു. എന്നാൽ, കണ്ണുള്ളവർ തിരിച്ചറിഞ്ഞില്ല. നമ്മുടെ ആത്മീയ അന്ധത മാറാൻ പ്രാർത്ഥിക്കണം. ആത്മീയ കാഴ്ച ദൈവത്തിന്റെ കൃപയാണ് എന്ന് നാം തിരിച്ചറിയണം.



ഗ്രീക്ക് ഫിലോസഫർ പ്ലേറ്റോയുടെ കാഴ്ചയെക്കുറിച്ചുള്ള കാഴ്ചപ്പാട്, അതുപോലെ സ്പാനിഷ് കത്തോലിക്കാ സ്ത്രീ അമ്മയും അപ്പൻ സൗത്ത് ഇന്ത്യൻ നായർ തറവാട്ടിലെ രാമുണ്ണി പണിക്കർ, രസതന്ത്രത്തിലും ദൈവശാസ്ത്രത്തിലും ഫിലോസഫിയിലും മൂന്നിലും ഡോക്ടറേറ്റ് നേടിയ റെയ്മൻ പണിക്കർ എന്ന സ്പാനിഷ് കത്തോലിക്കാ പുരോഹിതനെയും പരിചയപ്പെടുത്തിത്തന്നു. ഇതുപോലുള്ള മഹത് വ്യക്തികളെയും അവരുടെ കാഴ്ചപ്പാടിനെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രസംഗം വളരെ വേറിട്ട ഒരനുഭവമായിരുന്നു.

നമ്മൾ മുൻകൂട്ടി കരുതി വെച്ചിരിക്കുന്നതനുസരിച്ച് ആരെയും വിധിക്കരുത്. വിധി ദൈവത്തിനു വിട്ടുകൊടുക്കുക. കംപാഷൻ അല്ലെങ്കിൽ അനുകമ്പ എന്ന വാക്കിന്റെ അർത്ഥം വളരെ വ്യക്തമായി അദ്ദേഹത്തിന്റെ പ്രസംഗത്തിൽക്കൂടി മനനസ്സിലാക്കിത്തന്നു.

മറ്റുള്ളവരുടെ വേദന അല്ലെങ്കിൽ നിസ്സഹായാവസ്ഥ കണ്ട് സഹായിക്കുന്നിടത്താണ് അനുകമ്പ ഉണ്ടാകുന്നത്. കുർബാനയ്ക്കുശേഷം വിശ്വാസികൾ പിതാവിനെ നേരിൽ കണ്ട് സ്നേഹവും സൗഹൃദവും പങ്കുവെച്ചു.

# ഫ്ളോറിഡയിൽ പുരസ്കാരത്തിളക്കവുമായി യുഎഇയിലെ മലയാളി സ്ഥാപനമായ യുനീക് വേൾഡ് റോബോട്ടിക്സ്

**മനു തുരുത്തിക്കാടൻ**

ഫ്ളോറിഡ: ഫ്ളോറിഡ ഡെയ്റ്റോണയിലെ എംബ്രി-റിഡിൽ എയ്റോനോട്ടിക്കൽ യൂണിവേഴ്സിറ്റിയിൽ നടന്ന അന്താരാഷ്ട്ര എഫ്എൽഎൽ (FLL) ഫസ്റ്റ് ലെഗോ ലീഗ് റോബോട്ടിക്സ് ചാമ്പ്യൻഷിപ്പിൽ 87 രാജ്യങ്ങൾ പങ്കെടുത്തപ്പോൾ, ചാമ്പ്യൻസ്



അവാർഡിലും അലയൻസ് അവാർഡിലും മൂന്നാം സ്ഥാനവും FLL ലീഗിലെ മികച്ച കോച്ചായി യുനീക് വേൾഡ് റോബോട്ടിക്സ് (UWR) തെരഞ്ഞെടുക്കപ്പെട്ടു. FLL അന്താരാഷ്ട്ര മത്സരത്തിൽ യുഎഇ ടീമിനെയാണ് പത്തംഗ സംഘം പ്രതിനിധീകരിച്ചത്. ഈ സംഘത്തിൽ സി.ഇ.ഒ ബെൻസൺ തോമസ് ജോർജിനെ കൂടാതെ രണ്ട് മലയാളി വിദ്യാർത്ഥികളും ഉണ്ടായിരുന്നു. കഴിഞ്ഞ ഏപ്രിലിൽ ഹൂസ്റ്റണിൽ നടന്ന ലോക റോബോട്ടിക്സ് ചാമ്പ്യൻഷിപ്പിൽ യുനീക്കിന്റെ സ്റ്റാർ ലിങ്ക് ടീം പങ്കെടുത്തിരുന്നു.

ആധുനിക കാലത്ത് ലോകത്തിന്റെ ഇനിയുള്ള മുന്നോട്ടുപോക്ക് നിർമ്മിത ബുദ്ധിയുടെയും വിർചൽ റിയാലിറ്റിയുടെയും റോബോട്ടിക്സിന്റെയും ഒപ്പമായിരിക്കും എന്ന തിരിച്ചറിവാണ്, ദുബായ് ആസ്ഥാനമായ യുനീക് വേൾഡ് റോബോട്ടിക്സ് എന്ന സ്ഥാപനം സിഇഒ ബെൻസൺ തോമസ് ജോർജ് ആരംഭിക്കുന്നത്. ഇന്ന് അദ്ദേഹത്തിന്റെ സ്ഥാപനം പരിശീലിപ്പിക്കുന്ന കുട്ടികൾ ലോകമെമ്പാടും മത്സരങ്ങളിൽ പങ്കെടുക്കുകയും ജേതാക്കളാകുകയും ചെയ്യുന്നു.

2010-ൽ ഇസിഇ എഞ്ചിനീയറിംഗ് പൂർത്തിയാക്കിയ ബെൻസൺ 2018-ലാണ് തൃശൂരിൽ കൂട്ടുകാരുമായി റോബോട്ടിക്സ് എന്ന സ്ഥാപനം തുടങ്ങിയത്. തന്റെ സ്വപ്നങ്ങൾക്കു വേണ്ടത്ര വേഗം പോരെന്നു തോന്നിയപ്പോൾ 2019-ൽ ദുബായിലേക്ക് പറന്നു.

തുടക്കകാലത്ത് കോവിഡ് അല്പം കാലതാമസം വരുത്തിയെങ്കിലും പിന്നീടുള്ള വളർച്ച പെട്ടെന്നായിരുന്നു. ഇന്ന് ഒമാൻ, സൗദി, ഖത്തർ എന്നീ രാജ്യങ്ങളിലും ഇന്ത്യയിൽ കേരളം, തമിഴ്നാട്, കർണാടക, ഗുജറാത്ത് സംസ്ഥാനങ്ങളിലും റോബോട്ടിക്സ്, സ്പേസ്, എഐ ലാബ് എന്നിവ ഒരുങ്ങിക്കഴിഞ്ഞു. യുഎസിലെ STEM-ൽ നിന്ന് പരിശീലനം ലഭിച്ച അധ്യാപകരാണ് ഇവിടെയെല്ലാം ക്ലാസെടുക്കുന്നത്.

കേരളത്തിലെ ചില എഞ്ചിനീയറിംഗ് കോളജുകളിലും ലാബുകൾ ഒരുക്കിയിട്ടുണ്ട്. ലോകത്തെ ഏറ്റവും വലിയ ഹാക്കത്തോണായ നാസയുടെ സ്പേസ് ചലഞ്ചിൽ യുനീക് പരിശീലിപ്പിച്ച കുട്ടികൾക്കാണ് ഒന്നാം സ്ഥാനം.

അഞ്ചു മുതൽ 18 വയസു വരെയുള്ള കുട്ടികൾക്ക് പരിശീലനത്തിന്റെ ഭാഗമാകാം. റോബോട്ടിക്സ്, എ.ഐ. മെറ്റാവേഴ്സ്, സ്പേസ് ടെക്ക് തുടങ്ങിയവയിലെ പഠനം അവസരങ്ങളുടെ ലോകം യുനീക് വേൾഡ് റോബോട്ടിക്സിലൂടെ തുറക്കുകയാണ്.

നാസയുടെ സ്പേസ് ആപ്പ് ചലഞ്ച്, വേൾഡ് റോബോട്ടിക്സ് ഒളിമ്പ്യാട്, ഫസ്റ്റ് ലെഗോലീഗ് റോബോട്ടിക്സ് ചാമ്പ്യൻഷിപ്പ് തുടങ്ങിയ അന്താരാഷ്ട്ര ചാമ്പ്യൻഷിപ്പുകളിൽ കഴിഞ്ഞ മൂന്നു വർഷമായി ജേതാക്കളായത് യുനീക്കിലെ കുട്ടികളാണ്.

ലോകത്തിലെ മിക്ക അത്യാധുനിക കമ്പനികളും തങ്ങളുടെ പ്രവർത്തന മികവിനായി എ.ഐ, റോബോട്ടിക്സ് എന്നിവ കൂടുതൽ ഉപയോഗിച്ചു തുടങ്ങിയതിനാൽ ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ തുറക്കപ്പെടുന്നുവെന്ന് ബെൻസൺ പറയുന്നു.




പത്തനംതിട്ട ജില്ലയിലെ തുരുത്തിക്കാട് സ്വദേശിയാണ് ബെൻസൺ തോമസ് ജോർജ്.

കേരളത്തിലെ ഏറ്റവും പ്രചാരമുള്ള പത്രത്തിലെ ഓൺലൈൻ വിഭാഗം കൊച്ചിയിൽ സംഘടിപ്പിച്ച റോബോട്ടിക്സ് എക്സ്പോയുടെ സാങ്കേതിക പിന്തുണയും യുനീക് വേൾഡ് റോബോട്ടിക്സിനായിരുന്നു.

# THE NORTHEAST AMERICAN DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

# FAMILY & YOUTH CONFERENCE-2024

www.neamericandiocese.org e-mail: fyc@neamericandiocese.org

**Date: JULY 10 to JULY 13, 2024 Venue: Wyndham Lancaster Resort, 2300 Lincoln Hwy E., Lancaster, PA 17602**

**Conference Theme: "Set your minds on things above, not on earthly things."** ***Colossians 3:2***



**HH Baselios Marthoma Mathews III**
Catholicos & Malankara Metropolitan


**HG Zachariah Mar Nicholovos**
Diocesan Metropolitan

## FAMILY & YOUTH CONFERENCE COMMITTEE-2024

Conference Chair: His Grace Zachariah Mar Nicholovos Metropolitan
Conference Coordinator: Rev. Fr. Abu Peter
Conference Secretary: Mr. Cheriyan Perumal
Treasurer: Mr. Mathew Joshua
Finance Coordinator: Mr. John Thamaravelil
Souvenir Editor: Ms. Deepthi Mathew
Raffle Coordinator: Mr. Mathew Varughese
Joint Treasurer: Mr. Shawn Abraham
Joint Secretary: Mr. Shibu Tharakan
Sports: Mr. Jeemon Varghese & Ms. Irene George
Event & Entertainment: Ms. Milly Philip & Ms. Irene George
Medical: Dr. Rebecca Pothen
Media & Publicity: Rev. Fr. Jerry Varghese, Mr.Oommen Kappil & Mr. George Thumpayil
Procession: Mr. Korah Cherian & Mr. Ajith Vattasseril
Safety & Security: Mr. Noble Varghese & Mr. Titus Alexander

Chaplains: Rev. Fr. Tobin P. Mathew ( Adult) & Rev. Fr. Anoop Thomas (Youth)
Curriculum-Adults: Rev. Dr. Varghese M. Daniel
Curriculum-Sunday School: Rev. Fr. Sujit Thomas
Curriculum-MGOCSM: Rev. Fr. Dennis Mathai
Curriculum-FOCUS: Rev. Fr. Anoop Thomas
Photography: Mr. Bipin V. Mathew
Diocesan Secretary: Rev. Dr. Varghese M. Daniel
Diocesan Council: Rev. Fr. Shibu V. M, Rev. Fr. Vijay Thomas, Mr. Joby John, Mr. Oommen Kappil, Mr. Shane Oommen, Mr. Bijo Thomas
Malankara Association Managing Committee Members: Rev. Fr. Blessen Varghese, Mr. Koppara Samuel, Mr. Shaji Varghese, Mr. K. G. Oommen
Diocesan Chancery Staff: Chancellor Rev. Fr. Thomas Paul
Principal Secretary: Rev. Fr. Abraham (Abey) George
Executive Assistant to Metropolitan: Rev. Fr. Daniel (Dennis) Mathai
Auditor: Mr. John Thomas, CPA


**Rev. Dr. Varghese M. Daniel**
Diocesan Secretary


**Rev. Dr. Varghese Varghese**
Keynote Speaker


**Rev. Fr. Seraphim Majmudar**
Youth Session Speaker


**Rev. Fr. Joel Mathew**
Youth Session Speaker


**Rev. Fr. Abu Peter**
Conference Coordinator


**Cheriyan Perumal**
Conference Secretary


**Mathew Joshua**
Treasurer


**Deepthi Mathew**
Souvenir Chief Editor


**John Thamaravelil**
Finance Coordinator


**Shawn Abraham**
Assistant Treasurer


**Shibu Tharakan**
Assistant Secretary


**Mathew Varughese**
Raffle Coordinator


**Rev. Fr. Tobin P. Mathew**
Chaplain-Adults


**Rev. Fr. Anoop Thomas**
Chaplain-Youth


**Rev. Fr. Jerry Varghese**
Media & Publicity


**Oommen Kappil**
Media & Publicity


**George Thumpayil**
Media & Publicity


**Rev. Fr. Sujit Thomas**
Curriculum-Sunday School


**Rev. Fr. Dennis Mathai**
Curriculum-MGOCSM


**Milly Philip**
Events & Entertainment


**Irene George**
Events & Entertainment


**Dr. Rebecca Pothen**
Medical


**Jeemon Varghese**
Sports


**Korah Cherian**
Procession


**Ajith Vattasseril**
Procession


**Rev. Dr. Raju Varghese**
Choir Coordinator


**Bipin Mathew**
Photography


**Noble Varghese**
Security


**Diocesan Council**


**Conference General Committee**


**Finance Committee**


**Souvenir Committee**


**FYC Choir**

കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിരണ്ടാം വർഷം 1992-2024








## വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**



# തോമസ് മൊട്ടയ്ക്കൽ വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡന്റ്

**"ജീവിതം അവനവന്റെ മാത്രം ഉയർച്ചകളിലേക്ക് നീണ്ട ചില്ലകൾ നിറഞ്ഞ മരമല്ല. മറ്റുള്ളവരുടെ ആകാശങ്ങളിലേക്കും, മറ്റുള്ളവരുടെ ജനാലകളിലേക്കും വരെ വേരും പൂക്കളും ചെന്നെത്തുന്ന പ്രതിഭാസമാണ്. അത് തിരിച്ചറിയുമ്പോഴാണ് ഓരോ നിമിഷവും മധുരമുള്ളതാവുന്നത്."**

### ഒരു നാടിന്റെ നദി

ഒരു നദി ഒരാളുടേത് മാത്രമല്ല, അതിന്റെ ഉത്ഭവം മുതൽക്ക്, അതൊഴുകിപ്പോകുന്ന ഓരോ ഇടങ്ങളും വരേയ്ക്കും മനുഷ്യനും സസ്യജന്തു ജീവജാലങ്ങൾക്കും അതിൽ അവകാശമുണ്ട്. അത്തരത്തിൽ അപരനെ താനായിക്കണ്ട് ജീവിക്കുന്ന നിരവധി മനുഷ്യരുമുണ്ട്. അതിലൊരാളാണ് തോമസ് മൊട്ടയ്ക്കൽ. വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡന്റ്. ന്യൂജേഴ്സി കേന്ദ്രമായി പ്രവർത്തിക്കുന്ന ടോമർ കൺസ്ട്രക്ഷൻ ഗ്രൂപ്പ് സി.ഇ.ഒ ആയ ഇദ്ദേഹം നിരവധി മനുഷ്യരെ, പ്രത്യേകിച്ച് മലയാളികളെ ജീവിതത്തിന്റെ നല്ല കരകളിലേക്ക് കൊണ്ടുപോയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസം ഉണ്ടായിട്ടും അന്തസ്സായി ജോലിയോ വ്യവസായമോ ചെയ്യാൻ സാധിക്കാത്ത രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക വ്യവസ്ഥിതി നടമാടുന്ന നാട്ടിൽ നിസ്സഹായരുടെ സഹായമായി അൻപതിൽപരം വർഷങ്ങൾ പ്രവർത്തിച്ച ചിന്തകൻ.

ഓരോ വിഷയത്തിലും തന്റേതായ കാഴ്ചപ്പാടും അതിൽ ഉറച്ചുനിന്നുകൊണ്ട് പ്രവർത്തിക്കുവാനുള്ള ധൈര്യവുമുള്ള അപൂർവം ചില മനുഷ്യരിൽ ഒരാൾ കൂടിയാണ് അദ്ദേഹം. മറ്റുള്ളവരെ സഹായിക്കാൻ കിട്ടുന്ന ഒരവസരവും അദ്ദേഹം നഷ്ടപ്പെടുത്താറില്ല. 'ഒരാളും സങ്കടപ്പെടരുത്' എന്ന ചിന്താഗതിക്കാരനാണ് തോമസ് മൊട്ടയ്ക്കൽ. അത് അദ്ദേഹത്തിന്റെ ജീവിതം തന്നെ വിളിച്ചു പറയുന്നു. എല്ലാം വെട്ടിപ്പിടിക്കണം എന്ന ഒരു ചിന്തയും തോമസ് മൊട്ടയ്ക്കലിനില്ല. വിട്ടുകൊടുക്കാൻ കഴിയുന്നതെല്ലാം വിട്ടുകൊടുത്തു തന്നെ കടന്നുപോകുക. എല്ലാവർക്കും ഉപകാരപ്പെടുന്ന തരത്തിൽ മാത്രം ജോലികൾ ചെയ്യുക എന്നതൊക്കെയാണ് അദ്ദേഹത്തിന്റെ ജീവിതത്തെ കുറിച്ചുള്ള കാഴ്ചപ്പാട്.

ഓരോ ദിവസവും ഒരാൾക്കെങ്കിലും ജോലി കൊടുക്കാൻ സാധിച്ചാൽ നന്ന് എന്ന് ചിന്തിക്കുന്ന മനുഷ്യസ്നേഹി. എഞ്ചിനിയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്നതുകൊണ്ട് തന്നെ അതേ മേഖലയിൽ പഠിച്ചവരോട് പ്രത്യേക താല്പര്യം അദ്ദേഹം പുലർത്തുന്നു. മുൻപരിചയം ഇല്ലെന്ന് പറഞ്ഞ് പല ഉദ്യോഗാർത്ഥികളെയും ജോലിക്ക് എടുക്കാത്ത കമ്പനികൾക്ക് മുൻപിൽ എക്സ്പീരിയൻസ് ഇല്ലാത്തവരെ പരിശീലിപ്പിച്ചുകൊണ്ടു തന്നെയാണ് തോമസ് ലോകത്തിന് മാതൃകയാകുന്നതും, കുത്തക മുതലാളിമാർക്ക് മറുപടിയാകുന്നതും. ആർക്കെങ്കിലുമൊക്കെ ജോലി ചെയ്യാൻ അവസരം നൽകിയെങ്കിലല്ലേ മുൻപരിചയം ഉണ്ടാകൂ എന്ന് അദ്ദേഹം ചിന്തിക്കുന്നു..

### കുടുംബം, ആഗ്രഹങ്ങളുടെ ഒരു പറുദീസ

പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുളയിലെ ഒരു ഇടത്തരം കുടുംബമായ മൊട്ടയ്ക്കൽ കുടുംബത്തിലാണ് തോമസ് ജനിച്ചത്. പിതാവ് എം. ജി. ജോർജ്, മാതാവ് സാറാമ്മ ജോർജ്. ഒന്നാം ക്ലാസ് മുതൽ അഞ്ചുവരെ കോട്ടയ്ക്കകത്ത് എസ്.എൻ.ഡി.പി. സ്കൂളിലും, ഹൈസ്കൂൾ വിദ്യാഭ്യാസം ഇടയാറന്മുള എ.എം.എം.എച്ച്. എസിലും പഠനം. തുടർന്ന് പന്തളം പോളിടെക്നിക്കിൽ നിന്ന് ഇലക്ട്രിക്കൽ എൻജിനീയറിംഗിൽ സംസ്ഥാനത്തെ ഒന്നാം റാങ്കോടെ തോമസ് പാസാകുമ്പോൾ തന്റെ സ്ഥിരോത്സാഹത്തിനുള്ള സമ്മാനം കൂടിയായി കാലം ആ വിജയത്തെ ചേർത്തുവെച്ചു. റേഷൻകട ഉടമയായിരുന്ന പിതാവിന്റെ കണക്കും മറ്റും ചെറുപ്പം മുതലേ കൈകാര്യം ചെയ്ത് പരിചയമുള്ള തോമസിന്റെ മനസ്സിൽ പഠനത്തോടൊപ്പം തന്നെ ബിസിനസ് ചെയ്യാനുള്ള ആഗ്രഹത്തിന്റെ വിത്തുകളും മുളച്ചു തുടങ്ങിയിരുന്നു. ജീവിതം അങ്ങനെയാണല്ലോ, ഏതെങ്കിലും ഒരു ഘട്ടത്തിൽ അത് നമ്മൾ എത്തിപ്പെടേണ്ട മേഖലയെക്കുറിച്ചുള്ള ഒരു സൂചന തരും. തോമസിന്റെ ജീവിത യാത്രയിൽ അത്തരത്തിലൊന്ന് പിതാവിന്റെ ആ റേഷൻ കടയായിരുന്നു.

അനുഭവങ്ങളുടെ ഒരു നീണ്ട പറുദീസ തന്നെ തോമസിന്റെ ജീവിതത്തിൽ ഉണ്ടായിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് ഇന്ത്യയുടെ വായുസേന ആയിരുന്നു. പോസ്റ്റ് ആൻഡ് ടെലിഗ്രാഫിൽ ജോലി കിട്ടിയെങ്കിലും അതു വേണ്ടന്നു വച്ച്, 1971 ഡിസംബറിൽ പാകിസ്താനുമായുള്ള യുദ്ധത്തിനു ശേഷം വായുസേനയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട് 1972 മുതൽ 11 വർഷത്തോളം ഇന്ത്യൻ എയർഫോഴ്സിൽ ഹെവി ട്രാൻസ്പോർട്ട് അൻറോനോവ് വിമാനങ്ങൾ പരിപാലിക്കാനുള്ള അവസരം ലഭിച്ചു.

തുടർന്ന് അവിടെനിന്നും ആഫ്രിക്കയിലേക്കായിരുന്നു തോമസ് സഞ്ചരിച്ചത്. 11 വർഷകാലം ആഫ്രിക്കയിൽ സേവനമനുഷ്ഠിച്ച അദ്ദേഹം ലോകത്തിലെ ഏറ്റവും മികച്ച രാജ്യത്തുനിന്നും, ഏറ്റവും ദരിദ്ര രാജ്യത്തുനിന്നും തനിക്ക് വേണ്ട അനുഭവങ്ങൾ സ്വീകരിച്ചു. ആഫ്രിക്കയിലെ 11 വർഷക്കാലത്തെ ജീവിതമായിരുന്നു തോമസിനെ പുതിയൊരു വഴിത്തിരിവിലേക്ക് കൊണ്ടെത്തിച്ചത്.

### അമേരിക്ക തന്ന അനുഭവ സമ്പത്ത്

1995-ലാണ് ഒരു സുഹൃത്തിന്റെ അതിഥി ആയി തോമസ് യു.എസിലേക്ക് സന്ദർശക വിസയിൽ എത്തുന്നത്. അതുവരെ കണ്ട ജീവിതമേ ആയിരുന്നില്ല പിന്നീട്. അടിമുടി ദിനംപ്രതി അത് മാറിക്കൊണ്ടേയിരുന്നു. പ്രായം കൂടുന്തോറും ജീവിതത്തിന്റെ ഉയർച്ചകളും കൂടിക്കൂടി വന്നു. മൂന്ന് വർഷം അമേരിക്കയുടെ ഭൂപ്രകൃതിയിൽ ഒരു സാധാരണ മനുഷ്യൻ മാത്രം ആയിരുന്നു തോമസ്. 1998ൽ തന്റെ ജീവിതത്തിലെ പുതിയൊരു ചരിത്ര നിമിഷത്തിന് സാക്ഷ്യം വഹിച്ചു. 1998-ലാണ് തോമസ് ടോമർ കൺസ്ട്രക്ഷൻ ആരംഭിക്കുന്നത്. വ്യക്തിജീവിതത്തിന്റെ വളർച്ചയ്ക്കൊപ്പം രാജ്യത്തിന്റെ തന്നെ വളർച്ചയ്ക്കും സഹായകമായി മാറിയ ടോമർ വളരെ പെട്ടെന്നാണ് വളർച്ചയുടെ പുത്തൻ ഇടങ്ങളിലേക്ക് പടർന്നത്.

തോമസിന് വെറുമൊരു കമ്പനി മാത്രമായിരുന്നില്ല ടോമർ. തന്റെ ചുറ്റുമുള്ള മനുഷ്യർക്ക് രക്ഷപ്പെടാൻ ഇട്ടുകൊടുക്കേണ്ട ഒരു കച്ചിത്തുരുമ്പ് കൂടിയായിരുന്നു. ജോലിക്കുവേണ്ടി അലഞ്ഞുതിരിഞ്ഞ് നടന്നിരുന്ന സ്വന്തം നാട്ടിലെ മനുഷ്യരെ ചേർത്തുനിർത്താനുള്ള ഒരു കൂര തന്നെയായിരുന്നു. നിരവധി തൊഴിലവസരങ്ങൾക്ക് ടോമർ വഴി തുറന്നപ്പോൾ അത് കൂടുതൽ ഗുണകരമായത് മലയാളികൾക്ക് തന്നെയാണ്. കമ്പനിക്കു നേതൃത്വം കൊടുക്കുന്നത് 95% മലയാളികൾ ആണെന്നത് തന്നെയാണ് ലോക ഭൂപടത്തിൽ ടോമറിനെ വ്യത്യസ്തമാക്കുന്നത്. എൻജിനീയറിംഗിൽ ഉന്നത വിദ്യാഭ്യാസത്തിന് അമേരിക്കയിൽ വരുന്ന പല മലയാളികളുടെയും ആശ്രയം തന്നെ ടോമർ ഗ്രൂപ്പ് ആണ്. പ്രതിസന്ധികൾ ഏറെയുണ്ടായിരുന്നെങ്കിലും കമ്പനിയെ തോമസും സഹ നടത്തിപ്പുകാരും വളർച്ചയിലേക്ക് കൈ പിടിച്ചു നടത്തി.

ന്യൂജേഴ്സി ആസ്ഥാനമായി പ്രവർത്തിക്കുന്ന ടോമർ കൺസ്ട്രക്ഷൻ ഗ്രൂപ്പ് അടിസ്ഥാന സൗകര്യങ്ങൾ, ജലം, മലിനജല പ്ലാന്റുകൾ, പവർ പ്ലാന്റുകൾ, പവർ സ്റ്റേഷനുകൾ, ബ്രിഡ്ജ് കം റെഗുലേറ്ററുകൾ, എക്സിബിഷൻ പവലിയനുകൾ, എഞ്ചിനീയറിംഗ് ഡിസൈൻ, വ്യാവസായിക നിയന്ത്രണങ്ങൾ, ഓട്ടോമേഷൻ, ഇൻസ്ട്രുമെന്റേഷൻ, ഡാറ്റ സംവിധാനങ്ങൾ തുടങ്ങിയവയുടെ നിർമാണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. അമേരിക്കയിലും യുഎഇയിലും ഇന്ത്യയിലും ശ്രദ്ധേയ സാന്നിധ്യമായി ടോമർ മാറിയതിന് പിന്നിൽ ഒരു പത്തനംതിട്ടക്കാരൻ മലയാളിയുടെ കൈകൾ ഉണ്ട് എന്നുള്ളത് ഏറെ അഭിമാനത്തോടെ നമ്മൾ നോക്കിക്കാണേണ്ട ഒന്നാണ്. പിതാവിന്റെ റേഷൻ കടയിൽനിന്നും തോമസ് വളർന്നത് ലോകത്തിലെ തന്നെ ഏറ്റവും മികച്ച ഒരു കമ്പനിയുടെ സ്ഥാപകനായിട്ടാണ്.

### ടോമർ ഗ്രൂപ്പ് എന്ന ഗെയിം ചെയ്ഞ്ചർ

തോമസിന്റെ വളർച്ചയെക്കുറിച്ച് പറയുമ്പോൾ ഏറ്റവുമധികം എടുത്തുപറയേണ്ട ഒന്ന് ടോമർ എന്ന കമ്പനി തന്നെയാണ്. ജീവിതത്തിനു മുൻപിൽ അനന്തസാധ്യതകൾ തുറന്നിടുകയാ











ണ് ടോമർ ആദ്യം ചെയ്തത്. താൻ മനസ്സിൽ കുറിച്ചിട്ടതുപോലെ മറ്റുള്ളവർക്ക് നന്മ ചെയ്യാനുള്ള ഒരു അവസരവും, വിദേശത്തുനിന്നും സ്വന്തം നാടിനേ സേവിക്കാനുള്ള വഴിയും, ലോകത്തെ മികച്ച സംരംഭകരിൽ ഒരാളായി മാറാനുള്ള കരുത്തും തോമസിന് നൽകിയത് ടോമറാണ്. നിരവധി പ്രവർത്തനങ്ങൾ അമേരിക്കയിലും കേരളത്തിലെ തന്നെ വിവിധ ഭാഗങ്ങളിലും ടോമർ ചെയ്തിട്ടുണ്ട്. ടോമർ പ്രധാന പങ്കാളിയായ മേരിമാതാ കൺസ്ട്രക്ഷനുമായി ചേർന്നാണ് വേമ്പനാട് കായൽ പ്രദേശത്തെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സ്വപ്നമായിരുന്ന തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാംഘട്ട നിർമാണം പൂർത്തിയാക്കിയത്. അതോടൊപ്പം തന്നെ പ്രതിദിനം 5 ദശലക്ഷം ലിറ്റർ ശേഷിയുള്ള മലിനജല ശുദ്ധീകരണ പ്ലാന്റിന്റെ നിർമ്മാണം കൊച്ചിയിലും പൂർത്തിയാക്കി.

2013 മുതൽ ദുബായിലെ ഗ്ലോബൽ വില്ലേജിൽ പ്രദർശന പവലിയനുകൾ രൂപകൽപന ചെയ്യുകയും നിർമ്മിക്കുകയും ചെയ്തത് ടോമറിന്റെ കരിയറിലെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു.

അമേരിക്കയ്ക്കുമപ്പുറം വളർന്നു പന്തലിച്ച ടോമർ എന്നും കേരളത്തിന്റെ അഭിമാനം തന്നെയാണ്. ഇത്തരം സംരംഭകരെ നമ്മുടെ രാജ്യവും ജനങ്ങളും ആദരിക്കേണ്ടതുണ്ട്.

### ടോമർ എന്ന തോമസിന്റെ ഭൂമി

ടോമർ കൺസ്ട്രക്ഷൻ വിദേശ കമ്പനിയാണെന്നും വിദേശികൾക്ക് കരാർ നൽകാനാവില്ലെന്നും ചൂണ്ടിക്കാട്ടി ഹൈക്കോടതിയിൽ ചിലർ കേസ് നൽകിയിരുന്നു, പക്ഷേ കേരളത്തിൽ നിന്നും അമേരിക്കയിലെത്തി വിജയം നേടിയ ഒരു വ്യക്തി ജന്മനാടിനായി ചെയ്യുന്ന കാര്യങ്ങളിൽ എന്തു വിദേശബന്ധമാണ് ആരോപിക്കാനുള്ളതെന്ന് വിലയിരുത്തി കോടതി തന്നെ കേസ് തള്ളുകയായിരുന്നു.

നാട്ടിലെ പല കമ്പനികളും ടോമറിനെതിരെ ലോബിയിംഗ് നടത്തിയെങ്കിലും ഫലം കണ്ടില്ല. കോർപ്പറേറ്റ് രൂപമൊന്നുമില്ലെങ്കിലും അമേരിക്കൻ മലയാളികൾക്ക് പിന്തുണയുമായി നിൽക്കുന്നത്. ഇവിടുത്തെ മാധ്യമങ്ങൾ തന്നെയാണ് എന്ന് വ്യക്തമാക്കുന്ന ഒന്നായിരുന്നു ടോമറിന്റെ ഈ വിജയം. സാങ്കേതികവിദ്യ ഏറെ ആവശ്യമുള്ള ജോലികളാണ് ടോമർ ഏറ്റെടുക്കുന്നത്. അതുകൊണ്ടു തന്നെ യൂറോപ്യൻ വംശജരുടെ കമ്പനികളുമായാണ് കമ്പനിക്ക് കൂടുതൽ മത്സരം. പലപ്പോഴും ടെൻഡർ നൽകുന്നവരിൽ ടോമർ മാത്രമാകും ഇന്ത്യക്കാർ. നൂറിലേറെപ്പേർ ഇവിടെ ജോലിക്കാരായുണ്ട്. ഇതിനു പുറമെ കൊച്ചി ആസ്ഥാനമായും ഓഫിസുണ്ട്.

മുണ്ടൻവേലയിൽ 30 കോടി രൂപയുടെ മലിനജല ശുദ്ധീകരണ പദ്ധതി നിർമാണ മധ്യേ അനാവശ്യമായ രാഷ്ട്രീയ ഇടപെടൽ കാരണം നിർത്തേണ്ടതായി വന്നു. എക്സ്പീരിയൻസ് ഇല്ലാത്ത എൻജിനീയർമാരെ സഹായിക്കാനായി ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ മേഖലകളിൽ ട്രെയിനിംഗ് കം എക്സ്പീരിയൻസ് പ്രോഗ്രാം ടോമറിന്റേതായി കൊച്ചിയിൽ നടക്കുന്നുണ്ട്. മാതൃവിദ്യാലയമായ എൻ.എസ്.എസ് പോളിടെക്നികുമായി സഹകരിച്ച പാലിയേറ്റീവ് കെയർ യൂണിറ്റിനും ടോമർ നേതൃത്വം കൊടുക്കുന്നു.

### തിരക്കിനിടയിലും വിട്ടുപോകാത്ത നന്മകൾ

കമ്പനിയുടെ തിരക്കിനിടയിലും മറ്റും ചെങ്ങന്നൂരിലെ പ്രൊവിഡൻസ് എൻജിനീയറിങ് കോളജ് വിദ്യാർഥികളുമായി ഭാവിയെപ്പറ്റി ആശയ വിനിമയം നടത്താനും തോമസ് സമയം കണ്ടെത്താറുണ്ട്. അതൊരു മികച്ച അനുഭവമായി അദ്ദേഹം കാണുന്നു. പുതുതലമുറയുടെ പുത്തൻ ആശയങ്ങൾ കേൾക്കുന്നതും അത് നടപ്പിലാക്കാൻ ശ്രമിക്കുന്നതും ഒരുതരത്തിൽ തന്നെ പുതുക്കാനുള്ള വിദ്യയായി തോമസ് ഉപയോഗപ്പെടുത്തുന്നു. അവിടെനിന്നും പഠിച്ചിറങ്ങിയ ഒരു വിദ്യാർത്ഥിയെ തന്റെ കമ്പനിയുടെ ഭാഗമാക്കി ജീവിതത്തിലേക്ക് കൈപിടിക്കുകയാണ് തോമസ് മൊട്ടയ്ക്കൽ. ദുബായ് കേന്ദ്രമായും ടോമർ എന്ന കമ്പനി പ്രവർത്തിക്കുന്നുണ്ട്. ഗ്ലോബൽ വില്ലേജിലെ ടോമറിന്റെ നിർമ്മാണങ്ങൾ ശ്രദ്ധേയമാണ്. 2013 മുതൽ ദുബായിലെ ഗ്ലോബൽ വില്ലേജിൽ പ്രദർശന പവലിയനുകൾ രൂപകൽപന ചെയ്യുകയും നിർമ്മിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്ത ഏക മലയാളി കമ്പനി ടോമർ ആണ് എന്നത് എടുത്തുപറയാവുന്ന നേട്ടങ്ങളിൽ ഒന്നാണ്.

ആത്മാർത്ഥതയും അർപ്പണബോധവുമുള്ള മലയാളി പ്രൊഫഷണലുകൾ ആണ് തന്റെ മുതൽക്കൂട്ടെന്ന് തോമസ് വിശ്വസിക്കുന്നു. തൊഴിൽ ദാതാവും തൊഴിലാളിയും ഒരേ നാണയത്തിന്റെ രണ്ടുവശങ്ങളാണെന്നും അവർ പരസ്പരം സ്നേഹിച്ചും വിശ്വസിച്ചും കരുതിയും പ്രവർത്തിച്ച് വിജയം കൊയ്യുന്നതിന്റെ ഉത്തമ ഉദാഹരണമാണെന്നും ടോമർ ഗ്രൂപ്പ് കമ്പനികളും അതിന്റെ ആഗോള പ്രവർത്തനങ്ങളും തെളിയിക്കുന്നു. അമേരിക്കയിലും മറ്റ് രാജ്യങ്ങളിലും നിരവധി മലയാളികളെ പ്രവർത്തന പങ്കാളികളാക്കി സമൂഹത്തെ സേവിക്കുന്നതിൽ തോമസ് എന്ന മനുഷ്യൻ അഭിമാനിക്കുന്നു. അമേരിക്കയിൽ ഏറ്റവുമധികം മലയാളി എഞ്ചിനിയർമാർ ജോലി ചെയ്യുന്നത് തോമസിന്റെ കമ്പനിയിലാണ്.

### മഹാമാരിക്കാലം

കോവിഡ് കാലത്തെ കുറിച്ചും അതിന്റെ സംഹാരതാണ്ഡവത്തെ കുറിച്ചും, അമേരിക്കയിൽ അത് ബാധിച്ച രീതിയെ കുറിച്ചും അതിന്റെ ആശങ്കകളും അമേരിക്കൻ പ്രസിഡന്റിനെ അറിയിച്ച ഒരാൾ കൂടി ആയിരുന്നു തോമസ്. അതെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ഇങ്ങനെ... '2021 ഏപ്രിലിൽ നാട്ടിൽവെച്ച് വാക്സിൻ എടുത്തെങ്കിലും ജൂൺ മാസത്തിൽ കോവിഡ് ബാധിച്ചു. നാട്ടിൽ നല്ല പരിരക്ഷണം ലഭിച്ചു.

കോവിഡ് യൂറോപ്പിൽ മരണം വിതയ്ക്കുമ്പോൾ 2020 മാർച്ച് ഏഴിന് പ്രസിഡന്റ് ട്രംപിനെ കാണുകയുണ്ടായി. കോവിഡ് വിഷയത്തിൽ ഉള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ നിരാശ അന്നു തോന്നിയിരുന്നു. ഫലമോ, കോവിഡ് അമേരിക്കയിൽ സംഹാരതാണ്ഡവമാടി. ഇതിനിടെ സഹപ്രവർത്തകരിൽ പലർക്കും കോവിഡ് ബാധിക്കുകയും, ലോകം അവസാനിക്കാൻ പോകുന്നു എന്ന തോന്നലുണ്ടാക്കുകയും ചെയ്തു. ശ്വാസതടസ്സം കാരണം രാത്രി എഴുന്നേറ്റിരുന്നു കരഞ്ഞ കാര്യം ചില സഹപ്രവർത്തകർ പറഞ്ഞിട്ടുണ്ട്. അമേരിക്കയിൽ മരണം വ്യാപകമായപ്പോൾ നാട്ടിൽ നിന്നുള്ള പ്രതികരണങ്ങൾ ഹൃദയഭേദകമായിരുന്നു. നിങ്ങളെ പുച്ഛമാണെന്ന് പറഞ്ഞ് ഒരു ലഘുലേഖ വ്യാപകമായി പ്രചരിക്കുന്നുണ്ടായിരുന്നു. സൗഭാഗ്യം തേടിപ്പോയ നിങ്ങൾ ഇന്ന് മരണത്തിന്റെ പിടിയിലാണെന്നും കേരളത്തിൽ അത്തരം സ്ഥിതി ഇല്ലെന്നും ശൈലജ ടീച്ചർ രക്ഷകയായുണ്ടെന്നുമൊക്കെയായിരുന്നു ലഘുലേഖ. വേൾഡ് മലയാളി കൗൺസിലിന്റെ പേരിൽ ശക്തമായി അതിനെ പ്രതിരോധിക്കുകയുണ്ടായി. നാട്ടിൽ ആവശ്യങ്ങൾ വരുമ്പോൾ അമേരിക്കയും, അമേരിക്കൻ മലയാളിയും വേണം. എന്നാൽ അവർക്കൊരു പ്രശ്നം വന്നപ്പോൾ പുച്ഛമായി. 9/11 കഴിഞ്ഞപ്പോഴും കുറെ മലയാളികൾ സന്തോഷിക്കുന്നത് കണ്ടു.

അമേരിക്കയെപ്പറ്റി ഞാൻ എന്നും അഭിമാനം കൊള്ളുന്നു. വിസിറ്റിംഗ് വിസയിൽ വന്നിട്ടും ആർക്കും തനിക്കും തന്റെ ജനത്തിനും തൊഴിലും, വ്യവസായവും, സമ്പത്തും നേടാൻ അവസരമൊരുക്കിയത് ഈ രാജ്യമാണ്. ഇവിടെ പൗരത്വവും തന്നു. അതിനു തികച്ചും നന്ദിയുണ്ട്. ഈ രാജ്യം സത്യസന്ധമാണ്. കൈക്കൂലി മുക്തമാണ്. അച്ചടക്കവും, ക്രമസമാധാനവും, നിയമവാഴ്ചയും ഉണ്ട് എന്നാൽ, കേരളം 'ദൈവത്തിന്റെ സ്വന്തം നാട്' ആണ്. എന്നുവച്ചാൽ 'എല്ലാവരും ദൈവങ്ങൾ ആണ്' പ്രത്യേകിച്ച് രാഷ്ട്രീയക്കാർ എന്ന് സ്വയം പറയുന്ന അക്രമ, അരാജകത്വ വാദികൾ ആയ കുറെപ്പേർ. ഏതൊരു സമൂഹത്തിനും രാഷ്ട്രനിർമാണത്തിനും, പുനർ നിർമ്മാണത്തിനും രാഷ്ട്രീയം അത്യന്താപേക്ഷിതമാണ്. അക്രമരഹിതമായ, ആദർശധീരമായ, സമാധാനപരമായ, ആശയപരമായ നിലപാടുകൾ ഉള്ള, പ്രതിപക്ഷ ബഹുമാനമുള്ള, രാഷ്ട്രീയ തത്ത്വശാസ്ത്രം, സ്വകാര്യ മേഖല ഉൾപ്പെടെ എല്ലാ കലാലയങ്ങളിലും പഠിപ്പിക്കുവാൻ ഉള്ള ഇച്ഛാശക്തി സർക്കാരിന് ഉണ്ടാവണം. എന്നാൽ രാഷ്ട്രീയത്തിന്റെ പേരിൽ കുട്ടികളെ അക്രമത്തിന് പ്രേരിപ്പിക്കുന്ന പ്രവണത ചില പാർട്ടികൾ കാട്ടുന്നത് രാജ്യദ്രോഹവും, ഭാവിതലമുറയോടുള്ള ക്രൂരതയും, രാജ്യത്തിന് നിലനില്പ് ഇല്ലാതാക്കുന്നതും ആണ്. നിർഭയമായി അക്രമത്തിന് പ്രേരിപ്പിക്കുന്ന അമിത ധൈര്യം ഉള്ള നേതാക്കളെ വാഴ്ത്തുന്നത് ജനം നിർത്തുകയും വേണം.

### സാമൂഹ്യപ്രവർത്തനം, വേൾഡ് മലയാളി കൗൺസിൽ പ്രസിഡന്റ്

അമേരിക്കയിലെ എല്ലാ മലയാളി സംഘടനകളുമായും അടുത്ത ബന്ധമുള്ള തോമസ് മൊട്ടയ്ക്കലിന് ഒരു സംഘടനയുടെ നേതൃത്വ രംഗത്തേക്ക് വരുന്നതിന് വലിയ തടസങ്ങൾ ഒന്നുമില്ലായിരുന്നു. പക്ഷെ അദ്ദേഹം തന്റെ പ്രവർത്തന മേഖലയായി തെരഞ്ഞെടുത്തത് വേൾഡ് മലയാളി കൗൺസിൽ ആണ്. ഇന്റർ നാഷണൽ കണക്ടിവിറ്റി ഉള്ള ഒരു നെറ്റ്വർക്കിൽ താല്പര്യം തോന്നിയതാണ് പ്രധാന കാരണം. വിവിധ രാജ്യങ്ങളിൽ സഞ്ചരിച്ച് മലയാളികളെ കാണുവാനും, അവരുടെ പ്രശ്നങ്ങളും സാഹചര്യങ്ങളും പഠിക്കുവാനും ഉള്ള മനസും, സമയവും, സ്വന്തം പണവും അദ്ദേഹം കണ്ടെത്തുന്നു. അവർക്ക് ലോകത്തിന്റെ സാധ്യതകൾ തുറന്നുകൊടുക്കുവാൻ തനിക്കാവുന്നത് ചെയ്യുന്നു. അങ്ങനെയാണ് താൻ സംഘടനാ പ്രവർത്തനത്തെ കാണുന്നത്.

മലയാളി പ്രൊഫഷണലുകളുടെ ഉന്നതമായ കഴിവുകൾ ലോക ശ്രദ്ധയിലെത്തിക്കുക, അതിനായി വേദികൾ ഉണ്ടാക്കുക, അതിന്റെ ഭാഗമായി ജൂലൈ മാസത്തിൽ ഒരു ഗ്ലോബൽ ബിസിനസ് കോൺക്ലേവ് ലണ്ടനിൽ സംഘടിപ്പിക്കുന്നു. അവിടെ ചർച്ചകൾക്ക് ശേഷം ഉടലെടുക്കുന്ന ആശയങ്ങൾ ആഗോള തലത്തിൽ മലയാളിയുടെ വളർച്ചയ്ക്കായി പദ്ധതികൾ ആയി രൂപാന്തരപ്പെടുത്തും. അതുപോലെതന്നെ നമ്മുടെ വനിതകളുടെ ക്ഷേമത്തിനും വളർച്ചയ്ക്കുമായി നവംബർ മാസത്തിൽ മലേഷ്യയിൽ അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പക്കുന്നു എന്നതും. ശ്ലാഘനീയമാണ്. എമിഗ്രേഷൻ പ്രശ്നങ്ങളിൽ സഹായം, പ്രായമായവർക്കുള്ള സംരക്ഷണത്തിന്റെ ഭാഗമായി കേരളത്തിൽ ആധുനിക രീതിയിലുള്ള കെയർ ഹോംസ് നിർമ്മാണ പ്രൊജക്ട് തുടങ്ങി നിരവധി പദ്ധതികൾ മനസിലുള്ള തോമസ് മൊട്ടയ്ക്കലിന് ഇവ നടപ്പിലാക്കുന്നതിന് കേരളത്തിന്റെ പിന്തുണയാണ് വേണ്ടത്. കേരളത്തിലെ നോർക്കയും മറ്റും പൂർണ്ണ പിന്തുണ നൽകുന്നുണ്ട്.

### ദൈവ വിശ്വാസിയായ കമ്മ്യൂണിസ്റ്റ്

'ദൈവചിന്തയ്ക്ക് സ്ഥാനമില്ലാത്ത രാഷ്ട്രീയ ചിന്തയോട് താല്പര്യമില്ലെന്നാണ്' തോമസ് മൊട്ടയ്ക്കലിന്റെ പക്ഷം.

ലോകത്ത് മുഴുവൻ നടപ്പിലാക്കാൻ സാധിച്ചിരുന്നെങ്കിൽ മനോഹരമാകുന്ന ഒരാശയമാണ് കമ്മ്യൂണിസം. എല്ലാ മനുഷ്യർക്കും എല്ലാം ഒരുപോലെ ലഭിക്കുന്ന, എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന കമ്മ്യൂണിസത്തിൽ തോമസും വിശ്വസിക്കുന്നു. എന്നാൽ ദൈവമില്ല എന്ന കമ്മ്യൂണിസ്റ്റ് ചിന്ത മാത്രം അദ്ദേഹം മാറ്റിവെയ്ക്കുന്നു. അതിന് തക്കതായ കാരണവുമുണ്ട്. ഈ പ്രപഞ്ചത്തെ നിലനിർത്തുന്ന ഒരു ശക്തിയിൽ വിശ്വസിക്കേണ്ടത് പലപ്പോഴും മാനസികമായ നിലനിൽപ്പിന് ആവശ്യമാണ്. കുന്നോളം പ്രശ്നങ്ങൾ കടന്നു വരുമ്പോൾ മനസുരുകി വിളിക്കാൻ മറുപുറത്ത് ഒരാളുണ്ടാകുന്നത് അനിവാര്യമാണ്. അതുകൊണ്ട് തന്നെ ദൈവ വിശ്വാസിയായ കമ്മ്യൂണിസ്റ്റ് എന്ന് വിളിക്കപ്പെടാനാണ് തോമസ് എപ്പോഴും ഇഷ്ടപ്പെടുന്നത്.

ജീവിതത്തിന്റെ സകല ഉയർച്ച താഴ്ചകളിലും തോമസിനൊപ്പം മെഡിക്കൽ ടെക്നോളജിസ്റ്റായ ഭാര്യ മേരി തോമസും മക്കൾ ജോജി തോമസ്, ആഷിഷ് തോമസ്, മരുമക്കളായ ഡോ. ജെസി തോമസ്, ടിൻറു തോമസ്, കൊച്ചുമക്കളായ സോഫി തോമസ്, സോയി തോമസ്, അഡോണിസ് തോമസ്, ടോമി തോമസ് എന്നിവരും ഉണ്ട്. എല്ലാവരുടെയും പ്രാർത്ഥനകളിലും നന്മകളിലും തോമസ് മൊട്ടയ്ക്കൽ എന്ന മനുഷ്യനും അദ്ദേഹത്തിന്റെ പ്രസ്ഥാനങ്ങളും ഭംഗിയായി നിലനിന്നു പോകുന്നു.

### ഈ ഭൂമിയിൽ നാം വെറും അതിഥികൾ മാത്രം

ഒരു പക്ഷെ നാളത്തെ മരമായോ, ചെടികളായോ പുനർജനിച്ചേക്കാവുന്ന നമ്മൾ എന്തിന് വെട്ടിപ്പിടിക്കാൻ ഒരുങ്ങണം. ഒന്നുറപ്പുണ്ട്, ചെയ്ത നന്മകൾ മരമാകുമ്പോൾ നമുക്ക് മഴയായും ചെടിയാകുമ്പോൾ നമുക്ക് പൂവായും കൂട്ടിരുന്നേക്കാം. തോമസ് മൊട്ടയ്ക്കൽ ധീരമായി യാത്ര തുടരട്ടെ... ആശംസകൾ...










© Kerala Express

## കുവൈറ്റിൽ തീപിടിത്ത ദുരന്തത്തിൽ മരിച്ച 24 മലയാളികളുടെ കുടുംബങ്ങൾക്ക്

# ഫൊക്കാന രണ്ട് ലക്ഷം രൂപ വീതം ധനസഹായം കൈമാറി

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: കുവൈറ്റിലെ മാൻഗഫ് തീപിടിത്ത ദുരന്തത്തിൽ മരിച്ച 24 മലയാളികളുടെയും കുടുംബത്തിന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ കൈമാറി. ഇരുപത്തിനാല് കുടുംബങ്ങളിലെയും ഉത്തരവാദിത്വപ്പെട്ട കുടുംബാംഗത്തിന്റെ പേരിൽ എഴുതിയ ചെക്ക് നോർക്ക സിഇഒ അജിത്ത് കൊലശ്ശേരിക്ക് നൽകി. നോർക്ക ഓരോ കുടുംബത്തിനും ചെക്ക് കൈമാറുമെന്ന് ഡോ. ബാബു സ്റ്റീഫൻ അറിയിച്ചു.

ലോക കേരളസഭയുടെ നാലാം സമ്മേളനത്തിന്റെ ഔദ്യോഗിക ഉദ്ഘാടന വേദിയിൽ വെച്ചായിരുന്നു കുവൈറ്റ് തീപിടിത്ത ദുരന്തത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ ഫൊക്കാനയുടെ സഹായം പ്രഖ്യാപിച്ചത്. തീപിടിത്ത ദുരന്തത്തിൽ ജീവൻ പൊലിഞ്ഞവരുടെ കുടുംബത്തിന്റെ ദുഃഖത്തിൽ ലോക മലയാളികൾക്കൊപ്പം ഫൊക്കാനയും പങ്കുചേരുകയാണ് ചെയ്തത്. ആശയറ്റ കുടുംബങ്ങൾക്ക് ഫൊക്കാനയെ കൊണ്ട് ചെയ്യാൻ പറ്റുന്നത് ചെയ്യുക. അവർക്ക് ഇപ്പോൾ നമ്മുടെയൊക്കെ സഹായമാണ് വേണ്ടത്. ഒപ്പം ചേർത്ത് നിർത്തുകയും വേണമെന്ന്




ഡോ. ബാബു സ്റ്റീഫൻ പറഞ്ഞു. ആ വിയോഗങ്ങൾ നികത്താവുന്നതിലും അപ്പുറമാണ്. കേരളത്തിന് പുറത്ത് ജോലി തേടി പോകുന്ന ഓരോ പ്രവാസിയും ഇത്തരം നിരവധി പ്രതിസന്ധികളിലൂടെയാണ് കടന്നു പോകുന്നത്. ഈ ദുരന്തം കേരളജനതയ്ക്ക് താങ്ങാനാവുന്നതല്ലെന്നും അദ്ദേഹം പറഞ്ഞു.

ഫൊക്കാന ജനറൽ സെക്രട്ടറി ഡോ. കലാ ഷഹി, ട്രഷറാർ ബിജു ജോൺ കൊട്ടാരക്കര, കൺവൻഷൻ ചെയർമാൻ ജോൺസൺ തങ്കച്ചൻ, വിമൺസ് ചെയർ ബ്രിഡ്ജറ്റ് ജോർജ്, ബോർഡ് വൈസ് ചെയർമാൻ സണ്ണി മറ്റമന, ഇലക്ഷൻ കമ്മീഷണർ ഫിലിപ്പോസ് ഫിലിപ്പ്, അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി സോണി അമ്പൂക്കൻ, ചാരിറ്റി കോ-ഓർഡിനേറ്റർ ജോയി ഇട്ടൻ, കൺവൻഷൻ കോ-ഓർഡിനേറ്റർ വിജോയ് പട്ടമ്പാടി, മുൻ ഫൊക്കാന പ്രസിഡണ്ട് അനിരുദ്ധൻ നായർ, മന്മഥൻ നായർ തുടങ്ങിയ ഫൊക്കാനയുടെ ലോക കേരളസഭാ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിലായിരുന്നു ഡോ. ബാബു സ്റ്റീഫൻ ഈ സഹായം പ്രഖ്യാപിച്ചത്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ഇത്തരത്തിലുള്ള അവശ്യ സന്ദർഭങ്ങളിലും ഫൊക്കാന എക്കാലവും മറ്റ് പ്രവാസി സംഘടനകളിൽനിന്നും വേഗത്തിൽ പ്രവർത്തിക്കുന്ന രീതിയാണ് ഫൊക്കാനയുടെ ആരംഭംമുതൽ ഉണ്ടായിട്ടുള്ളത്.

ഡോ. ബാബു സ്റ്റീഫന്റെ നേതൃത്വത്തിൽ കഴിഞ്ഞ രണ്ട് വർഷമായി നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇതിനോടകം നടത്തിക്കഴിഞ്ഞു. അപ്രതീക്ഷിതമായ കേരളത്തെ ഞെട്ടിച്ച ഈ ദുരന്തത്തിൽപ്പെട്ടവർക്ക് അമേരിക്കൻ മലയാളികളുടെ സഹായമായി ഫൊക്കാന താങ്ങും തണലുമായത് ലോക മലയാളി സമൂഹത്തിന് തികച്ചും അഭിമാനകരം തന്നെ.

## എസ്ബി ആൻഡ് അസംപ്ഷൻ അലുംമ്നി അസോസിയേഷൻ സമ്മർ ഫാമിലി മീറ്റും അക്കാഡമിക് എക്സലൻസ് അവാർഡ് നൈറ്റും ആഘോഷിച്ചു

ചിക്കാഗോ: എസ്ബി ആൻഡ് അസംപ്ഷൻ കോളജ് അലുംമ്നി അസോസിയേഷന്റെ ചിക്കാഗോ ചാപ്റ്റർ 2024-ലെ സമ്മർ ഫാമിലി മീറ്റും അക്കാഡമിക് എക്സലൻസ് അവാർഡ് നൈറ്റും ഡെസ്പ്ലെയിൻസ് കോർട്ലാൻഡ് സ്ക്വയറിൽ ജൂൺ 23-ന് പ്രൗഢ ഗംഭീരമായി ആഘോഷിച്ചു.

തോമസ് ഡിക്രൂസ്

എസ്ബി കോളജ് മുൻ പ്രിൻസിപ്പലും സംഘടനയുടെ രക്ഷാധികാരിയുമായ റവ. ഡോ. ജോർജ് മഠത്തിപ്പറമ്പിൽ പരിപാടികൾ ഭദ്രദീപം തെളിച്ച് ഉദ്ഘാടനം ചെയ്തു.

പുതിയ തലമുറയുടെ നേതൃത്വത്തിൽ സംഘടന കൂടുതൽ ഊർജസ്വലമായി മുമ്പോട്ട് പോകുന്നത് ചാരിതാർഥ്യജനകമാണെന്ന് ഡോ. മഠത്തിപ്പറമ്പിൽ പറഞ്ഞു.

എസ്ബി, അസംപ്ഷൻ കലാലയങ്ങളിലെ വിദ്യാഭ്യാസത്തിന് ശേഷം സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ഉന്നതപദവിയിൽ എത്തിച്ചേർന്നവരെ അദ്ദേഹം പരാമർശിച്ചു. പുതിയ തലമുറ അവരെ മാതൃകയാക്കണം.

ജോർജ് ആൻഡ് സൂസൻ ഇല്ലിക്കലും സംഘവും നയിച്ച പ്രാർത്ഥനാഗാനത്തിനുശേഷം വൈസ് പ്രസിഡണ്ട് മാത്യു ദാനിയേൽ സദസ്സിന് സ്വാഗതം പറഞ്ഞു.

ഡോ. മനോജ് മാത്യു നേര്യംപറമ്പിൽ അധ്യക്ഷപ്രസംഗം നടത്തി. തുടർന്ന് ചടങ്ങിൽ മുഖ്യ അതിഥികളായിരുന്ന ചിക്കാഗോ മാർത്തോമാ പള്ളി വികാരി റവ. എബി എം. തോമസ് തരകൻ, പൂർവ്വവിദ്യാർത്ഥിയും സംഘടനയുടെ ഉപരക്ഷാധികാരിയുമായ ചിക്കാഗോ സീറോ മലബാർ രൂപതാ പ്രൊക്യൂറേറ്റർ റവ. ഫാ. കുര്യൻ നെടുവേലി ചാലുങ്കൽ എന്നിവർ പൂർവ്വവിദ്യാർത്ഥി സംഗമത്തിന് ആശംസകൾ നേർന്നു.




അഞ്ജലി ആൻഡ് അനുപമ മാത്യൂസ്, അമ്പിളി ജോർജ്, തോമസ് ഡിക്രൂസ്, ആൻഡ്രിയ മജു എന്നിവർ ഗാനങ്ങൾ ആലപിച്ചു. ബ്ലസൻ ആൻഡ് ബെറ്റി സെബാസ്റ്റ്യന്റെ നൃത്തപരിപാടിയെ തുടർന്ന് അക്കാഡമിക് എക്സലൻസ് അവാർഡുകളുടെയും അലുമ്നി അസോസിയേഷൻ ദേശീയതലത്തിൽ നടന്ന ഉപന്യാസ മത്സരത്തിന്റെയും വിജയികളെ പ്രഖ്യാപിച്ചു.



തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഡോ. ജോർജ് മഠത്തിപ്പറമ്പിൽ അവാർഡ് ദാനം നിർവഹിച്ചു. അസോസിയേഷൻ സെക്രട്ടറി തോമസ് ഡിക്രൂസ് സദസ്സിന് നന്ദി പറഞ്ഞു.

മുൻ പ്രസിഡണ്ടുമാരായ പ്രൊഫ. ജെയിംസ് ഓലിക്കര, ജിജി മാടപ്പാട്, ഷാജി കൈലാത്തു, ബിജി കൊല്ലാപുരം, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ സെബാസ്റ്റ്യൻ വാഴേപറമ്പിൽ, ഷിജി ചിറയിൽ, ബോബൻ കളത്തിൽ, ജോൺ നടക്കപ്പാടം, ജോസഫ് കാളാശ്ശേരി, ജോർജ് ഇല്ലിക്കൽ, ജോളി കുഞ്ചെറിയ, അമ്പിളി ജോർജ്, ജോസുകുട്ടി പാറക്കൽ, മനോജ് തോമസ്, സണ്ണി വള്ളിക്കളം, ആന്റണി പന്തപ്ലാക്കൽ എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ആഘോഷപരിപാടികളിൽ മുൻ പ്രസിഡണ്ട് ഷിബു അഗസ്റ്റിൻ എംസി ആയിരുന്നു.

ഇല്ലിനോയിയിലും സമീപ സ്റ്റേറ്റുകളിൽ നിന്നുമുൾപ്പെടെ എസ്ബി, അസംപ്ഷൻ പൂർവവിദ്യാർത്ഥികൾ കുടുംബസമേതം പങ്കെടുത്ത സമ്മേളനം സ്നേഹവിരുന്നോടെ സമാപിച്ചു.


FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
Shashi Tharoor
Mukesh
John Brittas
21ST FOKANA
Convention at WASHINGTON DC
2024
July
18, 19 & 20
Nikesh Kumar
Anju Joseph
Murukan Kattakada
Kallu & Mathu
DR. BABU STEPHEN
President
DR. KALA SHAHI
Gen. Secretary
BIJU JOHN
Treasure
JOHNSON THANKACHAN
Convention Chairman
Advt001

# യഥാർത്ഥ മാനസാന്തരം ഗുണകരമായ ഫലങ്ങൾ ഉല്പാദിപ്പിക്കുന്നു

**പാസ്റ്റർ ജോൺസൺ സഖറിയ**

'മെറ്റാനോയിയോ' ഈ പദം ഒരുത്തൻ തന്റെ കർത്തവ്യങ്ങളെക്കുറിച്ചും തന്റെ സ്ഥിതിയെക്കുറിച്ചും ദൈവകൃപയെക്കുറിച്ചും തന്റെ പല സ്വഭാവത്തെക്കുറിച്ചും മുമ്പുണ്ടായിരുന്ന ദുരഭിപ്രായങ്ങൾ മാറി സത്യബോധമുണ്ടാകുന്നതിനെ കുറിക്കുന്നു. 'എഫിസ്റ്റ്റെഫോ' ഈ പദം സൂചിപ്പിക്കുന്നതോ ഒരുത്തൻ തിന്മയിൽ നിന്നും സത്യത്തിലേക്ക് തന്നത്താൻ തിരിയുന്നതിനെയത്രെ. ആധികാരഭാഷകളിലെ ഈ വാക്കുകൾക്ക് ആർക്കും മനസ്സിലാകുന്ന ലളിതമായ ഭാഷാന്തരം 'മാനസാന്തരം' എന്നത്രെ. ഏത് പാമരനും മനസ്സിലാകുന്ന ലളിതമായൊരു പദം.

ഏതു മനുഷ്യനും മനസ്സിലാകുന്ന വിധം ബൈബിൾ മാനസാന്തരത്തിന്റെ വിശാലാർത്ഥങ്ങൾ വ്യക്തമാക്കുന്നുണ്ട്. അതിൽ പ്രധാനമായ രണ്ടെണ്ണം (1) അനുതാപത്താലുളവാകുന്ന മാസാന്തരം. (2) അനുതാപമില്ലാത്ത മാനസാന്തരം. ഇന്ന് ഏറെയും കാണുന്നത് രണ്ടാം തരത്തിലെ മാനസാന്തരമാണ്. ഒരുവന്റെ പെരുമാറ്റത്തിലോ സംസാരത്തിലോ വന്ന പാകപ്പിഴകളാൽ മറ്റുള്ളവർക്ക് നേരിട്ട അപമാനത്തിൽ ദുഃഖിക്കുന്ന ഒരുവന്റെ നുറുങ്ങിയ ഹൃദയത്തിൽ നിന്നും പുറപ്പെടുന്ന വാക്കുകൾ മുറിവേറ്റവന്റെ മുറിവിൽ വേദനസംഹാരിയായി തീരുന്നുവെങ്കിൽ അതാണ് അനുതാപത്തിൽ നിന്നും ഉളവാകുന്ന മാനസാന്തരം.

ഇന്ന് ഏറെയും പൊള്ളയായ വാക്കുകളാൽ 'തേക്കുന്ന' രീതികളും പരിഹാസങ്ങളുടെ 'ട്രോളുകളും' നമ്മുടെ ഇടയിൽ വ്യാപകമാണല്ലോ. മറ്റുള്ളവരെ 'കീറിവരഞ്ഞ് മസാലപുരട്ടി' ആഹ്ലാദിക്കുന്ന അനവധി ഭോഷ്കിന്റെ സന്തതികൾ എങ്ങും പ്രത്യേകിച്ച് മതങ്ങളുടെ മറവിൽ തടിച്ചു കൊഴുത്ത് പലതിന്റെയും ചുമതലക്കാരായി തീർന്നിരിക്കുന്നതിനാൽ മനോഭാരവും അപമാനഭാരവും അനുഭവിച്ച് ഇരുട്ടുമുറിയിലെന്നപോലെ ജീവിക്കുന്ന അനേകരുടെയും ജീവിതം അവർക്ക് കണ്ടും കേട്ടും രസിക്കുവാനുള്ള ഒരു കളിപ്പാട്ടം പോലെ ആയിത്തീർന്നു. സാന്ത്വനത്തിന്റെ ഒരു വാക്ക് കേട്ടിരുന്നുവെങ്കിൽ അനേകർക്കും അതൊരു രോഗാണുനാശകരമായ ഔഷധത്തെക്കാളും ഗുണ



ലേഖകൻ

കരമായേനേ! മനസ്സോടെയല്ലെങ്കിലും ചുമ്മാ 'സോറി' പറയുന്ന പലരുമുണ്ട്. അത് പലരേയും ഒതുക്കുവാനുള്ള വലിയൊരു തന്ത്രമാണ്. എന്നാൽ, ഹൃദയത്തിൽ നിന്നും വരുന്ന ഒരു 'സോറിക്ക്' മനസ്സിന്റെ പോറലുകളെ സുഖപ്പെടുത്തുവാൻ കഴിയും.

യരീഹോവിൽ ധനികനായൊരു ഗവൺമെന്റ് ഉദ്യോഗസ്ഥനുണ്ടായിരുന്നു. തനിക്ക് അധികാരമുണ്ടായിരുന്നെങ്കിലും ഒട്ടുമേ എങ്ങും ഒരംഗീകാരവും ഇല്ലായിരുന്നു. പെട്ടെന്നാണ് തന്നിൽ ചില ചിന്തകൾ ഉരുത്തിരിഞ്ഞത്. അതിൽ പ്രധാന ചിന്ത തന്റെ സമീപത്തുകൂടെ കടന്നുപോകുന്ന യേശുവിനെ ഒന്നു കാണണം എന്നതായിരുന്നു. അതിനുള്ള ശ്രമം നടത്തിയെങ്കിലും ആഗ്രഹം നിഷ്ഫലമായിപ്പോയി. കാരണങ്ങൾ പ്രധാനമായും രണ്ടാണ്. ഒന്ന് താൻ വളർച്ചയിൽ കുറുകിയവനായിപ്പോയി. രണ്ട് യേശുവിന് ചുറ്റും നിൽക്കുന്നവരെല്ലാം വളർച്ചയിൽ നീളം കൂടിയും പോയി. അപ്പോഴാണ് നീളം കൂടിയവരെക്കാളും നീളമുള്ള ഒരു കാട്ടത്തി അടുത്തുള്ളത് തന്റെ ഓർമ്മയിൽ വന്നത്. ഒട്ടും വൈകിയില്ല. താൻ ഓട്ടം തുടങ്ങി. ബദ്ധപ്പെട്ടാണെങ്കിലും ആ ധനവാൻ മരത്തിനു മുകളിലെത്തി. ആശ്വാസമായി, എന്നെ ആരും കാണുകയില്ല, എനിക്ക് എല്ലാവരെയും കാണാമല്ലോ എന്നു ചിന്തിച്ചിരിക്കുന്ന സഖായിയെ അമ്പരപ്പിച്ചുകൊണ്ട് മരത്തിന്റെ ചുവട്ടിൽ നിൽക്കുന്ന യേശു തന്റെ പേരുവിളിച്ചുകൊണ്ട് പറയുകയാണ് "സഖായിയെ വേഗം ഇറങ്ങി വാ, ഞാൻ ഇന്ന് നിന്നോടു കൂടെ നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു."


ബദ്ധപ്പെട്ട് മരത്തിൽ നിന്നും ഇറങ്ങിയ സഖായി യേശുവിനോടൊപ്പം തന്റെ വീട്ടിലെത്തി. ഇതിനിടയിൽത്തന്നെ സഖായിയിൽ കുറ്റബോധത്തിന്റെയും അനുതാപത്തിന്റെയും ആന്തരിക പ്രവർത്തനം തുടങ്ങിയിരുന്നു. സഖായി ആദ്യമായി യേശുക്രിസ്തുവിന്റെ മുമ്പിൽ കുമ്പസാരിച്ചു എന്നു പറഞ്ഞാലും തെറ്റില്ല. മാനസാന്തരത്തിന്റെ ഫലങ്ങൾ പെട്ടെന്നുതന്നെ തന്നിൽ ഉളവായി. അനുതാപത്തോടു കൂടിയ മാനസാന്തരത്തിന്റെ വാക്കുകളാണ് നമുക്കു കേൾക്കുവാൻ കഴിയുന്നത്. ഇതുവരെ ദരിദ്രരെ വെറുത്തിരുന്ന സഖായ് മാനസാന്തരപ്പെട്ടു കഴിഞ്ഞപ്പോൾ പറയുന്നത്, ഒന്ന് എന്റെ വസ്തുവകയിൽ പകുതി വിറ്റ് ഞാൻ ദരിദ്രർക്കു കൊടുക്കും. രണ്ട് ചതിവായി വാങ്ങിയതെല്ലാം നാല് ഇരട്ടിയായി തിരിച്ചു കൊടുക്കും.

യഥാർത്ഥമായ മാനസാന്തരം ഗുണകരമായ ഫലങ്ങളെ ഉളവാക്കുന്നതാണ്. നമ്മുടെ ഇടയിൽ ചിലരിൽ ഈ മാനസാന്തരം വന്നിരുന്നെങ്കിൽ എത്രയോ ദരിദ്രന്മാർ രക്ഷപ്പെട്ടേനെ! ചതിവിൽ അകപ്പെട്ട അനേകർക്കും ഒരു ഉയിർത്തെഴുന്നേല്പ് ഉണ്ടാകുകയില്ലേ? ചിലരെങ്കിലും ചതിവിൽക്കൂടി വാങ്ങിക്കൂട്ടിയതിന്റെ ഒരംശമെങ്കിലും തിരികെ കിട്ടിയിരുന്നെങ്കിൽ നമുക്ക് ഈ സമൂഹത്തിന് ഗുണകരമായ എന്തെല്ലാം നല്ലകാര്യങ്ങൾ ചെയ്യാമായിരുന്നു. ഒരുമിച്ചു കൊടുക്കുവാൻ കഴിയുന്നില്ലെങ്കിൽ 'മാസപ്പടി' ആയിട്ടു കൊടുത്താലും മതിയായിരുന്നു. മാനസാന്തരത്തെക്കുറിച്ചു പ്രബന്ധം എഴുതി ബിരുദങ്ങൾ നേടിയവർ പോലും മാനസാന്തരപ്പെടുവാൻ താമസിക്കുന്നു എന്നതും ഖേദകരം തന്നെ.

മാനസാന്തരം എന്ന വിത്ത് നമ്മിൽ വീണു കിളിർക്കട്ടെ. അതൊരു വലിയൊരു ഫലവൃക്ഷമായും വളരട്ടെ. അതല്ലാതെ വളരെ മണിക്കൂറുകൾ വാചാലമായി ആരെയൊക്കെ പഠിപ്പിക്കാൻ കണ്ഠക്ഷോഭം നടത്തിയിട്ട് കൂലിയും വാങ്ങി പഴയ പണി തുടർന്നാൽ എല്ലാവരും പറയും 'സോറി, റിയലി സോറി'. നമ്മിൽ ഉളവാകട്ടെ മാനസാന്തരത്തിന്റെ ഫലങ്ങൾ!

## ഡോ. സണ്ണി സ്റ്റീഫൻ സമാധാന സന്ദേശങ്ങളുമായി നോർത്തമേരിക്കയിൽ

**ഡോ. സന്തോഷ് ടി. ജോൺ**




ഡാളസ്: വേൾഡ് പീസ് മിഷൻ ചെയർമാനും ലോകപ്രശസ്ത കുടുംബപ്രേഷിതനും ഫാമിലി കൗൺസിലറും സംഗീതസംവിധായകനുമായ ഡോ. സണ്ണി സ്റ്റീഫൻ, ദൈവവചനത്തിന്റെയും ദൈവാനുഭവങ്ങളുടെയും അനുഗ്രഹസന്ദേശങ്ങളുമായി ഈ വർഷം ഓഗസ്റ്റ് ആദ്യവാരം മുതൽ ഒക്ടോബർ 15 വരെ അമേരിക്കയിലും തുടർന്ന് കാനഡയിലും വചനസന്ദേശങ്ങൾ നല്കുന്നു. പ്രായോഗിക ജീവിതപാഠങ്ങൾ രസകരമായും ലളിതമായും പറഞ്ഞുതന്ന് വചനം പങ്കുവെക്കുന്ന ഇദ്ദേഹത്തിന്റെ വ്യാഖ്യാന രീതി വ്യത്യസ്തവും ശ്രദ്ധേയവുമാണ്. ലോകസമാധാന സന്ദേശങ്ങളുമായി 54 രാജ്യങ്ങളിൽ 43 വർഷമായി സഞ്ചരിക്കുന്ന ഈ അനുഗൃഹീത സമാധാനപ്രേഷിതൻ അനേകം ജീവിതങ്ങളെ അനുഭവങ്ങളും അറിവുകളും പങ്കുവെച്ചും കൗൺസിലിങ്ങിലൂടെയും സമാധാനജീവിതത്തിലേക്ക് മടക്കി കൊണ്ടുവന്നിട്ടുണ്ട്. വിവരങ്ങൾക്ക്: ഏബ്രഹാം മാത്യു +1 678 866 5336


# പാസ്റ്റർ കെ.എം. ചാക്കോയുടെ ജീവചരിത്ര ഗ്രന്ഥം 'ചെറുകര മുതൽ ഒക്കലഹോമ വരെ' പ്രകാശനം ചെയ്തു

**നിബു വെള്ളവന്താനം**

ഒക്കലഹോമ: ഒക്കലഹോമ സിറ്റിയിലെ ആദ്യകാല മലയാളി പെന്തെക്കോസ്ത് ശുശ്രൂഷകരിലൊരാളായ പാസ്റ്റർ കെ.എം. ചാക്കോയുടെ ജീവചരിത്ര ഗ്രന്ഥം-'ചെറുകര മുതൽ ഒക്കലഹോമ വരെ' പ്രകാശനം ചെയ്തു. ഹാലേലൂയ്യാ പത്രാധിപരും ഗ്രന്ഥകാരനുമായ സാംകുട്ടി ചാക്കോ നിലമ്പൂരാണ് പുസ്തകരചന നിർവഹിച്ചിരിക്കുന്നത്. തിരുവല്ല ഹാലേലൂയ്യ ബുക്സാണ് പ്രസാധകർ.

ജൂൺ 23-ന് ഒക്കലഹോമയിലെ പ്രയ്സ് ടാബർനാക്കിൾ ചർച്ചിൽ നടന്ന പ്രകാശനച്ചടങ്ങുകൾക്ക് പാസ്റ്റർ ജോസ് ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സാംകുട്ടി ചാക്കോ മുഖ്യപ്രഭാഷണം നടത്തി. പാസ്റ്റർ ജോസ് ഏബ്രഹാമിൽ നിന്ന് പാസ്റ്റർ സന്തോഷ് കോശി ഈശോ പ്രഥമ കോപ്പി ഏറ്റുവാങ്ങി. പാസ്റ്റർ കെ.എം. ചാക്കോ മറുപടി പ്രസംഗവും വർഗീസ് ജോസഫ്, സാബു വർഗീസ് എന്നിവർ ആശംസാപ്രസംഗങ്ങളും നടത്തി. മക്കളായ കെ.സി. മാത്യു (ജെയിംസ്) പ്രസാദ് ജേക്കബ് എന്നിവർ കൃതജ്ഞത രേഖപ്പെടുത്തി. റാന്നി ഏഴോലി സ്വദേശിയായ കെ.എം. ചാക്കോ ബാംഗ്ലൂർ എസ്എബിസിയിലെ ദൈവശാസ്ത്ര പഠനാനന്തരം അസംബ്ലീസ് ഓഫ് ഗോഡിലെ ആദ്യകാല സി.എ പ്രസിഡണ്ടും ബഥേൽ ബൈബിൾ കോളജ് അദ്ധ്യാപകനുമായി പ്രവർത്തിച്ചു. 1970-ൽ അമേരിക്കയിലേക്ക് കുടിയേറി.



ഒക്കലഹോമയിലെ ആരംഭകാല മലയാളി പെന്തെക്കോസ്ത് പാസ്റ്ററും സഭാസ്ഥാപകനുമാണ് ഇദ്ദേഹം. സയോൺ പെന്തെക്കോസ്ത് സഭയുടെ സ്ഥാപകരിലൊരാളും ദീർഘകാലം സീനിയർ ശുശ്രൂഷകനുമായിരുന്നു.

പുസ്തകത്തിന്റെ കോപ്പികൾ തിരുവല്ലയിലെ ഹാലേലൂയ്യാ ഓഫീസിൽ നിന്നും അമേരിക്കയിൽ പിസിഎൻഎകെ, എ.ജി ഫാമിലി കോൺഫറൻസ് എന്നിവിടങ്ങളിലെ ഹാലേലൂയ്യാ സ്റ്റാളുകളിലും ലഭിക്കും. കോപ്പികൾക്ക്: +15167875214.

# ഫിലാഡൽഫിയയിൽ നഷ്ടപ്പെട്ട നിയമസംവിധാനം പുനഃസ്ഥാപിക്കും: ഡോണൾഡ് ട്രംപ്

സദാശിവൻ കുഞ്ഞി

ഫിലാഡൽഫിയ: ഫിലാഡൽഫിയ ലോകത്തിലെ ഏറ്റവും ഭയാനകമായ സ്ഥലങ്ങളിലൊന്നെന്ന് നഗരത്തിലെ റാലിയിൽ ഡോണൾഡ് ട്രംപ് വിശേഷിപ്പിച്ചു.

മുൻ പ്രസിഡണ്ടും 2024-ലെ പ്രസിഡണ്ട് തെരഞ്ഞെടുപ്പിനുള്ള റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയുമായ ട്രംപിന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി ജൂൺ 22-ന് പെൻസിൽവേനിയ നഗരത്തിൽ ടെമ്പിൾ യൂണിവേഴ്സിറ്റിയിലെ ലിയാക്കൂറസ് സെന്ററിൽ തന്റെ 85 മിനിറ്റ് പ്രസംഗത്തി

"ഈ നഗരത്തിൽ എന്താണ് സംഭവിച്ചത്? അവർ കോവിഡിന്റെ പേരിൽ അഴിമതി നടത്തി. അഴിമതിക്കായി ഒരുപാട് കാര്യങ്ങൾ ഉപയോഗിച്ചു." പ്രസംഗത്തിൽ മറ്റൊരിടത്ത്, തനിക്ക് ഫിലാഡൽഫിയ നഗരം ഇഷ്ടമാണെന്നും അവിടെ സ്കൂളിൽ പഠിച്ചിട്ടുണ്ടെന്നും ട്രംപ് സൂചിപ്പിച്ചു.

ഈ മാസമാദ്യം യു.എസ് ക്യാപിറ്റോളിൽ ജിഒപി നിയമനിർമ്മാതാക്കളുമായി മീറ്റിംഗിൽ വിസ്കോൺസിൻ നഗരത്തെ 'ഭയങ്കരം' എന്ന് വിശേഷിപ്പിച്ചതിനു പിന്നാലെയാണ് ഫിലാഡൽഫി




നിടെയാണ് അദ്ദേഹം ഈ പ്രസ്താവന നടത്തിയത്. 2020-ൽ സംസ്ഥാനത്ത് നടന്ന തെരഞ്ഞെടുപ്പ് തട്ടിപ്പുകളെക്കുറിച്ചുള്ള അവകാശവാദങ്ങൾ ട്രംപ് ആവർത്തിച്ചു. ഫിലാഡൽഫിയയിൽ നിയമവാഴ്ച പുനഃസ്ഥാപിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇപ്പോഴത്തെ അവസ്ഥ വളരെ മോശമാണെന്ന് അദ്ദേഹം സൂചിപ്പിക്കുകയും ചെയ്തു.

യയെക്കുറിച്ചുള്ള ട്രംപിന്റെ അഭിപ്രായങ്ങൾ. പതിനായിരത്തിൽപ്പരം ജനങ്ങൾ നിറഞ്ഞുകവിഞ്ഞ സദസ്സിൽ, നിയമപരമല്ലാത്ത കടന്നുകയറ്റം അവസാനിപ്പിക്കുമെന്നും ജോബൈഡനെ പരാജയപ്പെടുത്തുമെന്നും ട്രംപ് പറഞ്ഞു. മലയാള മാധ്യമങ്ങളെ പ്രതിനിധീകരിച്ച് വിൻസന്റ് ഇമ്മാനുവൽ സമ്മേളനത്തിൽ പങ്കെടുത്തു.

# പി.സി. നാക്ക് 2024 ഹൂസ്റ്റൺ പട്ടണവും കുറെ ചരിത്രങ്ങളും

ജോയ് തുമ്പമൺ

അമേരിക്കയിലെ നാലാമത്തെ വലിയ പട്ടണമായ ഹൂസ്റ്റൺ പട്ടണം, മലയാളി പെന്തെക്കോസ്തു കോൺഫറൻസിനെ വരവേല്ക്കാനായി ഒരുങ്ങിക്കഴിഞ്ഞു. അമേരിക്കയുടെ സ്വതന്ത്ര സ്മാരകദിനമായ ജൂലൈ 4 മുതൽ 7 വരെയാണ് സമ്മേളനദിനങ്ങൾ. വലിയ ജനസമൂഹത്തെയാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. ലോകോത്തര സമ്മേളനങ്ങൾക്ക് സാക്ഷ്യം വഹിച്ച വിശാലമായ ജോർജ് ആർ. ബ്രൗൺ കൺവൻഷൻ സെന്റർ ആണ് വേദി ഒരുക്കുന്നത്. "നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രർ ആക്കുകയും ചെയ്യും" എന്ന് അരുളിച്ചെയ്ത ആത്മ


പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ
നാഷണൽ കൺവീനർ


രാജു പൊന്നോലിൽ
നാഷണൽ സെക്രട്ടറി


ബിജു തോമസ്
നാഷണൽ ട്രഷറർ

നാഥനായ യേശുവിനെ ആരാധിക്കുവാനായി കടന്നുവരുന്ന വരെ ആത്മീക സോപാനത്തിലേക്ക് ഉയർത്തുന്ന ഗാനങ്ങളും സന്ദേശങ്ങളും ഉണ്ടാകും.

ഇത് നാലാം പ്രാവശ്യമാണ് ഹൂസ്റ്റൺ പട്ടണം പി.സി. നാക്കിന് വേദി ഒരുക്കുന്നത്. 1986-ൽ പാസ്റ്റർ ഉമ്മൻ ഏബ്രഹാമിന്റെ നേതൃത്വത്തിലും 1998-ൽ ഡോ. ജോൺ ഡാനിയേൽ കൺവീനറായും പാസ്റ്റർ റോയി വാകത്താനം സെക്രട്ടറിയായും 2010-ൽ പാസ്റ്റർ വി.എ. ഏബ്രഹാം കൺവീനറും ജയിൻ മാത്യു സെക്രട്ടറിയായും 2024-ൽ പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ കൺവീനർ, രാജു പൊന്നോലിൽ സെക്രട്ടറി, ബിജു തോമസ് ട്രഷറർ, റോബിൻ രാജു യൂത്ത് കോ-ഓർഡിനേറ്റർ, ആൻസി സന്തോഷ് ലേഡീസ് കോ-ഓർഡിനേറ്ററായും പ്രവർത്തിക്കുന്നു.


റോബിൻ രാജു
യൂത്ത് കോ - ഓർഡിനേറ്റർ


ആൻസി സന്തോഷ്
ലേഡീസ് കോ - ഓർഡിനേറ്റർ

ആധുനിക പെന്തെക്കോസ്ത് ചരിത്രം ഉറങ്ങിക്കിടക്കുന്ന സ്ഥലമാണ് ഹൂസ്റ്റൺ. ചാൾസ് ഫെർഹാം പെന്തെക്കോസ്ത് സത്യങ്ങളുമായ കാൻസാസ് സ്റ്റേറ്റിൽ നിന്ന് 19-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ തന്നെ ഹൂസ്റ്റണിലേക്ക് മാറുകയും ഇവിടെ ഒരു ബൈബിൾ സ്കൂൾ ആരംഭിക്കുകയും ചെയ്തു. വർണ്ണവിവേചനം അതിന്റെ കൊടുമുടിയിൽ നിൽക്കുന്ന ആ കാലത്ത് ഒരു കണ്ണിന് കാഴ്ചയില്ലാത്ത കറുത്ത വർഗ്ഗക്കാരനായ വില്ല്യം സെയ്മൂർ ആ ബൈബിൾ കോളജിൽ നിന്നും തിരുവചന സത്യങ്ങൾ പഠിക്കുകയുണ്ടായി. 1906-ൽ വില്ല്യം സെയ്മൂർ തന്റെ സന്ദേശവുമായി കാലിഫോർണിയയിലെ ലോസ് ആഞ്ചലസിലേക്ക് പോകുകയും അനേകവർഷത്തെ പ്രാർത്ഥനാനന്തരം വലിയ ഒരു ഉണർവ് അവിടെ പൊട്ടിപ്പുറപ്പെടുകയും ചെയ്തു. അതാണ് ആധുനിക പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾക്ക് അടിത്തറ പാകിയ 'അസൂസാ സ്ട്രീറ്റ്' ഉണർവ്. ഇതിനു തന്നെ രൂപാന്തരപ്പെടുത്തിയത് ഹൂസ്റ്റൺ പട്ടണവും ഇവിടുത്തെ പഠനവും ആയിരുന്നു.

അനേകം കൊച്ചുകൊച്ചു പൂഞ്ചോലകൾ വെൺതാരകളാൽ പൊട്ടിച്ചിരിച്ച് ഒഴുകുന്ന ഹൂസ്റ്റൺ പട്ടണത്തിൽ വലിയ ആത്മപ്രവാഹത്തിന്റെ വൻ നദികൾ ഒഴുകും എന്നതിന് രണ്ട് പക്ഷമില്ല. ബൈബിൾ ബെൽറ്റിന്റെ ആസ്ഥാനങ്ങളായ ഡാളസ്, ഹൂസ്റ്റൺ, ഒക്കലഹോമ എന്നിവിടങ്ങളിൽ നിന്നു മാത്രമല്ല ലോകത്തെമ്പാടുമുള്ള ആയിരക്കണക്കിനു വിശ്വാസികൾ കടന്നുവരുന്ന ഈ സമ്മേളനം അനുഗ്രഹത്തിന്റെ ചതുർദിനങ്ങളായിരിക്കും.

# ഓർമാ ഇന്റർനാഷണൽ ഗ്രാൻഡ് പേരന്റ്സ് ഡേ ആഘോഷങ്ങൾ സെപ്റ്റം. 22-ന്

പി.ഡി. ജോർജ് നടവയൽ

ഫിലാഡൽഫിയ: ഓർമാ ഇന്റർനാഷണലിന്റെ നേതൃത്വത്തിൽ ഗ്രാൻഡ് പേരന്റ്സ് ഡേ സെപ്റ്റംബർ 22-ന് ആഘോഷിക്കും. ഓർമ്മ ഇന്റർനാഷണൽ ഫിലാഡൽഫിയാ ചാപ്റ്റർ പുതിയ ഭരണസമിതിയുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ഇതോടൊപ്പം നടത്തും.

ഫിലാഡൽഫിയ സെന്റ് തോമസ് സീറോമലബാർ ഓഡിറ്റോറിയത്തിൽ വൈകുന്നേരം 3.30 മുതൽ 7 മണി വരെയാണ് മുഖ്യസമ്മേളന പരിപാടികൾ. ഓർമാ ഇന്റർനാഷണൽ ഫിലാഡൽഫിയാ ചാപ്റ്റർ പ്രസിഡണ്ട് ഷൈലാ രാജനും ഭരണസമിതി അംഗങ്ങളും സമ്മേളന ക്രമീകരണങ്ങൾ ഏകോപിപ്പിക്കുന്നു.

അനുഭവസമ്പത്തിന്റെ കരുത്തിൽ ലോകഗതികളെ സന്മാർഗത്തിൽ ഉറപ്പിക്കുന്നതിന് വല്യച്ഛന്റെയും വല്യമ്മയുടെയും പ്രസക്തി മറ്റാരെക്കാളും മലയാള ശീലങ്ങളിൽ പതിഞ്ഞിട്ടുള്ളതാണെന്ന് ആമുഖപ്രസംഗത്തിൽ ഓർമാ ഇന്റർനാഷണൽ ട്രസ്റ്റി ബാർഡ് ചെയർമാൻ ജോസ് ആറ്റുപുറം പറഞ്ഞു. ജോലിത്തിരക്കുകളിൽ മാതാപിതാക്കൾ സമയക്കുറവെന്ന തടസ്സങ്ങളിൽ പതറുമ്പോൾ, പുതുതലമുറയ്ക്ക് വെളിച്ചമേകാൻ മുത്തച്ഛനും മുത്തശ്ശിയുമുണ്ട് എന്ന ആശ്വാസമാണ് ഭാവിയുടെ ബലം. ഈ തിരിച്ചറിവിനെ പ്രോത്സാഹിപ്പിക്കുകയാണ് ഓർമാ ഇന്റർനാഷണൽ ഗ്രാൻഡ് പേരന്റ്സ് ഡേ സെലിബ്രേഷൻ കൊണ്ട് ഉദ്ദേശിക്കുന്ന




തെന്ന് ഓർമാ ഇന്റർനാഷണൽ പ്രസിഡണ്ട് ജോർജ് നടവയൽ അദ്ധ്യക്ഷപ്രസംഗത്തിൽ വ്യക്തമാക്കി. വിവിധ ഭാരവാഹികളായ വിൻസന്റ് ഇമ്മാനുവേൽ, ജോസ് തോമസ്, അറ്റേണി ജോസഫ് കുന്നേൽ, സജി സെബാസ്റ്റ്യൻ, അലക്സ് തോമസ്, റോഷൻ പ്ലാമൂട്ടിൽ, അരുൺ കോവാട്ട്, അലക്സ് ഏബ്രഹാം, സർജന്റ് ബ്ലസൻ മാത്യു, റോബർട്ട് ജോൺ അരീച്ചിറ, ജോ തോമസ്, എയ്മിലിൻ തോമസ്, ജിത് ജേ, ലീതു ജിതിൻ, സെബിൻ സ്റ്റീഫൻ, മറിയാമ്മ ജോർജ്, സിനോജ് അഗസ്റ്റിൻ വട്ടക്കാട്ട്, ജോയി തട്ടാർകുന്നേൽ, സേവ്യർ ആന്റണി എന്നിവർ പ്രസംഗിച്ചു.

# മരണവും പിന്നെ ന്യായവിധിയും

**എൽസി ബേബി**

ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു. ഒരു ശിശു ജനിക്കുമ്പോൾ നാം സന്തോഷിക്കുന്നു. എന്നാൽ, ആ പൈതൽ ഒരുനാൾ മരിക്കും എന്നത് നിശ്ചയമാകുന്നു. പക്ഷേ, എന്ന്, എപ്പോൾ എങ്ങനെ എന്നത് ആർക്കും നിർണ്ണയിപ്പാൻ പറ്റുന്നതല്ല. മരണശേഷം ഒരു ന്യായവിധിയുണ്ട് എന്നതും നിശ്ചയിക്കപ്പെട്ടിരിക്കുന്നു. മരണാനന്തരം ഒരു ജീവിതമുണ്ട് എന്നും നാം വിശ്വസിക്കുന്നു.

മരണമില്ലാത്ത ഒരു ജീവിതം. അതിനായിട്ടാകുന്നു ന്യായവിധി. അത് പലരും ചിന്തിക്കാത്ത വിഷയമാകുന്നു. ദാനിയേൽ പ്രവചനത്തിൽ 'നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ ചിലർ നിത്യജീവനായും ചിലർ ലജ്ജക്കും നിത്യനിന്ദയ്ക്കുമായി ഉണരും.' നിദ്ര എന്നത് മരണത്തെ കുറിക്കുന്നു. ഇതിൽനിന്നും മരിച്ചു മൺമറഞ്ഞുപോയവർ ഒരുനാൾ ഉയിർത്തെഴുന്നേൽക്കും എന്ന് നിശ്ചയം. എന്തിനാണ് ഉയിർത്തെഴുന്നേൽക്കുന്നത്. നീതിയുള്ള ന്യായാധിപനായ, സർവശക്തനും സകലത്തിന്റെയും ഉടയവനുമായ ദൈവം മാത്രമാണ് ന്യായം വിധിക്കുന്നത്. തിരുവചനത്തിൽ അതിനുള്ള ധാരാളം തെളിവുകളും വിവരങ്ങളും നല്കിയിട്ടുണ്ട്.

"ഞാൻ വലിയൊരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിന്റെ മുമ്പിൽ നിൽക്കുന്നതും കണ്ടു. പുസ്തകങ്ങൾ തുറന്നു. ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു. പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിനൊത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധിയുണ്ടായി. സമുദ്രം തന്നിലുള്ളവരെ ഏല്പിച്ചുകൊടുത്തു. മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചു കൊടുത്തു. ഓരോരുത്തനും അവനവ



ലേഖിക

ന്റെ പ്രവൃത്തികൾക്കടുത്ത വിധിയുണ്ടായി. മരണത്തേയും പാതാളത്തേയും തീപ്പൊയ്കയിൽ തള്ളിയിട്ടു... ജീവന്റെ പുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും!" ജീവന്റെ പുസ്തകത്തിൽ പേരുള്ളവർക്ക് എന്തു സംഭവിക്കും എന്നുകൂടെ നോക്കാം. കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഇറങ്ങിവരുകയും ചെയ്യും. പിന്നെ ജീവനോടെ അവശേഷിക്കുന്ന നാം അവരോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോട് കൂടെ ഇരിക്കും. ക്രിസ്തുവിൽ വിശ്വസിച്ച് വീണ്ടും ജനിച്ചവരുടെ പേരുകളാണ് ജീവന്റെ പുസ്തകത്തിലുള്ളത്. അവർക്ക് നിത്യനരക ന്യായവിധിയില്ല. മരണാനന്തരം അവർ ക്രിസ്തുവിനോടു കൂടെ സ്വർഗ്ഗത്തിൽ യുഗാനുയുഗം വാഴും.

നാം ജനിക്കുന്നത് പാപത്തിലും പാപികളുമായിട്ടാണ്. പാപത്തിൽ മരിച്ചാൽ നിത്യനരക ന്യായവിധിയാണ് ഫലം. ആയതിനാൽ പാപമോചനം പ്രാപിപ്പാനായി ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗമാകുന്നു ക്രിസ്തു. "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" എന്നരുളിച്ചെയ്ത കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് പാപങ്ങളെ ഏറ്റുപറഞ്ഞ് ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി ഏറ്റുപറയുമ്പോൾ നാം വീണ്ടും ജനിച്ചു ക്രിസ്തുവിലായിത്തീരുന്നു.

നമ്മുടെ പേർ ജീവന്റെ പുസ്തകത്തിൽ എഴുതിച്ചേർക്കുന്നു. അതുകൊണ്ട് ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല. നാം സ്വർഗ്ഗീയാവകാശികളായിത്തീരുന്നു. അതല്ല. എനിക്ക് ക്രിസ്തുവിൽ വിശ്വാസമില്ല എന്നു പറഞ്ഞ് ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗത്തെ തള്ളിപ്പറഞ്ഞ് പാപത്തിൽ ജീവിക്കുവാനാണ് തീരുമാനമെങ്കിൽ ആരും നിങ്ങളെ നിർബന്ധിക്കയില്ല. പക്ഷേ, ഒരിക്കൽ മരിക്കും. പിന്നെ ന്യായവിധിയും. ദൈവം നിശ്ചയിച്ചിരിക്കുന്ന പ്രമാണമാകുന്നു. നിത്യനരക ന്യായവിധിയിൽനിന്നും രക്ഷപ്പെടാൻ മറ്റു യാതൊരു മാർഗ്ഗവുമില്ല എന്നോർക്കുക.

നമ്മുടെ സൽപ്രവൃത്തികളോ, ഒരു പാപവും ചെയ്യാതെ ജീവിച്ചതുകൊണ്ടോ ദൈവികന്യായവിധിയിൽ നിന്നും രക്ഷപ്പെടാൻ സാധ്യമല്ല എന്നോർക്കുക. ഏതു കാര്യങ്ങളും നമുക്കു തീരുമാനിക്കാനും പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. പക്ഷേ, മരണം എന്നത് ദൈവത്താൽ മാത്രം ക്രമീകരിച്ചിരിക്കുന്ന പദ്ധതിയാണ്. ജനിച്ചാൽ മരിച്ചേ മതിയാകൂ. ഇന്നു പലരും പല പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യാറുണ്ട്. പക്ഷേ, അവയെല്ലാം പ്രവൃത്തിയിലാക്കുന്നതിനു മുമ്പ് മരണം വഴിയായി കടന്നുപോകേണ്ടിവരുന്ന അനുഭവങ്ങൾ നമുക്കറിയാം.

ഈയിടെ നിത്യതയിൽ പ്രവേശിച്ച ഈസ്റ്റേൺ ചർച്ച് മെത്രാപ്പോലീത്ത കെ.പി. യോഹന്നാന്റെ മരണം എത്ര ആകസ്മികമായിരുന്നു. മരണമുണ്ടെന്നു മാത്രമല്ല മരണാനന്തരം ഒരു ന്യായവിധിയുണ്ടെന്നും മരണാനന്തര ജീവിതമാണ് (ശേഷം 30-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.44 |
| യൂറോ | 89.71 |
| സ്റ്റെർലിംഗ്പൗണ്ട് | 105.71 |
| സ്വിസ് ഫ്രാങ്ക് | 92.57 |
| സിംഗപ്പൂർ ഡോളർ | 61.56 |
| കനേഡിയൻ ഡോളർ | 60.97 |
| ഒമാൻ റിയാൽ | 216.73 |
| ബഹ്റൈൻ ദിനാർ | 221.37 |
| സൗദി റിയാൽ | 22.24 |
| യു.എ.ഇ. ദിർഹം | 22.72 |
| കുവൈത്ത് ദിനാർ | 272.21 |

# വെറും വെറുതേ

**രാജു മൈലപ്ര**


പണ്ടൊക്കെ ചില ഡോഗ്സ്, മാർക്കറ്റിൽ പോകുന്ന ഒരു പരിപാടിയുണ്ടായിരുന്നു. കാര്യമൊന്നുമില്ല, വെറുതേ ഒന്നു കറങ്ങിയടിച്ചു പോരാൻ- ഇടയ്ക്ക് മീൻ ചന്തയിലും ഇറച്ചിക്കടയിലും ഒന്നു തല കാണിക്കും. ഒരു മീന്തലയോ എല്ലിൻ കഷണമോ കിട്ടിയാൽ കിട്ടി. അത്രതന്നെ!

'പട്ടിക്കൊരു ജോലിയുമില്ല, നിൽക്കാനൊട്ടു നേരവുമില്ല' എന്നു പറയുന്നതു പോലെയാണ് ചില സ്വയം പ്രഖ്യാപിത അമേരിക്കൻ മലയാളി നേതാക്കന്മാർ. ഇടയ്ക്കിടെ കേരളത്തിൽ പോയി മന്ത്രിമാരോടൊപ്പമുള്ള ഫോട്ടോയെടുത്ത് അമേരിക്കൻ മലയാളികളുടെ ചില അടിയന്തര പ്രശ്നങ്ങൾ വനംവകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി; ഈ പ്രശ്നങ്ങളിൽ അടിയന്തരമായി ഇടപെടും എന്ന് അദ്ദേഹം ഉറപ്പു നല്കി എന്ന തരത്തിലുള്ള വാർത്തകൾ പ്രസിദ്ധീകരിച്ച് സായൂജ്യമടയുന്നത്.

'ലോക കേരളസഭയിൽ' പങ്കെടുക്കുവാൻ പോകുമ്പോൾ ഫോട്ടോയോടൊപ്പം തങ്ങളുടെ എന്തെല്ലാം ക്വാളിഫിക്കേഷൻസിന്റെ വിവരണങ്ങളാണ് ചേർക്കുന്നത്. തിരിച്ചു വരുമ്പോൾ എല്ലാത്തിന്റെയും അണ്ണാക്കിൽ പഴം തിരുകി വെച്ചിരിക്കുകയാണ്. ഒന്നിനും മിണ്ടാട്ടമില്ല.

പക്ഷേ, അമേരിക്കൻ മലയാളികൾ നിരാശപ്പെടരുത്. കേരളീയ തനതു കലകളുടെ പ്രചരണാർത്ഥം ഉടൻതന്നെ മന്ത്രിമാരുടെ ലോകപര്യടനം ഉണ്ട്.

ആദ്യത്തെ നറുക്ക് വീണത് ന്യൂയോർക്കിനാണ്. കഥകളി, പുലികളി, കസേരകളി തുടങ്ങിയ വിവിധ കളികൾ ന്യൂയോർക്കിലെ ടൈം സ്ക്വയറിൽ



ലേഖകൻ

പൗരപ്രമുഖരുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെടും. അസംബ്ലിയിലെ ഡെസ്ക്ക് നൃത്തം, കസേര മറിച്ചിടൽ തുടങ്ങിയ അഡീഷണൽ അറ്റാക്ഷൻസും ഉണ്ടാകും. ഇതു കഴിയുമ്പോൾ കേരളത്തിന്റെ വിനോദമേഖല വീണ്ടും വികസിക്കും. ചാർട്ടേഡ് ഫ്ളൈറ്റുകളിൽ സായിപ്പന്മാർ കേരളത്തിലേക്കു കുതിക്കും.

(കഥകളിയെന്ന കലാരൂപത്തിന് ഇന്നും കേരളത്തിൽപ്പോലും കാണികളില്ല. കുറേ ശുംഭന്മാർ പണ്ഡിതരാണെന്ന ഭാവേന അവിടെ ഉറക്കം തൂങ്ങിയിരിക്കുന്നതു കാണാം)

ഏതാണ്ട് നേരത്തെ സൂചിപ്പിച്ച ശ്വാനന്മാരുടെ ഗതികേടാണ് കേരളത്തിലെ എംപിമാർക്ക്. ഹിന്ദിയുമറിയില്ല, ഇംഗ്ലീഷുമറിയില്ല. വെറുതെ വായും പൊളിച്ചിരിക്കും. രാഹുൽ ഗാന്ധി ചിരിക്കുമ്പോൾ കൂടെ ചിരിക്കും. ചിലപ്പോൾ വെറുതേ കാര്യമറിയാതെ ഡെസ്ക്കിലടിക്കും.

'മേം' കർത്താവായി വരുമ്പോൾ 'ഹും' മാലഖയായി വരും, തുമാര നാം ക്യാഹൈ? അഛാ, അരേ സാലേ തുടങ്ങിയ ബേസിക്ക് ഹിന്ദിയെങ്കിലും പഠിച്ചിട്ടു വേണ്ടേ പോകാൻ?

അല്ലെങ്കിൽ നല്ല മണിമണി പോലെ ഇംഗ്ലീഷ് കാച്ചിവിടുന്ന ചിന്താ ജെറോമിനെയോ, ബിന്ദു ടീച്ചറെയോ, ശ്രീമതി ടീച്ചറെയോ പാർലമെന്റിലേക്ക് അയയ്ക്കണമായിരുന്നു. ഇവരുടെയൊക്കെ ഇംഗ്ലീഷ് പ്രഭാഷണങ്ങൾ കേൾക്കുമ്പോൾ, ഹിന്ദിക്കാരന്റെ ചെവിയിൽ അമിട്ടു പൊട്ടിയേനെ!

യാതൊരുവിധ ആരോപണങ്ങളും ഇന്നുവരെ കേൾപ്പിച്ചിട്ടില്ലാത്ത, മാന്യനും മര്യാദക്കാരനും മുൻമന്ത്രിയും സ്പീക്കറുമായ കെ. രാധാകൃഷ്ണനെ മന്ത്രിസ്ഥാനം രാജിവെപ്പിച്ചിട്ട് ആലത്തൂരിൽനിന്നും വടക്കോട്ടു വണ്ടി കയറ്റി വിട്ടിട്ടുണ്ട്. (ശേഷം 30-ാം പേജിൽ)





ട്രൈസ്റ്റേറ്റ് കേരളാ ഫോറം
TRISTATE KERALA FORUM · PHILADELPHIA
"ആരവം 2K24"
TRISTATE KERALA FORUM ONAM '24
ട്രൈസ്റ്റേറ്റിലെ എല്ലാ മലയാളികളെയും പങ്കെടുപ്പിച്ചുകൊണ്ട്
ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഒരുക്കുന്ന വമ്പിച്ച ഓണാഘോഷം
ഫിലഡൽഫിയയിൽ
Syro Malabar Church Auditorium, 608 Welsh Rd,
Philadelphia, P A - 19115
ആഗസ്റ്റ് 31 ശനിയാഴ്ച ഉച്ചക്ക് 12:00 മണി മുതൽ
Saturday, August 31st, 2024 - 12:00 PM
Powered by
KVK TECH
Navaneeth Unnikrishnan
Chief Guest & Onam Message
FLOWERS
Asianet
pravasi HD
KAIRALI
Abhilash john Chairman
Binu Mathew General Secretary
Philipose Cherian Treasurer
John Panicker Joint Secretary
Rajan Samuel Joint Treasurer
Joby George Onam Chairman
Vincent Emmanual Program Coordiantor
George Nadavayal Kerala Day Chairman
Suresh Nair
Sajan Varghese
Alex Thomas
George Olikkal
Sudha Kartha
Executive Vice Chair Persons
Sumodh Nellillala PRO
Rony Varghese Award
Georgekutty Lukose Karshaka Rathna
Geemon George Procession Coordinator
Sosamma Cherian
Bridget Vincent
Celine Oalickal
Best couple/ Best Men /Best Women Coordinators:
Arun Kovattu Program Producer
Alex Babu Social Media Coordinator
Asha Augustine Thiruvathira Coordinator
Sara Ipe Reception Cordinator
Sadasivankunji Kerala Coordinator
Chair Persons : Participating Associations : Fr. Modayil Philips (PAMPA) , Sunny Kizhakemuriyil (Kottayam Association), Philipose Cherian (Friends of Thiruvalla), Reji Cherukathara (Friends of Ranni), Suda Kartha (NSS, PA), P K Somarajan (SNDP), Abraham V Joseph (MELA), Sara Ipe (PIANO), Prof. Koshy Thalakal (Philadelphia Malayala Sahithya Vedhi), Chacko Abraham (CIMIO), Lawrance Thomas (PHILMA), Sreejithi Komath (MAP), Shyla Rajan (ORMA), IPCO
Coordinators: Benny Kottaram, Dileep George, Dennis Jacob, John P Varkey, Joseph P Mani, George Joseph, George Mathew, Sunil Lamannil, James Chacko, Mathew George, Jayan Pillai, Thomas Joy, Jomal Thomas, Mody Jacob, K O Varghese, Biju Abraham, Tinu Johnson, Kurian Polachirackal, Jaison Varghese, Aby Mathew, Jaison Thomas, Dominic P Jacob, Jayasree Nair, Jaya Sumodh, Deepa James, Lekha Jayakumar, Kurian Rajan, Thomas Behanan, Thomas Paul
"Serving Community for more than 25 Years"
INJURED in an ACCIDENT?
ATTORNEYS AVAILABLE 24/7
NO RECOVERY - NO FEE
EXPERIENCED CRIMINAL DEFENSE ATTORNEY IN OUR TEAM
LAW OFFICES OF KUNNEL, ORTIZ & THIRUSELVAM
KOT Law
THE KEY TO YOUR DREAM HOME
LIJO GEORGE REALTOR
EMMANUEL REALTY
georgelijo6@gmail.com
MAYURA
INDIAN RESTAURANT
9321-23, Krewstown Rd
Philadelphia, PA 19115
2673773250
Best Compliments from...
Chaman Popli
Popli Group LLC
Riya the travel expert!
24X7 1 877 669 7492
WWW.RIYA.TRAVEL
INCREDIBLE DEALS AND PACKAGES ON CHRISTIAN PILGRIMAGE TOURS
GREAT DEALS & WHOLESALE PRICES EXCLUSIVELY AVAILABLE AT RIYA TRAVEL
RIYA TRAVEL & TOURS INC
HealthcareSTAT
Home Care (HHC)
Compassionate Care For Your Loved Ones
JCAHO, Medicare & Medicaid certified
Manilal Mathai & Daisy Manilal
healthcarestat@aol.com
Homecarestat.com
9539 Bustleton Ave, Philadelphia PA 19115
NURSING SERVICES
HOME HEALTH AIDE SERVICES
THERAPY SERVICES
Angel Star
ADULT DAY CARE
We provide top-notch care for your loved ones
Activities include:
Arts and crafts
Computer classes
Gentle movement
Yoga
Bingo and trivia
Holiday and cultural celebrations
Chess/ Checkers
Sing-Along
Memory games
Prayer Times
Karaoke
Birthday Celebrations
Live Band
Community Outings
Manilal Mathai & Daisy Manilal
angelstaradc@gmail.com
www.angelstaradc.com
1 Central Ave Cheltenham, PA 19012
Meals & Free Transportation Provided

# സിഎംആർഎൽ ഹർജിയിൽ കക്ഷിചേരാൻ ഷോൺ ജോർജ്



ന്യൂഡൽഹി: മാസപ്പടിക്കേസിൽ അന്വേഷണത്തിനെതിരായ സിഎംആർഎലിന്റെ ഹർജിയിൽ കക്ഷിചേരാൻ ഷോൺ ജോർജ്. ഇതുമായി ബന്ധപ്പെട്ട അപേക്ഷ ഡൽഹി ഹൈക്കോടതിയിൽ ഷോൺ ജോർജ് നല്കി.

എസ്എഫ്ഐഒ, കമ്പനികാര്യ മന്ത്രാലയം എന്നിവയുടെ അന്വേഷണങ്ങൾ നിർത്തിവെക്കണമെന്നാണ് സിഎംആർഎൽ ഹർജി.എക്സാലോജിക്-സിഎംആർഎൽ ഇടപാടിൽ സത്യം പുറത്തുവരുന്നതിനായി ഏതറ്റം വരെയും പോകാൻ ഭയമില്ലെന്ന് നേരത്തെ ഷോൺ ജോർജ് പറഞ്ഞിരുന്നു. ഇതിനു പിന്നാലെയാണ് പുതിയ നീക്കം.

# 137 ഇന്ത്യക്കാർ ഓൺലൈൻ സാമ്പത്തികത്തട്ടിപ്പിൽ അറസ്റ്റിൽ

കൊളംബോ: ഓൺലൈൻ സാമ്പത്തികത്തട്ടിപ്പു സംഘത്തിലെ കണ്ണികളായ 137 ഇന്ത്യക്കാരെ ശ്രീലങ്കൻ കുറ്റാന്വേഷണവിഭാഗം (സിഐഡി) അറസ്റ്റുചെയ്തു. കൊളംബോയുടെ പ്രാന്തപ്രദേശങ്ങളായ മഡിവേല, ബത്തരമുള്ള, നെഗുംബോ എന്നിവിടങ്ങളിൽ ജൂൺ 27-ന് സിഐഡി നടത്തിയ തിരച്ചിലിലാണ് അറസ്റ്റ്. ഇവരുടെ പക്കൽനിന്ന് 158 മൊബൈൽ ഫോണും 16 ലാപ്ടോപ്പും 60 ഡെസ്ക്ടോപ്പ് കംപ്യൂട്ടറും പിടിച്ചെടുത്തു.

നെഗുംബോയിലെ ആഡംബരവീട്ടിൽ നടത്തിയ തെരച്ചിലിലാണ് അന്വേഷണസംഘത്തിന് നിർണായകത്തെളിവുകൾ ലഭിച്ചത്. അതനുസരിച്ച് ആദ്യം 13 പേരെയും പിന്നീട് 19 പേരെയും പിടികൂടി. പെരദെനിയയിൽ അച്ഛനും മകനും സംഘത്തെ സഹായിച്ചതായി സമ്മതിച്ചു. തട്ടിപ്പിനിരയായ ആളുടെ പരാതിപ്രകാരമായിരുന്നു അന്വേഷണം. സാമൂഹികമാധ്യങ്ങളിലൂടെ ആശയവിനിമയം നടത്തുന്നതിന് പണം നൽകാമെന്നു പറഞ്ഞാണ് സംഘം തട്ടിപ്പു നടത്തിയത്. വാഗ്ദാനത്തിൽ ആകൃഷ്ടരായി എത്തുന്നവരെ വാട്സാപ്പ് കൂട്ടായ്മയിൽ ചേർക്കും. ആദ്യഘട്ട പ്രതിഫലം നൽകിയശേഷം ഇരകളെ നിക്ഷേപത്തിനായി നിർബന്ധിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നതാണ് സംഘത്തിന്റെ രീതിയെന്ന് അന്വേഷണ സംഘം പറഞ്ഞു.

തട്ടിപ്പിനിരയായവരിൽ തദ്ദേശീയരും വിദേശികളുമുണ്ട്. ദുബായ്, അഫ്ഗാനിസ്താൻ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന അന്താരാഷ്ട്ര തട്ടിപ്പുറാക്കറ്റിലെ കണ്ണികളാണിവരെന്നാണ് സൂചന. നിയമവിരുദ്ധ വാതുവെപ്പ്, ചൂതാട്ടം തുടങ്ങിയ മറ്റു സാമ്പത്തിക കുറ്റകൃത്യങ്ങളും സംഘം നടത്തിയതായി അന്വേഷണസംഘം സംശയിക്കുന്നു.

## കേന്ദ്രനിർദേശം

(3-ാം പേജിൽനിന്നും)

റിപ്പോർട്ട് നല്കാനും അഡ്മിനിസ്ട്രേറ്റീവ് മന്ത്രാലയങ്ങളോടും വകുപ്പുകളോടും ആവർത്തിച്ച് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും എല്ലാ കേന്ദ്രസർക്കാർ വകുപ്പുകളുടെയും സെക്രട്ടറിമാർക്ക് പുറപ്പെടുവിച്ച ഉത്തരവിൽ പറയുന്നു.

വിവിധ മന്ത്രാലയങ്ങളും വകുപ്പുകളും ഈ മാർഗനിർദേശങ്ങൾ പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ ആനുകാലിക അവലോകനം, സർക്കാർ പ്രവർത്തനങ്ങളുടെ കാര്യക്ഷമത, സമ്പദ് വ്യവസ്ഥ, വേഗത എന്നിവ ഉറപ്പാക്കുന്നതിനുള്ള നയം ഈ നിയമങ്ങൾ നിർദേശിക്കുന്നു.

കാര്യക്ഷമമമായി പ്രവർത്തിക്കുന്നില്ലെന്നു കണ്ടെത്തിയ ജീവനക്കാരെ തുടരാൻ അനുവദിക്കുന്നില്ലെന്ന് ഉറപ്പാക്കണമെന്നും നിർദേശത്തിലുണ്ട്. ജൂലൈ മുതൽ എല്ലാ മാസവും ആദ്യ 15 ദിവസത്തിനകം ഒരു പ്രത്യേക ഫോർമാറ്റിൽ ഡി.ഒ.പി.ടിക്ക് റിപ്പോർട്ട് നല്കാൻ എല്ലാ മന്ത്രാലയങ്ങളോടും വകുപ്പുകളോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഉത്തരവാദിത്വമുള്ളതും കാര്യക്ഷമവുമായ ഭരണമാണ് സർക്കാർ ലക്ഷ്യമെന്ന് ഡി.ഒ.പി.ടി. ഉത്തരവിൽ വ്യക്തമാക്കി.

## ട്വന്റി-20 ലോകകപ്പ്

(3-ാം പേജിൽനിന്നും)

നിശ്ചിത ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 176 റൺസ് നേടി. തുടർന്ന് ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്കയ്ക്ക് 20 ഓവറിൽ എട്ട് വിക്കറ്റിന് 169 റൺസെടുക്കാനെ സാധിച്ചുള്ളൂ. അവസാന 30 പന്തിൽ 30 റൺസ് മതിയായിരുന്ന ദക്ഷിണാഫ്രിക്കയുടെ നിർണായക വിക്കറ്റുകൾ പിഴുത് ഹാർദിക് പാണ്ഡ്യയാണ് ഇന്ത്യയെ ജയത്തിലേക്ക് കൈപിടിച്ചത്. 17, 20 ഓവറുകളുടെ ആദ്യ പന്തുകളിൽ നങ്കൂരമിട്ട ഹെൻറിച്ച് ക്ലാസനെയും (27 പന്തിൽ 52) ഡേവിഡ് മില്ലറെയും (17 പന്തിൽ 21) ഹാർദിക് പുറത്താക്കിയതാണ് മത്സരം ഇന്ത്യയുടെ വരുതിയിലാക്കിയത്.

വിരാട് കോഹ്‌ലി (59 പന്തിൽ 76), അക്സർ പട്ടേൽ (31 പന്തിൽ 47) എന്നിവരുടെ ഇന്നിംഗുകളാണ് ഇന്ത്യക്ക് പൊരുതാനുള്ള സ്കോർ സമ്മാനിച്ചത്. 2013 ചാമ്പ്യൻസ് ട്രോഫിക്കുശേഷം ഇന്ത്യയുടെ ഐസിസി കിരീടമാണിത്. 2007-നു ശേഷമുള്ള രണ്ടാമത്തെ ട്വന്റി-20 ലോകകപ്പും.

## ന്യായസംഹിത നിലവിൽവന്നു

(3-ാം പേജിൽനിന്നും)

മൂന്നു വർഷത്തിനും ഏഴു വർഷത്തിനും ഇടയിലുള്ള കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള പരാതികൾ ലഭിച്ചാൽ അ് അന്വേഷിച്ച് പ്രഥമദൃഷ്ട്യാ കേസ് എടുക്കേണ്ട സാഹചര്യം ഉണ്ടോയെന്നു പരിശോധിക്കുന്നതിനായി 14 ദിവസം എസ്എച്ച്ഒയ്ക്ക് പ്രാഥമിക അന്വേഷണം നടത്താം. ഡിവൈഎസ്പി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ അനുമതിയോടെയായിരിക്കണം അന്വേഷണം നടത്തേണ്ടത്. അന്വേഷണത്തിൽ പ്രഥമദൃഷ്ട്യാ കേസ് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് മനസിലായാൽ കേസ് രജിസ്റ്റർ ചെയ്യേണ്ടതുമാണ്. വ്യാജ പരാതികൾ ആദ്യംതന്നെ മനസിലാക്കാനാകും. നിലവിൽ ഇത്തരം കേസുകൾ വന്നാൽ അത് എഫ്ഐആർ ഇട്ട് അന്വേഷിച്ച ശേഷമാണ് വ്യാജ പരാതിയാണെന്നു റഫർ ചെയ്യുന്നത്. സ്ത്രീകൾക്ക് ഇഎഫ്ഐആർ വഴി പോലീസ് സ്റ്റേഷനിൽ എഫ്ഐആർ ഫയൽ ചെയ്യാം. അത് അവലോകനം ചെയ്യുന്നതിനും രണ്ടു ദിവസത്തിനുള്ളിൽ മറുപടി നൽകുന്നതിനും പുതിയ നിയമപ്രകാരം ക്രമീകരണങ്ങളുണ്ട്.

പുതിയ നിയമം പ്രാബല്യത്തിൽ വരുന്നതോടെ കുറ്റകൃത്യം നടന്ന സ്റ്റേഷൻ പരിധിയിൽ മാത്രമേ പരാതി നൽകി എഫ്ഐആർ ഇടാൻ കഴിയൂവെന്ന അവസ്ഥയ്ക്കു മാറ്റം വരികയാണ്. ഇനി ജൂറിസ്ഡിക്ഷൻ നോക്കാതെ മറ്റു ജില്ലയിലെ സ്റ്റേഷനിൽ പരാതി നൽകി അവിടെ മൊഴിയെടുക്കാനാകും.

# ഹേമന്ദ് സോറന് ജാമ്യം

റാഞ്ചി: കോടികളുടെ ഭൂമിയിടപാടുമായി ബന്ധപ്പെട്ട്, കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമ (പിഎംഎൽഎ) പ്രകാരം ഇഡി അറസ്റ്റ് ചെയ്ത ഝാർഖണ്ഡ് മുൻമുഖ്യമന്ത്രി ഹേമന്ദ് സോറന് ഒടുവിൽ ജയിൽമോചനം. ജൂൺ 28-നാണ് സോറന് ഝാർഖണ്ഡ് ഹൈക്കോടതി ജാമ്യമനുവദിച്ചത്.

ഹേമന്ദ് സോറന്റെ പേരിൽ മറ്റ് കേസുകൾ നിലവിലില്ലാത്തതിനാൽ ജയിൽ മോചനത്തിനു തടസമില്ല. റാഞ്ചിയിൽ കോടികൾ വിലമതിക്കുന്ന 8.86 ഏക്കർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട കേസിൽ കഴിഞ്ഞ ജനുവരി 31-നാണ് ഝാർഖണ്ഡ് മുക്തി മോർച്ച (ജെഎംഎം) നേതാവുകൂടിയായ ഹേമന്ദ് സോറനെ ഇഡി അറസ്റ്റ് ചെയ്തത്. അറസ്റ്റിനു മുന്നോടിയായി ഇഡി ചോദ്യംചെയ്യൽ ആരംഭിച്ചപ്പോൾതന്നെ അദ്ദേഹം മുഖ്യമന്ത്രിപദം രാജിവെച്ചിരുന്നു.



ഭൂമിയിടപാടിൽ സോറനു പങ്കുണ്ടെന്നു കണ്ടെത്താൻ പ്രഥമദൃഷ്ട്യാ തെളിവില്ലെന്നു ജാമ്യ ഉത്തരവിൽ ഹൈക്കോടതി ചൂണ്ടിക്കാട്ടി. വിവാദഭൂമി 2010 മുതൽ ഹർജിക്കാരന്റെ ഉടമസ്ഥതയിലാണെന്നിരിക്കെ ഇഡിയുടെ ആരോപണം സംശയാസ്പദമാണ്. സമാനമായ കുറ്റകൃത്യത്തിൽ പ്രതി വീണ്ടും ഏർപ്പെടാൻ സാധ്യതയില്ല. പിഎംഎൽഎ ഇരട്ടവ്യവസ്ഥപ്രകാരം, പ്രഥമദൃഷ്ട്യാ കുറ്റം കണ്ടെത്താതിരിക്കുകയും സമാനമായ കുറ്റം ചെയ്യില്ലെന്നു ബോധ്യപ്പെടുകയും ചെയ്തതിനാൽ സോറന് ജാമ്യം അനുവദിക്കാവുന്നതാണെന്നു കോടതി വ്യക്തമാക്കി.

കുറ്റം ചെയ്തിട്ടില്ലെന്നും പൊതു തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് രാഷ്ട്രീയലക്ഷ്യത്തോടെ ബിജെപി തന്നെ അറസ്റ്റ് ചെയ്യിക്കുകയായിരുന്നെന്നുമാണു സോറന്റെ നിലപാട്. തെരഞ്ഞെടുപ്പ് കാലയളവിലുൾപ്പെടെ തുടർച്ചയായി നിരവധിതവണ ജാമ്യം നിഷേധിക്കപ്പെട്ടശേഷമാണ് ഒടുവിൽ അദ്ദേഹത്തിനു ഹൈക്കോടതിയിൽനിന്ന് ആശ്വാസം ലഭിക്കുന്നത്.



# SEEKING BRIDEGROOM

*42 years old, 5'4, Christian woman born in Kerala raised in the US and American Citizens, seeking proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable, ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email: **mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, pictures and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

**Visit Our Website:**
**www.keralaexpress.com for Matrimonial**

# SEEKING BRIDE

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girls who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

## SEEKING BRIDEGROOM CONTD.....

# നിര്യാതരായി

## കെ.കെ. ജോസഫ്

**പായിപ്പാട്:** എസ്ബി ഹൈസ്കൂൾ റിട്ട. അധ്യാപകൻ കൈലാത്ത് കെ.കെ. ജോസഫ് (97) അന്തരിച്ചു.ഭാര്യ പൊടിയാടി കാരണശേരിയിൽ കിഴക്കേതിൽ പരേതയായ സൂസമ്മ ജോസഫ് (റിട്ട. അധ്യാപിക). മക്കൾ: കുര്യാക്കോസ് ജോസഫ്, നാൻസി ഏബ്രഹാം (യുഎസ്), ജസി മോൾ (റിട്ട. അധ്യാപിക). മരുമക്കൾ: മോളി കുര്യാക്കോസ് കടയനിക്കാട് (ചെത്തിപ്പുഴ), പരേതനായ ബേബി ഏബ്രഹാം (ആഞ്ഞിലിത്താനം), അപ്പച്ചൻ.

**തീക്കോയി:** കെഎസ്ആർടിസി റിട്ട. ഡ്രൈവർ കല്ലം മാണിക്കത്താകുന്നേൽ എം.എ. ചന്ദ്രശേഖരൻ (70) അന്തരിച്ചു.

**വൈക്കം:** കെഎസ്ഇബി റിട്ട. ഡിവിഷണൽ അക്കൗണ്ടന്റ് ടിവിപുരം പുത്തൻപറമ്പിൽ (തുരുത്തിക്കാട്ട്) ചന്ദ്രസേനക്കുറുപ്പ് (76) അന്തരിച്ചു.

**കോട്ടയം:** നാഗമ്പടം റാവൂസ് ഹോമിയോ ക്ലിനിക് ഉടമ എസ്.എച്ച് മൗണ്ട് ശ്രീകൃപയിൽ ഡോ. രമേശ് ദേവ റാവു (63) അന്തരിച്ചു.

**പാലാ:** സി.എം.സി. ജയമാതാ പ്രോവിൻസ് മുത്തോലി സെ. ജോസഫ്സ് മഠാംഗം സിസ്റ്റർ മേഴ്സിലിൻ മണ്ണനാൽ (റോസ-79) അന്തരിച്ചു.

## ആനി ജോർജ്

**തിരുവനന്തപുരം:** ഗവ. സെക്രട്ടേറിയറ്റ് നിയമവകുപ്പ് റിട്ട. ജോ.സെക്രട്ടറി ന്യൂ കവടിയാർ ഗാർഡൻസ് ആനി വില്ലയിൽ ആനി ജോർജ് (91) അന്തരിച്ചു. ഭർത്താവ് മുൻ മുഖ്യമന്ത്രി ഇ.കെ. നായനാരുടെ പ്രസ് സെക്രട്ടറിയായിരുന്ന പരേതനായ കെ.ടി. സഖറിയാസ്. മക്കൾ: അജിത് സഖറിയാസ് (ന്യൂയോർക്ക്), ചന്ദ്രൻ സഖറിയാസ്, പരേതയായ ഉഷ സഖറിയാസ്. മരുമക്കൾ: ബിനിത തമ്പി, സുമ മാത്യു. എഴുത്തുകാരൻ കാക്കനാടൻ സഹോദരനാണ്.

**പാമ്പാടി:** പാതേപറമ്പിൽ അഡ്വ. സജി ജേക്കബ് (53) അന്തരിച്ചു.

**കുറുപ്പുന്തറ:** റിട്ട. അധ്യാപിക അപ്പോഴിക്കൽ എ.യു. ഏലിയാമ്മ (82) അന്തരിച്ചു.

**കോണിപ്പാട്:** പുളിക്കൽ സ്റ്റെല്ല ജോമോൻ (51) അന്തരിച്ചു.

**തിരുവല്ല:** തിരുമൂലപുരം ബഥനി മഠാംഗം സിസ്റ്റർ ജസ്റ്റിൻ (87) അന്തരിച്ചു.

**കറുകച്ചാൽ:** വാഴയിൽ ഏലിയാമ്മ (കുഞ്ഞമ്മ-81) അന്തരിച്ചു.

**ബത്തേരി:** മേരിമക്കൾ സന്യാസിനി സമൂഹം ബത്തേരി മേരിമാതാ പ്രോവിൻസ് അംഗം സിസ്റ്റർ ഹെഡ്‌വിജ് (79) അന്തരിച്ചു.

**ചങ്ങനാശേരി;** ചീരഞ്ചിറ കിടങ്ങുത്തറ അന്നമ്മ വർഗീസ് ((87) അന്തരിച്ചു.

## കെ.പി. ബാലഗോപാലൻ

**മലപ്പുറം:** എംഎസ്പി ആശുപത്രി മുൻ ഡോക്ടർ മൂന്നാംപടി രാമലീലയിൽ കെ.പി. ബാലഗോപാലൻ (77) അന്തരിച്ചു. ഭാര്യ: ഡോ. പി.യു. രുക്മിണി (റിട്ട. ഗവ. ജില്ലാ ആശുപത്രി, മഞ്ചേരി). മക്കൾ: പി.യു. അനീഷ് (സോഫ്റ്റ്‌വെയർ എഞ്ചിനീയർ, യുഎസ്), പി.യു. അജീഷ് (സോഫ്റ്റ്‌വെയർ എഞ്ചിനീയർ, ബെംഗളൂരു), പി.യു. ഹരീഷ് (സോഫ്റ്റ്‌വെയർ എഞ്ചിനീയർ, യുഎസ്). മരുമക്കൾ: ദീപ്തി അനീഷ് (യുഎസ്), ചേതന അജീഷ് (ബെംഗളൂരു), ഗെയ്ൽ ഹരീഷ് (യുഎസ്).

## ജോസ് സാമുവേൽ



**ന്യൂയോർക്ക്:** പത്തനംതിട്ട മുറിഞ്ഞകൽ കൂടൽ മഠത്തിൽ പുത്തൻവീട്ടിൽ പരേതരായ സാമുവേലിന്റെയും പൊടിയമ്മയുടെയും മകൻ ജോസ് സാമുവേൽ (61) അന്തരിച്ചു. ഓർക്കിഡ് ഫാർമസ്യൂട്ടിക്കൽസിൽ ഉദ്യോഗസ്ഥനായിരുന്നതിനുശേഷം അമേരിക്കയിലെത്തിയ പരേതൻ ന്യൂയോർക്ക് സ്റ്റേറ്റ് ഓഫീസ് ഓഫ് ജനറൽ സർവീസിൽ ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ സുജ ജോസ്. മകൻ: ജെവിൻ ജോസ്. സഹോദരങ്ങൾ: സാജു സാമുവേൽ (കൊളംബോ), ഷേർളി ജോസ് (ന്യൂയോർക്ക്)

**പള്ളിക്കര:** വെമ്പിള്ളി ആർത്താറ്റ് ചെട്ടിയാരിക്കൽ ജോസ് സി. കുര്യാക്കോസിന്റെയും ബിജി ജോസ് (അധ്യാപിക, മോറയ്ക്കാല സെ. മേരീസ് എച്ച്.എസ്.എസ്) ദമ്പതികളുടെ മകൾ ജെറിൻ ജോസ് (19) അന്തരിച്ചു.

## ജാൻസ് ജേക്കബ്

**പാറമ്പുഴ:** എസ്ബിഐ റിട്ട. മാനേജർ കൊശമറ്റം കലേക്കാട്ട് ജാൻസ് ജേക്കബ് (72) അന്തരിച്ചു. ഭാര്യ ഇടപ്പാടി പാലോലിൽ നിർമൽ. മക്കൾ: ജിത്തു ജാൻസ് (ബെംഗളൂർ), മീര ജാൻസ് (യുഎസ്). മരുമക്കൾ: സ്മിത ജിത്തു കാവുങ്കൽ (പൂവത്തോട്), ജോർജി മാതേക്കൽ ആലുവ (യുഎസ്).

**പാലാ:** കടനാട് ആരാധനാ മഠാംഗം സിസ്റ്റർ ആഗ്നസ് മരിയ തൊണ്ടിക്കൽ (84) അന്തരിച്ചു.

**രാമപുരം:** കിഴക്കേകുന്നേൽ ആഗസ്തി ഔസേപ്പ് (97) അന്തരിച്ചു.

**മുട്ടുചിറ:** കളരിപ്പറമ്പിൽ മേരിക്കുട്ടി മാത്യു (76) അന്തരിച്ചു.

## കെ.ജെ. ജോസഫ്

**കിഴക്കേ നട്ടാശേരി:** കൊച്ചുപാലത്താനത്ത് കെ.ജെ. ജോസഫ് (93) അന്തരിച്ചു. ഭാര്യ മാളേയ്ക്കത്തറയിൽ മറിയാമ്മ ജോസഫ്. മക്കൾ: കുഞ്ഞുമോൻ ജോസഫ്, ബേബി കെ. ജോസഫ്, കെ.ജെ. തോമസ് (ഇറ്റലി), സാബു കെ. ജോസഫ്, റജി കെ. ജോസഫ് (ഇരുവരും യുഎസ്), അലക്സ് കെ. ജോസഫ് (ഇറ്റലി). മരുമക്കൾ: അമ്മിണി ജോസഫ് മാധവപ്പള്ളിൽ (കല്ലറ), സുജ മാത്യു റോസാലയം (മള്ളൂശേരി), നിമ മൂർത്തിക്കൽ പുഴിക്കോൽ (ഇറ്റലി), മിനിമോൾ ജോസഫ് ചീക്കപ്പാറയിൽ ഇടക്കോലി, ഷീനാ മുഴയിൽ നാഗമ്പടം (ഇരുവരും യുഎസ്), ബിനു കുറുപ്പൻ കിഴക്കേതിൽ നീണ്ടൂർ (ഇറ്റലി).

**നെടുങ്കുന്നം:** തത്തംകാട്ട് പരേതനായ സി.എം. ജോസഫിന്റെയും റോസമ്മയുടെയും മകൻ സജി ജോസഫ് (58) അന്തരിച്ചു.

**തൃശൂർ:** സിഎംഐ കോൺഗ്രിഗേഷൻ ഭോപ്പാൽ സെ. പോൾ പ്രോവിൻസ് അംഗം ഫാ. ജോർജ് തോട്ടുങ്കൽ (72) അന്തരിച്ചു.

## മറിയാമ്മ പോത്തൻ

**ഇരവിനല്ലൂർ:** കൊച്ചാലുംമൂട് കരിമ്പന്നൂർ കുടുംബാംഗമായ വന്നല പടിഞ്ഞാറേതിൽ മറിയാമ്മ പോത്തൻ (92) അന്തരിച്ചു. ഭർത്താവ് പരേതനായ വി.ടി. പോത്തൻ. മക്കൾ: ലീലാമ്മ, കൊച്ചുമോളി (യുഎസ്), തങ്കമ്മ, ആലീസ്, ലിസി, മോളമ്മ, റോയിമോൻ. മരുമക്കൾ: അച്ചൻകുഞ്ഞ് കളരിക്കൽ, ഏബ്രഹാം കോതമംഗലം (യുഎസ്), കുഞ്ഞുമോൻ പാലപ്പുറത്ത് (കവിയൂർ), ഷാജി മൈലക്കാട്ട് (മാലം), വർഗീസ് മണ്ണൂർകടുപ്പിൽ (വാകത്താനം), സാജു മാടപ്പള്ളി കുന്നേൽ (കൂരോപ്പട), ബീന വലിയപറമ്പിൽ താഴത്തേതിൽ (ഓതറ).

**കുടക്കച്ചിറ:** പുത്തുപ്പിള്ളിൽ പി.യു. ജോസഫ് (80) അന്തരിച്ചു.

**തിടനാട്:** മാളികപ്പുറത്ത് എം.ആർ. മാലതിയുടെയും കുറിച്ചിത്താനം ചക്കുനാൽ വി. വിജയന്റെയും മകൾ വിദ്യാലക്ഷ്മി (24) അന്തരിച്ചു.

**കുമാരനല്ലൂർ:** കോട്ടയം മെഡിക്കൽ കോളജ് റിട്ട. റെക്കാർഡ്സ് സൂപ്രണ്ട് വടക്കേടത്ത് (ദീപാഭവൻ) വി.കെ. ബാലകൃഷ്ണൻ നായർ (86) അന്തരിച്ചു.

**ചങ്ങനാശേരി:** ചങ്ങനാശേരി അതിരൂപതാംഗമായ ഫാ. വർഗീസ് പുത്തൻപുര (90) അന്തരിച്ചു.

**നെടുമുടി:** കോട്ടയം ജില്ലാ സഹകരണ ബാങ്ക് റിട്ട. ഉദ്യോഗസ്ഥൻ തെക്കേമുറി ചെമ്പക ശേരിചിറ പി.കെ. ഗോപാലകൃഷ്ണൻ നായർ (72) അന്തരിച്ചു.

**മേവിട:** പുളിയ്ക്കൽ റോസമ്മ ചെറിയാൻ (101) അന്തരിച്ചു.

## ഡോ. ഐസക് ജോസഫ്



**വൈക്കം:** വൈയ്ക്കത്തുശ്ശേരി (കൊണത്താപ്പള്ളി) ഡോ. ഐസക് ജോസഫ് (ജോയി-76) അന്തരിച്ചു. ഭാര്യ: ചങ്ങനാശേരി ചെറുകര റോസ്മോൾ. മക്കൾ: ഡോ. ജെറി, ഫാ. ഡോ. റോയി, ഡോ. ടോമി, ഡോ. മാത്യു. മരുമക്കൾ: ഡോ. ഡയാൻ, ഡോ. ദീപ.

**പയ്യപ്പാടി:** വടവാതൂർ എംആർഎഫ് റിട്ട. ഉദ്യോഗസ്ഥൻ മീനടം താഴത്തു പുത്തൻപുരയ്ക്കൽ (കരുനാട്ട്) മാത്യു ഏബ്രഹാം (മോൻ-82) അന്തരിച്ചു.

**നരിയാപുരം:** പ്രസാർ ഭാരതി എയർ ആൻഡ് ദൂരദർശൻ റിട്ട. സൗത്ത് സോൺ ചീഫ് എൻജിനീയർ വയലാ നോർത്ത് മാങ്കൂട്ടത്തിൽ പി. ബാലകൃഷ്ണൻ നായർ (86) അന്തരിച്ചു.

**കോഴിക്കോട്:** സിനിമാനടൻ കെ.പി. ഉമ്മറിന്റെ മകൻ നെച്ചോളി മുഹമ്മദ് അശ്റഫ് (65) അന്തരിച്ചു.

## ഓമന ജോർജ്



**വെള്ളൂർ:** സ്രാകത്ത് ഓമന ജോർജ് (61) ഫ്ളോറിഡയിൽ അന്തരിച്ചു. ഇടയാറമുള പാറടിയിൽ കുടുംബാംഗമാണ്. ഭർത്താവ് ജോർജ് എം. ഏബ്രഹാം. മക്കൾ: റിയുബിൻ ജോർജ്, ഡോ. മോണിക്ക ജോർജ് (എല്ലാവരും യുഎസ്).

**കൂത്താട്ടുകുളം:** ദി പെന്തെക്കോസ്ത് മിഷൻ കൂത്താട്ടുകുളം സഭാ ശുശ്രൂഷകൻ ബ്രദർ എ. സെൽവകുമാർ (38) അന്തരിച്ചു.

**പരിയാരം:** ഇരിങ്ങൽ യുപി സ്കൂൾ റിട്ട. അധ്യാപകൻ വി.വി. ജോർജ് വട്ടക്കുന്നേൽ (74) അന്തരിച്ചു.

**പത്തനംതിട്ട:** കെഎസ്ഇബി റിട്ട. അസി. എഞ്ചിനീയർ പുത്തൻപീടിക തൈക്കൂട്ടത്തിൽ ജോർജ് സ്കറിയ (75) അന്തരിച്ചു.

**തൊടുപുഴ:** എഫ്സിസി വിജയവാഡ സന്യാസിനി സമൂഹാംഗമായ സിസ്റ്റർ മേരി നെടുങ്കല്ലേൽ (82) അന്തരിച്ചു.

## മറിയാമ്മ ജോസഫ്

**വെളിയനാട്:** തോപ്പിൽ പുത്തൻപുരയിൽ മറിയാമ്മ ജോസഫ് (84) അന്തരിച്ചു. എരുമേലി ഇരുപ്പക്കാട്ട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കുഞ്ഞൂഞ്ഞ്. മക്കൾ: മിനി തോപ്പിൽ, സിസ്റ്റർ പാവന (തക്കല), മനോജ് തോപ്പിൽ, മനീഷ് തോപ്പിൽ (ചിക്കാഗോ). മരുമക്കൾ: സാലിമ്മ ചൂരക്കുറ്റി (മിത്രക്കരി), കവിത കടുവാതുക്കിൽ (കാഞ്ഞിരപ്പള്ളി), ദീപ മറ്റപ്പള്ളിൽ (ഇളങ്ങുളം).

**സൗത്ത് പാമ്പാടി:** ഇലക്കൊടിഞ്ഞി പങ്ങട ഇലവുങ്കൽ പരേതനായ ഇ.ജെ. ഏബ്രഹാമിന്റെ മകൻ ജോൺസി ഏബ്രഹാം (51) അന്തരിച്ചു.

## രാജു സക്കറിയ

**വാഗമൺ:** മേലാഖയിൽ രാജു സക്കറിയ (61) അന്തരിച്ചു. ഭാര്യ തിരുവല്ല ചേരിയിൽ അനില രാജു. മക്കൾ: അജയ്, അജിത് (ഇരുവരും യുഎസ്).

**തലനാട്:** എംജിപിഎൻഎസ് എസ്എച്ച്എസ് റിട്ട. അധ്യാപിക തൈത്തോട്ടത്തിൽ ചെല്ലമ്മ ചന്ദ്രശേഖരൻ നായർ (84) അന്തരിച്ചു.

**മുതലക്കോടം:** റിട്ട. ഹെഡ്മാസ്റ്റർ ചെമ്പരത്തി കളപ്പുര (തെക്കേൽ) കെ.എം. മാത്യു (മത്തച്ചൻ-89) അന്തരിച്ചു.

**പെരുമ്പാവൂർ:** വാട്ടർ അതോറിറ്റി റിട്ട. ഉദ്യോഗസ്ഥ ചെറുകാട്ട് അന്നമ്മ ഈശോ (ഗ്രേസി-92) അന്തരിച്ചു.

**ആർപ്പൂക്കര:** മണിയാപറമ്പ് നടുവിലേക്കര ജോൺ പുന്നൻ (75) അന്തരിച്ചു.

**പാമ്പാടി:** കല്ലോലിക്കൽ പരേതനായ കെ.ജെ. ജോണിന്റെ ഭാര്യ റേയ്ച്ചൽ ജോൺ (77) അന്തരിച്ചു.

**ചിങ്ങവനം:** ക്നാനായ അസോസിയേഷൻ മുൻ അംഗം വട്ടതകിടിയിൽ വി.എസ്. ഏലിയാസ് (76) അന്തരിച്ചു.

**കടുത്തുരുത്തി:** പാലാ രൂപതാംഗം വാലാച്ചിറ ഫാ. ജോർജ് വഞ്ചിപ്പുരയ്ക്കൽ (77) അന്തരിച്ചു.

## വർഗീസ് ആന്റണി

**പച്ച:** കളത്തിൽ വർഗീസ് ആന്റണി (ജോൺ-73) അന്തരിച്ചു. ഭാര്യ റാന്നി പുല്ലാപള്ളിൽ പരേതയായ മറിയാമ്മ ആന്റണി. മക്കൾ: ടോണി (കുവൈറ്റ്), ടിറ്റോ (യുഎസ്). മരുമകൾ: ടിന്റുമോൾ പള്ളിച്ചിറ (ചേന്നങ്കരി).

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രി റിട്ട. ഗൈനക്കോളജിസ്റ്റ് പാലാരിവട്ടം ബൈപാസ് ജംഗ്ഷനിൽ തെക്കേമാലിൽ ഡോ. ആനിയമ്മ തമ്പി (83) അന്തരിച്ചു.

**ഗാന്ധിനഗർ:** കാരിമറ്റത്തിൽ കെ.കെ. ജോയ് (69) അന്തരിച്ചു.

**കോട്ടയം:** വടവാതൂർ താന്നിക്കപ്പടിയിൽ കുളത്തുങ്കൽ കെ.ടി. മാത്യു (85) അന്തരിച്ചു.

## മിനിമോൾ ജോൺസൺ

**കരുന്തരുവി:** തെക്കേവീട്ടിൽ മിനിമോൾ ജോൺസൺ (60) ചിക്കാഗോയിൽ അന്തരിച്ചു. കരുന്തരുവി കടപ്ലാക്കൽ കുടുംബാംഗമാണ്. ഭർത്താവ് ജോൺസൺ തോമസ്. മക്കൾ: അജയ് (ചിക്കാഗോ), അനീറ്റ (ന്യൂയോർക്ക്). മരുമക്കൾ: റിയ (ചിക്കാഗോ), ഷോൺ (ന്യൂയോർക്ക്).

## എമിലി ജോസ്

**കുരിയച്ചിറ:** അറയ്ക്കൽ നെല്ലിശേരി എമിലി (85) അന്തരിച്ചു. ഇരിങ്ങാലക്കുട വെള്ളാനിക്കാരൻ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസ്. മക്കൾ: മേരമ്മ, ആന്റോ, ബാസ്റ്റിൻ (യുഎസ്), മാർട്ടിൻ, സജി (കാനഡ). മരുമക്കൾ: ജോർജ് മുട്ടത്ത്, ലിറ്റ തോട്ടുങ്ങൽ, ദീപ്തി കുറ്റിക്കാട്ട് (യുഎസ്), പൗളി പുല്ലോക്കാരൻ, ജോജോ നെല്ലിശേരി (കാനഡ).

## മാത്യു ഏബ്രഹാം



**കോട്ടയം:** കൈപ്പുഴ ഏലൂർ മാത്യു ഏബ്രഹാം (ബേബി-76) ഡാലസിൽ അന്തരിച്ചു. ഭാര്യ വട്ടാടിക്കുന്നേൽ മേഴ്സി. മക്കൾ: സിമി, ലിസ (എല്ലാവരും യുഎസ്).

**കോട്ടുവള്ളി:** സൗത്ത് ഇന്ത്യൻ ബാങ്ക് റിട്ട. മാനേജർ മാടംപറമ്പത്ത് ഭാസ്കരീയം വീട്ടിൽ ബി. രവീന്ദ്രനാഥ് (63) അന്തരിച്ചു.

**ഇളങ്ങുളം:** കൂവപ്പള്ളി സെ. ജോസഫ്സ് യുപിഎസ് റിട്ട. അധ്യാപിക പാത്രപാങ്കൽ മേരിക്കുട്ടി ഏബ്രഹാം (74) അന്തരിച്ചു.

**തൃശൂർ:** കാത്തലിക് സിറിയൻ ബാങ്ക്റിട്ട. സീനിയർ മാനേജർ ചെമ്പുക്കാവ് കോ-ഓപ്പറേറ്റീവ് റോഡ് പല്ലൻ വീട്ടിൽ ആന്റണി കെ. പല്ലൻ (തമ്പി-70) അന്തരിച്ചു.

**കോഴിക്കോട്:** ചേവായൂർ ബഥനി കോൺവന്റ് അംഗമായ സിസ്റ്റർ മൈക്കിൾ (82) അന്തരിച്ചു.

**മാവേലിക്കര:** എൻഎസ്എസ് യുപിഎസ് റിട്ട. പ്രധാനാധ്യാപകൻ തഴക്കര പടിപ്പുരയ്ക്കൽ വിജയപണിക്കർ (83) അന്തരിച്ചു.

**മൂവാറ്റുപുഴ:** പേഴയ്ക്കാപ്പിള്ളി എംകെപി ജ്വല്ലറി ഉടമയും പായിപ്ര മുൻ പഞ്ചായത്ത് അംഗവുമായ കല്ലാമലയിൽ കെ.പി. മൈതീൻ (65) അന്തരിച്ചു.

# HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

# LIVE IN CAREGIVER WANTED IN CT

Looking for live in help in Stamford, CT area for elderly mother. She is healthy but needs help for daily living assistance (meals, bathing, dressing). Have car for use for Dr appointments, driving preferable.

**Call/Text Ann at**

**614-353-5145**

# CAREGIVERS (FEMALE) NEEDED IN THE DC AREA

We are looking for a live-in person for an 87-year-old Mom (dementia patient). Willing to cook light meals and taking care of her of daily needs.

**Call 301 651 6049 or**

**Thomasjacob1955@gmail.com**

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Houston*

ഉപകാരസ്മരണ



വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Houston*

**Visit Our Website: www.keralaexpress.com for Classified Advt.**

# LIVE IN CARETAKER (FEMALE) NEEDED IN THE CHICAGO AREA

Needed in the Chicago area: Live in caretaker (female) to care for a 90-year-old mom. Call or text

**317-709-2317**

# RENTAL VACATION PROPERTY IN SIESTA BEACH FLORIDA

4 bedroom, 3 full bath waterfront with mango and coconut etc. trees. Walking distance to number one beach in America siesta beach.

**Contact phone number:**

**847-508-5405**

## *Favors Received*



*Inserted by: Firm Believer, Boston*

*Favors Received*



*Inserted by: Firm Believer, Boston*

## ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, Dallas*

ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, Dallas*

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. ആ ഇഷ്ടം വിവാഹാലോചനയിൽ എത്തിയെങ്കിലും വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു തുറന്നു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ചിറ്റയുടെ മറ്റൊരു മകൾ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ ഡിവൈഎസ്പിയാണ്. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരു ദിവസം ചന്ദ്രബാബുവിനെ കാണാതായി. അന്വേഷണം തുടർന്ന സന്ദീപ് ഇടുക്കിയിലെ പെരിയാർവാലിയിൽ അല്ലിമയുടെ മുത്തച്ഛനും മുത്തശ്ശിയും ജീവിച്ചിരിപ്പുണ്ടെന്നറിഞ്ഞ് അവിടെയെത്തി. മാളവികയുടെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി മുത്തച്ഛൻ ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തുന്നു. അയാളെക്കൊണ്ട് സന്ദീപ് പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിച്ചു. അല്ലിമയുടെ മാതാപിതാക്കളുടെ തിരോധാനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അല്ലിമ രാജഗോപാലിന്റെ ദത്തുപുത്രിയാണെന്നു സന്ദീപിന്റെ ലേഖനത്തിലൂടെ എല്ലാവരുമറിയുന്നു. മുരിക്കാശേരി പോലീസ് വന്ന് ശേഖരൻകുട്ടി അല്ലിമയ്ക്കു കൊടുത്ത സ്യൂട്ട്കെയ്സ് കസ്റ്റഡിയിലെടുത്തു. 22 വർഷം മുൻപ് കല്ലാറ്റുപടിക്കൽ ഒരു പോത്ത് ചത്തെന്നും അതിനെ ആറ്റിറമ്പിൽ വെട്ടിമൂടിയെന്നും പഴയ തെങ്ങുകയറ്റക്കാരനിൽനിന്നു സന്ദീപ് അറിഞ്ഞു. ചന്ദ്രബാബുവിന്റെ തിരോധാനത്തിൽ പങ്കുണ്ടെന്നു സംശയിക്കുന്ന കൂട്ടിക്കൽ സുകു എന്ന വാടകഗുണ്ടയെ അനിബാബുവിന്റെ നേതൃത്വത്തിലുള്ള സംഘം പിടികൂടി ചോദ്യം ചെയ്തതോടെ ഹേമചന്ദ്രനും ഹരീന്ദ്രനുമാണ് ചന്ദ്രബാബുവിനെ കൊന്നതെന്ന് വെളിവാകുന്നു. അന്നത്തെ ജീപ്പ് ഡ്രൈവർ കുഞ്ഞുമോനെയും പോലീസ് പിടികൂടി. പിടിക്കപ്പെടുമെന്നായതോടെ ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ ഒളിവിൽ പോകുന്നു...**

## 103

സന്ദീപ് കിഷോറിന്റെ വീട്ടുമുറ്റത്തേക്കു കാർ കൊണ്ടുവന്നു നിർത്തി.

വൈഷ്ണവി വാതിൽ തുറന്ന് ഇറങ്ങി വന്നു. സന്ദീപ് കാറിൽ നിന്നിറങ്ങിയിട്ട് കിഷോർ എവിടെ എന്നു തിരക്കി.

“അവൻ ഉച്ചയ്ക്കു മുൻപു പോയതാ ഇവിടുന്ന്. ആലുവായ്ക്കു പോവാണെന്നു പറഞ്ഞു. നീ അവനെയൊന്നു വിളിച്ചു നോക്ക്.”

“ഞാൻ വിളിച്ചോളാം ആന്റീ. അങ്കിൾ ഓഫീസിൽനിന്നു വന്നില്ലല്ലോ, അല്ലേ?”

“അഞ്ചുമണി കഴിയും.”

“സന്ദുവേട്ടാ...” ഗോപിക വീടിനുള്ളിൽനിന്ന് ഓടിയിറങ്ങി വന്നു. “മണിമലക്കാരെയൊക്കെ അറസ്റ്റ് ചെയ്ത വാർത്ത ഇന്നു പത്രത്തിലൊണ്ടാരുന്നല്ലോ.” ഗോപിക അഭിനന്ദനഭാവത്തിൽ പറഞ്ഞു.

“ങാ... അറസ്റ്റ് ചെയ്തിട്ടൊണ്ട്. ഇന്നു കോടതീൽ ഹാജരാക്കുകേം ചെയ്തു.”

“അല്ലീടെ അച്ഛനേം അമ്മേം പറ്റി എന്തെങ്കിലും വിവരം കിട്ടിയോ സന്ദൂ?” വൈഷ്ണവി ചോദിച്ചു.

“ഞാൻ എല്ലാം വിശദമായിട്ടു പറയാം. ആദ്യം ഞാൻ അല്ലീടെ വീട്ടിലോട്ട് ചെല്ലട്ടെ. അവരവിടെ വെയ്റ്റ് ചെയ്യുവാ. പോയിട്ട് ഞാനിങ്ങോട്ടു വരാം.”

“നീ വല്ലതും കഴിച്ചാരുന്നോ?”

“ഞാൻ വന്നിട്ടു കഴിച്ചോളാം ആന്റീ.”

സന്ദീപ് നടന്നു കഴിഞ്ഞു.

രാജഗോപാലും അല്ലിമയും സിറ്റൗട്ടിൽത്തന്നെ കാത്തുനിൽക്കുന്നുണ്ടായിരുന്നു.

“കാർ ഇങ്ങോട്ടു കയറ്റി ഇടാരുന്നല്ലോ സന്ദീപ്.” രാജഗോപാൽ പറഞ്ഞു.

“അവിടുള്ളവർക്ക് ഒരു പരിഭവം വേണ്ടല്ലോന്നു വിചാരിച്ചാണ്.”

സന്ദീപ് സിറ്റൗട്ടിലേക്കു കയറി. അവൻ അല്ലിമയെ നോക്കി മന്ദഹസിച്ചു. അവൾ ഉദ്വേഗഭരിതയാണെന്നു മനസ്സിലായി.

“വാ... അകത്തോട്ടിരുന്നു സംസാരിക്കാം.” രാജഗോപാൽ പറഞ്ഞു. നേരെ ഡൈനിങ് റൂമിലേക്കാണ് അയാൾ സന്ദീപിനെ കൂട്ടിക്കൊണ്ടു പോയത്.

“സന്ദീപ് ഊണുകഴിച്ചില്ലല്ലോ? മോളേ ഊണെടുക്ക്.” രാജഗോപാൽ നിർദേശിച്ചു.

“ഊണു വേണ്ടങ്കിളേ... ചായ മതി. പിന്നെ എന്തെങ്കിലും ബിസ്കറ്റോ, സ്നാക്സോ മതി.”

“സാൻവിജ് എടുക്കട്ടെ?” അല്ലിമ ചോദിച്ചു.

“അതു കൊള്ളാം... ഡബിൾ ഓക്കെ.”

അല്ലിമ കിച്ചണിലേക്കു പോയി.

രാജഗോപാലും സന്ദീപും മേശയ്ക്ക് ഇരുവശത്തുമായി ഇരുന്നു.

“മണിമലക്കാരുടെ അറസ്റ്റ് നമ്മൾ ഉദ്ദേശിച്ചപോലെ വല്യ വാർത്തയായില്ലല്ലോ. ഫ്രണ്ട് പേജിൽ വന്നെങ്കിലും രണ്ടു കോളം വാർത്തയായി ചുരുങ്ങിപ്പോയി.”

“അങ്കിളേ അത് ലേറ്റസ്റ്റ് ന്യൂസല്ലേ. രാത്രി വളരെ വൈകിക്കിട്ടിയ വാർത്തയായതുകൊണ്ട് വേണ്ടത്ര ഇംപോർട്ടൻസ് കൊടുക്കാൻ പറ്റിയില്ല. അതിനുള്ള ടൈമും സ്പെയ്സും ഇല്ലാരുന്നു. നാളെ വിശദമായിട്ട് വരും.”

“പോലീസ് അവരെ ചോദ്യം ചെയ്തില്ലേ?”

“ഇനീഷ്യലായിട്ടുള്ള ചോദ്യംചെയ്യലൊക്കെ നടന്നു.”

“അവര് കുറ്റസമ്മതം നടത്തിയോ?”

“ആദ്യം അവർ കുറ്റം നിഷേധിച്ചു. അതൊരു അടവായിരുന്നു. കൂടുതൽ ചോദിച്ചപ്പോ ഏലപ്പാറയിൽവെച്ച് ചന്ദ്രബാബുവിനെ ജീപ്പിൽ കയറ്റിക്കൊണ്ടു പോന്നതായി സമ്മതിച്ചു.”

“അതു മതിയല്ലോ. കുറ്റസമ്മതമല്ലേ അത്.” രാജഗോപാൽ ആകാംക്ഷയോടെ പറഞ്ഞു.

“പക്ഷേ, അവര് പറയുന്നത് കൊലപാതകം നടന്നിട്ടില്ലെന്നാ. ജീപ്പിലിരുന്ന് ചന്ദ്രബാബു ബഹളം വെച്ചപ്പോ ഷാൾകൊണ്ടു വായും മൂക്കും ചുറ്റിപ്പിടിച്ചു. ചന്ദ്രബാബു ബോധരഹിതനായതേയുള്ളൂത്രേ.”

“അത് വളരെ വിചിത്രമായ വാദമാണല്ലോ. ബോധരഹിതനായ ആളെ പിന്നെ അവരെന്തു ചെയ്തു?”

രാജഗോപാൽ അക്ഷമനായി. അല്ലിമ ഇതിനിടയിൽ ചായ കൊണ്ടുവന്നു വെച്ചു.

“എനിക്കുകൂടി കേൾക്കണേ.” അവൾ പറഞ്ഞു: “ലേശം ഉറക്കെ പറഞ്ഞാൽ മതി. സാൻവിജ് ദാ വരുന്നു.”

അവൾ തിടുക്കത്തിൽ കിച്ചണിലേക്കു പോയി.

“സന്ദീപ്, കൂട്ടിക്കൽ സുകുവും കുഞ്ഞുമോനും പോലീസിന്റടുത്ത് സമ്മതിച്ചതല്ലേ കഴുത്തു മുറുക്കി കൊന്നുവെന്ന്.”

“അവര് രണ്ടുപേരും അന്ന് അമിതമായിട്ടു മദ്യപിച്ചിട്ടുണ്ടായിരുന്നെന്നാ ഹേമചന്ദ്രന്റെയും കൂട്ടരുടെയും വെളിപ്പെടുത്തൽ. അതുകാരണം യഥാർത്ഥത്തിൽ എന്താ സംഭവിച്ചതെന്ന് അവർക്കു നിശ്ചയമില്ലാത്രേ. ചന്ദ്രബാബു മരിച്ചുവെന്ന് അവർ തെറ്റിദ്ധരിച്ചതായിരിക്കാം എന്നാണ് ആർഗ്യുമെന്റ്.”

“ഓകെ. ചന്ദ്രബാബുവിന് പിന്നെ എന്തു സംഭവിച്ചു?”

“കൂട്ടിക്കൽ സുകുവിനെ അവർ മുണ്ടക്കയത്ത് ഇറക്കി വിട്ടു. പൊൻകുന്നം-മണിമല റോഡിൽ പാറക്കടവിനു സമീപംവെച്ച് അവർ കുഞ്ഞുമോന്റെ ജീപ്പിൽനിന്ന് ഇറങ്ങി. ചന്ദ്രബാബുവിനെ താങ്ങിയെടുത്ത് പിന്നാലെ വന്ന കാറിൽ ഇരുത്തി. എന്നിട്ട് കുഞ്ഞുമോന്റെ ജീപ്പ് തിരിച്ചയച്ചു. അതിനുശേഷം ചന്ദ്രബാബുവിനെയും കൊണ്ട് അവർ മണിമലയ്ക്കു പോയി.” അല്ലിമ അപ്പോഴേക്കും സാൻവിജുമായി വന്നു.

“ഇനി അത് കഴിച്ചിട്ട് പറഞ്ഞാ മതി.”

രാജഗോപാൽ നിർദേശിച്ചു. അല്ലിമ സന്ദീപിന്റെ മുഖം ശരിക്കും കാണത്തക്കവിധം മേശയുടെ കുറിയ വശത്തായി ഇരുന്നു.

“പിന്നെയെന്താ സംഭവിച്ചെ?”

അല്ലിമ ചോദിച്ചു.

“അയാളത് കഴിക്കട്ടെ മോളെ. വിശന്നു വന്നതല്ലേ?” രാജഗോപാൽ ശാസിച്ചു.

“മാങ്ങോട്ടുശേരിയിൽ കൊണ്ടുപോയി ചന്ദ്രബാബുവിനെ ഭീഷണിപ്പെടുത്തി മാളവികയുമായുള്ള ബന്ധത്തിൽനിന്ന് അയാളെ പിന്തിരിപ്പിക്കാനായിരുന്നത്രെ അവരുടെ ഉദ്ദേശ്യം.”

“കല്യാണം കഴിച്ച് മാസങ്ങളോളം ഒന്നിച്ചു താമസിച്ചശേഷം പിന്നെ എന്തു പിന്തിരിപ്പിക്കൽ? എന്തിന്?” രാജഗോപാൽ നീരസംപൂണ്ട് ചോദിച്ചു. “ഇതൊക്കെ അവര് പറയുന്ന കള്ളത്തരങ്ങളല്ലേ അങ്കിളേ. ഏതവസ്ഥയിലായാലും അവർക്ക് അവരുടെ പെൺകുട്ടിയെ തിരിച്ചു കിട്ടിയാ മതിയത്രെ... അതിനു നിർബന്ധം ചെലുത്തി സമ്മതിപ്പിക്കാൻ വേണ്ടിയാണുപോലും അന്നു രാത്രി ചന്ദ്രബാബുവിനെ തട്ടിക്കൊണ്ടു പോയത്.”

“എന്നിട്ടെന്തു ചെയ്തെന്നുകൂടി അവര് പറയണ്ടേ?” രാജഗോപാൽ ചോദിച്ചു.

“അവര് പറയുന്നത്, മണിമല പഴയിടം പാലത്തിനു സമീപം കാർ നിർത്തിയ സമയത്ത് ബാക്ക് സീറ്റിലിരുന്ന ചന്ദ്രബാബു ഡോർ തുറന്നു പുറത്തു ചാടിയെന്നാണ്.”

“അത് പച്ചക്കള്ളമാണെന്ന് ഉറപ്പല്ലേ? അവരെന്തിനു കാർ നിർത്തി. ചന്ദ്രബാബു ഇറങ്ങി ഓടിക്കോട്ടെ എന്നു വിചാരിച്ചിട്ടോ?”

“അതിനെക്കാൾ വിചിത്രം അവശനായി, ബോധരഹിതനായിക്കിടന്ന ചന്ദ്രബാബു ഇറങ്ങി ഓടിയപ്പോ മറ്റുള്ളവർക്ക് പുറകെ ചെന്നു പിടികൂടാൻ പറ്റിയില്ല എന്നതാണ്.”

“പാവമല്ലേ പൊയ്ക്കോട്ടേന്നു വിചാരിച്ച് അവർ അനങ്ങാതിരുന്നോ?”

“കാർ ഡ്രൈവ് ചെയ്തിരുന്നത് ബാലമ്മാമയായിരുന്നല്ലോ. കക്ഷിക്കു മൂത്രശങ്ക കലശലായപ്പോഴാണ് കാർ സൈഡാക്കിയത്. ഈ സമയം ചന്ദ്രബാബു ആരും കാണാതെ ഡോർ തുറന്നു പുറത്തു ചാടി പാലത്തിനു നേർക്ക് ഓടി. ഹേമചന്ദ്രനും ഹരീന്ദ്രനും കൂടി പുറകെ ചെന്നു. പാലത്തിന്റെ മധ്യഭാഗത്തെത്തിയപ്പോഴേക്കും ചന്ദ്രബാബു തളർന്നു. പിടിവീഴുമെന്നു കണ്ടപ്പോൾ പാലത്തിന്റെ കൈവരിയിൽ തപ്പിപ്പിടിച്ചു കയറിയിട്ട് ആറ്റിലേക്കു ചാടി. ഒഴുക്കിൽപെട്ട് ചന്ദ്രബാബു മറിഞ്ഞും നീന്തിയും പോകുന്നത് അവര് പാലത്തിൽ നിന്നോണ്ടു കണ്ടത്രെ.”

“പാതിരാത്രിക്ക് ഒരുത്തൻ മണിമലയാറ്റിൽ ചാടിയിട്ട് നീന്തിപ്പോകുന്നത് കണ്ടെന്നോ? അതെല്ലാം വ്യക്തമായിട്ടു കാണാൻ ആറിന്റെ രണ്ടു കരയ്ക്കും ലൈറ്റിട്ടിട്ടുണ്ടാരുന്നോ?”

“ഇതെല്ലാം അവര് കഥ മെനഞ്ഞു പറയുന്നതല്ലേ അങ്കിളേ.”

“ചന്ദ്രബാബു അന്ന് നീന്തി രക്ഷപ്പെട്ടു എന്നാണോ അവര് പറയുന്നെ. അതോ മുങ്ങി മരിച്ചെന്നോ?”

“മുങ്ങി മരിച്ചെങ്കി ഡെഡ്ബോഡി കിട്ടണ്ടേ. അതു കിട്ടാത്തതുകൊണ്ട് അവര് വിചാരിച്ചു നീന്തി രക്ഷപ്പെട്ടെന്ന്.”

“അങ്ങനൊരാൾ രാത്രി പുഴയിൽ ചാടി മുങ്ങി മരിച്ചെങ്കിൽ അവർ പോലീസിൽ അറിയിക്കണ്ടേ.”

രാജഗോപാൽ ആരാഞ്ഞു.


“അവർ പറയുന്നത്, ചന്ദ്രബാബു മുങ്ങി മരിച്ചതായിട്ട് ഒരു തെളിവും അവശേഷിക്കുന്നില്ലായിരുന്നെന്നാ. ഡെഡ്ബോഡി ആരും കണ്ടതായി വിവരമില്ല. അപ്പോ രക്ഷപ്പെട്ടു കാണാനാണു സാധ്യത. രക്ഷപ്പെട്ടയാളെപ്പറ്റി പോലീസിൽ അറിയിച്ചിട്ട് എന്തിനാണ് പ്രശ്നമുണ്ടാക്കുന്നത്. തട്ടിക്കൊണ്ടു വന്നത് അവരായതുകൊണ്ട് കേസ് അവരുടെമേൽ വരികയും ചെയ്യും. അതുകൊണ്ട് തൽക്കാലം അവർ ഒന്നിനും പോകാതെ അടങ്ങിയിരുന്നു.”

“അവർ പറഞ്ഞതെല്ലാം പോലീസ് അതേപടി വിശ്വസിച്ചോ സന്ദീപ്?”

“വിശ്വസിച്ചിട്ടൊന്നുമില്ല. പക്ഷേ, അവർക്കെതിരെ ചന്ദ്രബാബുവിനെ തട്ടിക്കൊണ്ടുവന്നു എന്നതിനപ്പുറം വേറെ തെളിവ് ഒന്നുമില്ല.” സന്ദീപ് വെളിപ്പെടുത്തി.

“അവരെ ഒന്നിച്ചു ചോദ്യം ചെയ്യാതെ ഓരോരുത്തരെയും ഒറ്റയ്ക്കൊറ്റയ്ക്കു ചോദ്യം ചെയ്യാമായിരുന്നു.”

“ചോദ്യം ചെയ്യലൊക്കെ അങ്ങനെതന്നെയാ നടന്നത്. പക്ഷേ, ഹേമചന്ദ്രൻ പഠിച്ച കള്ളനല്ലേ. അയാൾ അവർക്കെല്ലാം സ്റ്റഡി



ക്ലാസ് കൊടത്തിട്ടുണ്ടാരുന്നു എന്നുവേണം കരുതാൻ. എല്ലാ ചോദ്യത്തിനും അവരെല്ലാം ഒരേ മാതിരിതന്നെ ഉത്തരം പറഞ്ഞു.”

“ഇരുപത്തിരണ്ടു വർഷം മുൻപ് നടന്ന ഒരു സംഭവം എല്ലാവരും കൃത്യമായിട്ട് ഒരേപോലെതന്നെ ഓർമിച്ച് പറഞ്ഞെങ്കിൽ അതീന്നുതന്നെ വ്യക്തമല്ലേ സന്ദീപ്, അവരെല്ലാം ഒരേ കള്ളം തന്നെ പഠിച്ച് പറഞ്ഞതാണെന്ന്.”

“അതെല്ലാം ചോദ്യം ചെയ്ത പോലീസിനും അറിയാം. പക്ഷേ, കൃത്യമായിട്ട് എല്ലാ ചോദ്യത്തിനും ഒരേപോലെ മറുപടി പാടില്ല എന്നൊരു നിയമം ഇല്ലല്ലോ. ഒരേപോലുള്ള മറുപടി സത്യം പറയുന്നതിന്റെ ലക്ഷണമായല്ലേ കോടതിപോലും കരുതൂ.”

“കേസ് കോടതീൽ ചെന്നാലും അവരിതുതന്നെയല്ലേ പറയാൻ പോകുന്നെ.” രാജഗോപാൽ ചോദിച്ചു.

“മരിച്ചാണ് സത്യം എന്നു വാദിക്കാൻ നമ്മുടെ ഭാഗത്ത് തെളിവൊന്നുമില്ലല്ലോ. ഇതെല്ലാം ഹേമചന്ദ്രന്റെ പോലീസ്ബുദ്ധി കണ്ടുപിടിച്ച ഉപായങ്ങളാ. പ്രതിസ്ഥാനത്ത് പാവങ്ങളായിരുന്നെങ്കി പോലീസിന് അവരെ ഇടിച്ചു പിഴിഞ്ഞ് സത്യം പറയിപ്പിക്കാം. ഇതങ്ങനെയല്ലല്ലോ. പ്രതികളിൽ രണ്ടുപേർ എൺപതു വയസ്സിനോട് അടുത്ത രണ്ടു വൃദ്ധന്മാർ. മറ്റൊരാൾ പോലീസ് ഉദ്യോഗസ്ഥൻ. ശേഷിക്കുന്നയാൾ പണക്കാരനും നാട്ടിൽ സ്വാധീനശക്തിയുള്ളയാളും. അവരോടു നാലാംമുറയെടുക്കാനൊന്നും പോലീസ് തയാറാവില്ലല്ലോ.”

“അപ്പോ ഇതുവരെ നടന്ന അന്വേഷണോം അറസ്റ്റും എല്ലാം വെറും പ്രഹസനമായിത്തീരുമെന്നാണോ?” രാജഗോപാലിന്റെ സ്വരത്തിൽ നിരാശ കലർന്നു.

“മറുവശത്തൊരു ഡെഡ്ബോഡി ഇല്ലല്ലോ അങ്കിളേ. ഇരുപത്തിരണ്ടു വർഷം മുൻപു നടന്ന ഒരു മാൻമിസ്സിങ്ങിനു സ്വീകരിക്കാവുന്ന നിയമ നടപടികൾക്ക് ഒരു പരിധിയൊണ്ട്. ഒരു കൊലപാതകം നടന്നെന്ന് ഉറപ്പാക്കണെങ്കിൽ ഡെഡ്ബോഡി കിട്ടണം. അതു കിട്ടിയാൽ അന്വേഷണത്തിന്റെ സ്വഭാവം മാറും. ഇപ്പപ്പറഞ്ഞ കഥകളൊന്നും നിലനിൽക്കില്ല.”

“കഴുത്തുഞെരിച്ച് ശ്വാസം മുട്ടിച്ചു കൊന്നുവെന്ന് രണ്ടു ദൃക്സാക്ഷികൾ ഏറ്റുപറഞ്ഞിട്ടൊണ്ടല്ലോ.”

“അവർ രണ്ടുപേരും മദ്യപിച്ച് മദോന്മത്തരായതുകൊണ്ട് യാഥാർത്ഥ്യം മനസ്സിലാക്കാനുള്ള സാമാന്യബോധം ഇല്ലായിരുന്നു എന്നു വാദിച്ചാൽ നമ്മളെന്തു ചെയ്യും. ഡെഡ്ബോഡി എന്തു ചെയ്തു എന്നതിനെപ്പറ്റി രണ്ടുപേർക്കും യാതൊരറിവും ഇല്ലതാനും.”

“ചുരുക്കത്തിൽ വൈകുന്നേരം വരെ വെള്ളം കോരിയത് വെറുതെയായി...”

“അങ്ങനെയൊന്നും നമ്മൾ നിരാശപ്പെടണ്ട അങ്കിളേ. ഇത്രടംവരെ എത്തിക്കാമെങ്കിൽ ഇതിന്റെ അടിത്തട്ടുകൂടി കണ്ടിട്ടേ നമ്മള് പിൻമാറുന്നുള്ളൂ.” സന്ദീപ് ദൃഢനിശ്ചയത്തോടെ പറഞ്ഞു.

“ഇനി എന്തുചെയ്യാനാ ഉദ്ദേശിക്കുന്നെ?”

“കോടതി അവരെ ആറുപേരെയും റിമാൻഡ് ചെയ്യാൻ ഉത്തരവായിട്ടൊണ്ട്. നാളെയോ മറ്റന്നാളോ പോലീസ് അവരെ കസ്റ്റഡിയിൽ വാങ്ങും. ഏലപ്പാറയിൽവെച്ച് ചന്ദ്രബാബുവിനെ വിളിച്ച് ജീപ്പിൽ കയറ്റിയെന്ന് അവർ സമ്മതിച്ചിട്ടുണ്ടല്ലോ. അതുവെച്ച് പോലീസ് കുറെ തെളിവെടുപ്പും അന്വേഷണവുമൊക്കെ നടത്തും. പക്ഷേ, പോലീസിന് ഒന്നും കിട്ടാൻ പോകുന്നില്ല. കാരണം എന്താന്നുവെച്ചാ ഇരുപത്തിരണ്ടു വർഷം മുൻപത്തെ തെളിവുകൾ കണ്ടെത്തുന്നത് അത്ര എളുപ്പമല്ല. കുറ്റകൃത്യത്തിന് ഉപയോഗിച്ച ജീപ്പ് പണ്ടേ പൊളിച്ചു വിറ്റു. അതു വാങ്ങിയ ആളുകളോ, കടയോ ഇപ്പോൾ ഉണ്ടായിരിക്കണമെന്നില്ല. ഫലത്തിൽ ഒരാഴ്ചയ്ക്കകം ആറുപേരും ജാമ്യത്തിലിറങ്ങും.”

“ഇതിന്റെയെല്ലാം അപ്പുറത്ത് എന്തുചെയ്യാൻ കഴിയുമെന്നാ സന്ദീപിന്റെ കണക്കുകൂട്ടൽ?”

“ഒരു കച്ചിത്തുരുമ്പ് നമ്മുടെ കയ്യിലുണ്ട് അങ്കിളേ... പൊന്നൻ എന്നു പേരുള്ള ഒരു തെങ്ങുകയറ്റക്കാരന്റെ കാര്യം ഞാൻ പറഞ്ഞിരുന്നില്ലേ. ആ മനുഷ്യനെ ഒന്നു കാണണം.”

“ഇനീം മണിമലയ്ക്കു പോകണോ?” കേട്ടിരുന്ന അല്ലിമയ്ക്ക് ആശങ്കയായി. “ഇനിയങ്ങോട്ടു ചെന്നാ അവരുടെ ആൾക്കാര് വെറുതെ വിടുമോ? ഇപ്പത്തന്നെ അറസ്റ്റും റിമാൻഡും ഒക്കെയായിട്ട് ആകെ പ്രശ്നമായിരിക്കുകയല്ലേ.”

“അല്ലീ... ഇപ്പോ റിമാൻഡിൽ കിടക്കുന്നവർ ജാമ്യത്തിൽ ഇറങ്ങുന്നതിനു മുൻപ് നമ്മൾ എന്തെങ്കിലും ചെയ്യണം. ഞാനൊറ്റയ്ക്കല്ല പോകുന്നത്, അനിച്ചേട്ടൻ കൂടെയുണ്ടാകും. പിന്നെ പോലീസിന്റെ ഹെൽപും കിട്ടും.”

“പൊന്നൻ എന്നയാളെ കണ്ടാൽ എന്താണു മെച്ചം?” രാജഗോപാൽ ചോദിച്ചു.

“കുറേക്കാലം മുൻപ് കല്ലാറ്റുപടിക്കലെ ഒരു പോത്ത് ഇടിവെട്ടേറ്റ് ചത്തിരുന്നുവത്രേ. അതിനെ കുഴിച്ചിട്ടത് കല്ലാറ്റുപടിക്കൽ പുരയിടത്തിലാ. അതും ചന്ദ്രബാബുവിന്റെ മിസ്സിങ്ങും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോന്ന് ഒന്നൂടെ അരിച്ചു പെറുക്കി നോക്കണം.”

ഡോർബെല്ലിന്റെ ശബ്ദം ഹാളിൽ മുഴങ്ങി. അല്ലിമ എഴുന്നേൽക്കാൻ ഭാവിച്ചപ്പോൾ രാജഗോപാൽ വിലക്കി.

“ഞാൻ പോയി നോക്കാം.”

രാജഗോപാൽ അല്ലിമയെ തനിച്ച് സിറ്റൗട്ടിലേക്കുപോലും വിടാറില്ല. ശത്രുഭീഷണിയാണു കാരണം. ഏതു നിമിഷവും അവൾക്കു നേരെ ഒരാക്രമണം ഉണ്ടായേക്കാം എന്ന് അയാൾ ഭയപ്പെടുന്നു.

രാജഗോപാൽ ചെന്നു വാതിൽ തുറന്നു.

കിഷോർ ആയിരുന്നു വാതിലിനപ്പുറം.

“കയറിവരൂ.” രാജഗോപാൽ ക്ഷണിച്ചു.

കിഷോർ വീടിനുള്ളിലേക്കു കയറി. രാജഗോപാൽ വാതിലടച്ചു.

സന്ദീപ് വാഷ്ബേസിനിൽ കൈ കഴുകിയിട്ട് ഇരിപ്പിടത്തിനരികിലേക്കു വന്നു. അല്ലിമ കൊടുത്ത ടൗവലിൽ കൈ തുടച്ചു.

“നീയാരുന്നോ?”

സന്ദീപ് കിഷോറിനെ കണ്ട് ചോദിച്ചു. “നീ കൂത്താട്ടുകുളത്തിനു പോയിരിക്കയാണെന്നു പറഞ്ഞിട്ട്?”

“പെട്ടെന്നു തിരിച്ചു പോന്നു. വീട്ടിൽ വന്നപ്പോ കാറു കിടക്കുന്ന കണ്ടു. അമ്മയാ പറഞ്ഞത് സന്ദുവേട്ടൻ ഇവിടൊണ്ടെന്ന്.”

“ഇരിക്കെടാ...”

കിഷോർ ഇരുന്നു.

“കൊണ്ടുവിടാൻ പോയതോ കൂട്ടിക്കൊണ്ടുവരാൻ പോയതോ – കൂത്താട്ടുകുളത്ത്?”

അല്ലിമ ചോദിച്ചു.

“കൊണ്ടുവിടാൻ.”

“എവിടെങ്കിലും എത്തിയോ?”

അല്ലിമ അർഥഗർഭമായി ചോദിച്ചു.

“ഞാൻ കോടീശ്വരൻ എന്ന പ്രോഗ്രാമിൽ ഫിഫ്റ്റി ഫിഫ്റ്റി എന്നൊരു ഓപ്ഷനില്ലേ. ഞാനിപ്പോ ആ ഓപ്ഷനെടുത്തു നിൽക്കുവാ. സോഫിയെ അവൾടെ വീട്ടിൽ കൊണ്ടു വിട്ടു. കാര്യങ്ങളെല്ലാം വീട്ടുകാരോട് തുറന്നു പറഞ്ഞു. ഒരാഴ്ച സമയം കൊടുത്തിട്ടുണ്ട്. അതിനുള്ളിൽ അവർക്കു സകല എഫര്ട്സും എടുത്ത് അവളെ പിന്തിരിപ്പിക്കാം. അല്ലെങ്കിൽ അതിനെയെല്ലാം ചെറുത്തു തോൽപിച്ച് അവൾക്കു തിരിച്ചു വരാം.”

“നിന്റെ കണക്കുകൂട്ടലെന്താ? അവളീ പരീക്ഷ പാസാകുമെന്നാണോ തോൽക്കുമെന്നാണോ?”

“അവൾ അതെല്ലാം സർവൈവ് ചെയ്തു തിരിച്ചു വരും സന്ദുവേട്ടാ...”

“വന്നാൽ?”

“എന്നെയൊന്നു ഹെൽപ് ചെയ്യണം. അവൾക്കു പേയിങ് ഗസ്റ്റായിട്ട് താമസിക്കാൻ പറ്റിയ ഒരു ഷെൽട്ടർ. ആറു മാസത്തേക്കു മതി. ഐഇഎൽടിഎസ് പാസാകാനുള്ള സമയം.” അല്ലിമ അർഥവത്തായി അച്ഛനെ നോക്കി.

“ഒളിച്ചുകളിക്കാതെ കാര്യം തുറന്നുപറ കിഷോർ.”

“ഇവിടെ പറ്റോ?” ചോദിച്ചു കഴിഞ്ഞപ്പോഴേക്കും കിഷോറിനു ജാള്യമായി.

“കിഷോറിന്റെ വീട്ടിലെന്താ കുഴപ്പം? ഇവിടുത്തെപ്പോലെ തന്നെയല്ലേ. നിങ്ങൾ നാലു പേരല്ലേയുള്ളൂ ആ വീട്ടിൽ. ഇവിടെ അഞ്ചുപേരാണ്.”

“അവിടെ സ്ഫോടനം നടക്കും. ഇപ്പത്തന്നെ എന്തൊക്കെയോ സംശയങ്ങളൊണ്ട്.”

“എന്നായാലും അറിയേണ്ടതല്ലേ?”

“സമയമാകുമ്പോ പറഞ്ഞാ മതിയല്ലോ. ഇപ്പോ മുതൽക്കേ എന്തിനാ വഴക്കും ടെൻഷനും.”

“നിന്റെ അഭിപ്രായമെന്താ?” രാജഗോപാൽ അല്ലിമയെ നോക്കി.

“ഇവിടെ നിന്നോട്ടെ അച്ഛാ. ഒരാളുംകൂടി ഉണ്ടെങ്കിലും നമുക്ക് വല്യ ബുദ്ധിമുട്ടൊന്നും ഇല്ലല്ലോ.”

അല്ലിമ കിഷോറിനെ പിന്തുണച്ചു.

“ഇയാളിവിടെ അടിക്കടി വരാൻ പാടില്ല. ഈ വീടിനു നേർക്ക് നോക്കാൻപോലും പാടില്ല.”

രാജഗോപാൽ കപട ഗൗരവത്തിൽ പറഞ്ഞു. കിഷോർ അയാളുടെ നേർക്കു കൈ കൂപ്പി.

“ഞാൻ വഴിമാറി നടന്നോളാം. സത്യം സത്യം സത്യം...”

അല്ലിമയ്ക്കും സന്ദീപിനും അതുകണ്ട് ചിരി വന്നുപോയി.

“സന്ദുവേട്ടാ, കേസ് എവിടെവരെയായി?”

“നാളെ മണിമലയ്ക്കു പോവുകയാ...” എന്നിട്ട് സന്ദീപ് കാര്യങ്ങൾ ചുരുക്കിപ്പറഞ്ഞു.

“ആ തെങ്ങുകയറ്റക്കാരൻ എന്തോ നടന്ന ഒരു റിയൽ സംഭവം പറഞ്ഞതായിരിക്കും. അതും ഈ കേസും തമ്മിൽ എന്തെങ്കിലും ബന്ധം ഉണ്ടാകുവോ?” കിഷോർ സംശയം പ്രകടിപ്പിച്ചു.

“ചിലപ്പോ ഒരു തുമ്പ് കിട്ടിയാലോ?” സന്ദീപ് പ്രത്യാശ പ്രകടിപ്പിച്ചു.

“അയാൾക്ക് സംഭവം നടന്ന കൃത്യമായ ഡേറ്റോ ഇയറോ ഓർമയുണ്ടാവ്വോ... ഒരിക്കലുമില്ല.”

“അയാൾ സംസാരത്തിനിടയ്ക്ക് ഒരു വാക്ക് പറഞ്ഞത് എന്റെ മനസ്സിൽ കെടപ്പൊണ്ട്.”

“അതെന്താണ്?” കിഷോർ തിരക്കി.

“പൊന്നൻ ചേട്ടന്റെ ഇളയ മകളുടെ പ്രസവം, പോത്തിനെ കുഴിച്ചിട്ടതിന്റെ രണ്ടു ദിവസം മുൻപായിരുന്നെന്ന്.” രാജഗോപാലിന്റെ കണ്ണുകളിലൊരു വെളിച്ചമുണ്ടായി.

“അതായത് പൊന്നന്റെ മകൾ പ്രസവിച്ച കുട്ടിയുടെ ഡേറ്റ് ഓഫ് ബർത്ത് നോക്കിയാൽ സംഭവം നടന്ന ദിവസം കൃത്യമായിട്ടു കണ്ടുപിടിക്കാമെന്ന്.”

(ശേഷം 30-ാം പേജിൽ)

## ടി.പി. കേസ്: മൂന്ന് ജയിൽ ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ

# ഉദ്യോഗസ്ഥരെ ബലിയാടാക്കി സർക്കാർ കൈകഴുകി

തിരുവനന്തപുരം: ടി.പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതികൾ ശിക്ഷായിളവിനുള്ള പട്ടികയിൽ ഉൾപ്പെട്ടതു സംബന്ധിച്ച വിവാദത്തിൽ ഉദ്യോഗസ്ഥരെ ബലിയാടാക്കി സർക്കാർ കൈകഴുകി. പ്രതിപക്ഷം തുടർച്ചയായി വിഷയം ഉന്നയിക്കുമ്പോഴും ആഭ്യന്തര വകുപ്പിനുവേണ്ടി മറുപടി പറയേണ്ട മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ ഹാജരായില്ല. മുഖ്യമന്ത്രിയുടെ അസാന്നിദ്ധ്യത്തിൽ പ്രതിപക്ഷനേതാവ് വി.ഡി. സതീശന്റെ ഉപക്ഷേപത്തിനു മന്ത്രി എം.ബി. രാജേഷ് മറുപടി നല്കി.

ടി.പി. കേസ് പ്രതികൾ ശിക്ഷായിളവിന് അർഹരല്ലെന്നു മുഖ്യമന്ത്രിക്കുവേണ്ടി മന്ത്രി രാജേഷ് നിയമസഭയിൽ വ്യക്തമാക്കി. തെറ്റായ പട്ടിക തയ്യാറാക്കി പോലീസ് റിപ്പോർട്ട് തേടിയതിന് ഉത്തരവാദികളായ കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ടിന്റെ ചുമതലയുള്ള ജോ. സൂപ്രണ്ട് കെ.എസ്. ശ്രീജിത്ത്, അസി. സൂപ്രണ്ട് ബി.ജി. അരുൺ, അസി. പ്രിസൺ ഓഫീസർ ഒ.വി. രഘുനാഥ് എന്നിവരെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തതായും മന്ത്രി രാജേഷ് അറിയിച്ചു.

ശിക്ഷായിളവ് പട്ടിക തെറ്റാണെങ്കിൽ എന്തിനാണ് ഇതു സംബന്ധിച്ച് ടി.പി. ചന്ദ്രശേഖരന്റെ ഭാര്യ കെ.കെ. രമ എംഎൽഎയുടെ മൊഴിയെടുത്തതെന്നു ചോദിച്ച് പ്രതിപക്ഷം ബഹളം വെച്ചു. തുടർന്ന് പോലീസ് രമയുടെ മൊഴിയെടുത്തത് ചൂണ്ടിക്കാട്ടി പ്രതിപക്ഷം ഇറങ്ങിപ്പോയി. പ്രതിപക്ഷത്തിന്റേത് മുൻകൂട്ടി തയ്യാറാക്കിയ തിരക്കഥയാണെന്ന് മന്ത്രി രാജേഷ് ആരോപിച്ചു.



ടി.പി. ചന്ദ്രശേഖരൻ

ശിക്ഷായിളവിന് പരിഗണിക്കുന്ന തടവുകാരുടെ വിവരങ്ങൾ തേടി പോലീസ് മേധാവിക്കു നല്കിയ കത്തും തുടർന്ന് ജയിൽ മേധാവിക്ക് സൂപ്രണ്ട് നല്കിയ വിശദീകരണവും മാധ്യമങ്ങൾക്കു ലഭിച്ചതുൾപ്പെടെ അന്വേഷിക്കുമെന്നു മന്ത്രി വ്യക്തമാക്കി.

ഇളവനുവദിക്കരുതെന്ന് കോടതി നിർദേശിച്ച കേസുകളിലെ പ്രതികൾക്ക് നിലവിലെ മാനദണ്ഡപ്രകാരം ശിക്ഷായിളവിന് അർഹതയില്ല. ടിപി കേസിൽ ശിക്ഷിക്കപ്പെട്ടവർക്ക് 20 വർഷം തടവ് പൂർത്തിയാക്കും മുൻപ് ഇളവനുവദിക്കരുതെന്നു ഹൈക്കോടതി ഉത്തരവുണ്ട്. ആ കേസിലെ പ്രതികൾക്ക് ശിക്ഷായിളവ് സംബന്ധിച്ച് കണ്ണൂർ ജയിൽ സൂപ്രണ്ട് പോലീസ് റിപ്പോർട്ട് തേടിയത് മാനദണ്ഡപ്രകാരമല്ല. മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടയുടൻ ജയിൽ മേധാവി സൂപ്രണ്ടിന്റെ വിശദീകരണം തേടി. ടിപി കേസ് പ്രതികളെ ഒഴിവാക്കി അന്തിമപട്ടിക സർക്കാരിനു നല്കുമെന്ന് വ്യക്തമാക്കി ജയിൽ മേധാവി പത്രക്കുറിപ്പ് ഇറക്കിയിരുന്നതായും മന്ത്രി ചൂണ്ടിക്കാട്ടി. സുപ്രീംകോടതി നിർദേശപ്രകാരമുള്ള മാനദണ്ഡം ടിപി കേസ് പ്രതികൾക്കായി മാറ്റിയെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ആരോപിച്ചു.

## വത്തിക്കാൻ പൂർണമായും സൗരോർജത്തിലേക്ക്

വത്തിക്കാൻ സിറ്റി: വത്തിക്കാൻ സിറ്റിയിലെ പ്രധാന വൈദ്യുതി സ്രോതസായി സൗരോർജം ഉപയോഗിക്കാനുള്ള കർമപദ്ധതി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചു. ഇറ്റാലിയൻ സർക്കാരുമായി ചേർന്നു പദ്ധതി നടപ്പാക്കാൻ വത്തിക്കാനിലെ ബന്ധപ്പെട്ട വിഭാഗത്തിന് മാർപാപ്പ നിർദേശം നൽകി.

റോമിനു പുറത്ത് സ്ഥിതിചെയ്യുന്ന വത്തിക്കാൻ സിറ്റിയുടെ ഭാഗമായ സാന്താമരിയ ഡി ഗലേറിയയിലെ ഭൂമിയായിരിക്കും സൗരോർജ ഉത്പാദനത്തിനായി ഉപയോഗപ്പെടുത്തുക. അന്തരീക്ഷത്തിലേക്കുള്ള വാതക പുറംതള്ളൽ കുറയ്ക്കുന്ന സുസ്ഥിര വികസന മാതൃകയിലേക്ക് നാം മാറേണ്ടതുണ്ടെന്ന് മാർപാപ്പ നേരത്തെതന്നെ ലോകത്തെ പലകുറി ഉദ്ബോധിപ്പിച്ചിരുന്നു. പ്രമുഖ കാർ നിർമാണ കമ്പനിയായ വോക്സ്‌വാഗണുമായി സഹകരിച്ച് വത്തിക്കാനിൽ ഇലക്ട്രിക് കാറുകൾ മാത്രം ഉപയോഗിക്കാനുള്ള പദ്ധതിക്ക് ഫ്രാൻസിസ് മാർപാപ്പ തുടക്കമിട്ടിട്ടുണ്ട്.

ഹരിതവാതക സംസ്കാരം സ്വീകരിക്കണമെന്ന് രാജ്യാന്തര സമൂഹത്തോട് ആഹ്വാനം ചെയ്ത ബനഡിക്ട് പതിനാറാമൻ മാർപാപ്പ തന്റെ ഭരണകാലത്ത് വത്തിക്കാനിലെ പോൾ ആറാമൻ ഹാളിന്റെ മട്ടുപ്പാവിൽ 2,400 സൗരോർജ പാനലുകൾ സ്ഥാപിച്ചിരുന്നു.

## മരണവും പിന്നെ ന്യായവിധിയും

(22-ാം പേജിൽനിന്നും)

യഥാർത്ഥ ജീവിതമെന്നും മരണമില്ലാത്ത നിത്യജീവിതം എവിടെ കഴിയണമെന്നു തീരുമാനമെടുക്കുവാനും ഒരുങ്ങുവാനുമുള്ള അവസരമാകുന്നു ഇന്നത്തെ ജീവിതമെന്നും നാം അറിഞ്ഞിരിക്കേണ്ടതാകുന്നു. ന്യായവിധി എന്നു പറയുമ്പോൾ മരണാനന്തരജീവിതം എവിടെ കഴിയണമെന്ന് മരണാനന്തരമല്ല, ഇപ്പോൾ ജീവിച്ചിരിക്കുമ്പോഴാണ് നാം തീരുമാനിക്കേണ്ടത്. ഒന്നുകിൽ സ്വർഗ്ഗത്തിൽ, അല്ലെങ്കിൽ നരകത്തിൽ അതിനുള്ള മാർഗ്ഗം പിതാവായ ദൈവം നല്കിയിട്ടുണ്ട്. ഈ രക്ഷാമാർഗ്ഗത്തെ ഉപേക്ഷിച്ച് പാപത്തിൽ ജീവിച്ച് പാപത്തിന്റെ ശമ്പളമാകുന്ന നിത്യനരകന്യായവിധിയിൽ നിത്യത മുഴുവൻ ദണ്ഡനമേറ്റ് കഴിയുക. ഇവ രണ്ടിനുമുള്ള തീരുമാനമെടുക്കേണ്ടത് നാമോരോരുത്തരുമാണ്. മരണം ഏതു നേരത്തും നമ്മുടെ ജീവിതത്തിലേക്കു കടന്നുവരാം. നിത്യനരക ശിക്ഷാവിധിയിൽ നിന്ന് നിത്യസൗഭാഗ്യത്തിലേക്ക് പ്രവേശിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുക, തീക്ഷ്ണതയോടെ പ്രാർത്ഥിക്കുക.

## നോവൽ

(29-ാം പേജിൽ നിന്നും)

"അതേ അങ്കിൾ. നമുക്ക് അതും കൂടി ഒന്നു നോക്കാം."

"ഒരു കാര്യംചെയ്യാം. ഞാനും സന്ദീപിന്റെ കൂടെ വരാം."

രാജഗോപാലിന് ഉത്സാഹമായി.

"ഞാനും വരട്ടെ?"

കിഷോറിനും താൽപര്യമായി.

"ശരി, നമുക്ക് മൂന്നുപേർക്കും കൂടി പോകാം. കാഞ്ഞിരപ്പള്ളീലൊണ്ട് അനിച്ചേട്ടൻ. അപ്പോൾ നമ്മൾ നാലു പേരായി."

സന്ദീപ് പറഞ്ഞു.

*** *** ***

മണിമലയാറിന്റെ തീരത്ത്, പുറമ്പോക്കിൽ സ്ഥിതിചെയ്യുന്ന ചെറിയ വീടിനു സമീപത്തെ മൺറോഡിൽ കാറിന്റെ ചക്രങ്ങൾ പതിയെ ഉരുണ്ടു ചെന്നു നിന്നു.

സന്ദീപും അനിബാബുവും കാറിൽനിന്ന് ഇറങ്ങി.

രണ്ടുപേരുംകൂടി, മൺറോഡിനു താഴെ ആറിനും തോടിനും ഇടയ്ക്കു മൺതിട്ടയിൽ ഒഴുകിവന്ന് ഉറച്ചുപോയതുപോലുള്ള ആ വീട്ടിലേക്കു ചാഞ്ഞ വഴിയിറങ്ങിച്ചെന്നു. വീടിന്റെ തിണ്ണയിൽ ആരെയും കാണാനില്ല.

"പൊന്നൻ ചേട്ടാ..."

അനിബാബു വിളിച്ചു.

വീടിനുള്ളിൽ ആരോ ചുമയ്ക്കുന്ന ശബ്ദം കേൾക്കായി. അൽപ നിമിഷങ്ങൾക്കകം ഒരു കുറിയ മനുഷ്യൻ തിണ്ണയിലേക്കിറങ്ങി വന്നു.

"പൊന്നൻ ചേട്ടൻ ഇവിടില്ലേ?"

അനിബാബു ചോദിച്ചു.

"അച്ഛൻ മരിച്ചു പോയല്ല്... അറിഞ്ഞില്ലേ?"

സന്ദീപിന്റെ മനസ്സിടിഞ്ഞു. അനിബാബുവും ഓർക്കാപ്പുറത്ത് അടിയേറ്റാലെന്നപോലെ സ്തബ്ധനായിപ്പോയി.

(തുടരും)

## വെറും വെറുതേ

(22-ാം പേജിൽനിന്നും)

മാന്യനും മര്യാദക്കാരനെന്നുമുള്ളതൊന്നും ഒരു പാർലമെന്റ് അംഗമാകാനുള്ള ക്വാളിഫിക്കേഷനൊന്നുമല്ല. ആ പാവത്തിന് ഹിന്ദിയുമറിയില്ല, ഇംഗ്ലീഷുമറിയില്ല. നേരത്തെ പറഞ്ഞതുപോലെ രാഹുൽ ഗാന്ധി ചിരിക്കുമ്പോൾ കൂടെ ചിരിക്കാം. അസംബ്ലിയിൽ അവർ കീരിയും പാമ്പുമാണെങ്കിൽത്തന്നെ പാർലമെന്റിൽ അവർ മച്ചാനും മച്ചാനുമാണല്ലോ.

ഇതിനിടെ, ബ്രാഹ്മണ കുടുംബത്തിൽ പിറന്ന ഐഎഎസുകാരി ദിവ്യാ അയ്യർ, പിന്നോക്ക സമുദായത്തിൽപ്പെട്ട രാധാകൃഷ്ണൻ സാറിനെ കെട്ടിപ്പിടിച്ച് സ്നേഹപ്രകടനം നടത്തിയത് വാർത്തകളിൽ ഇടം പിടിച്ചിട്ടുണ്ട്. നിർദ്ദോഷമായ ഒരു സ്നേഹപ്രകടനം. എന്നാൽ, മറിച്ച് രാധാകൃഷ്ണൻ ദിവ്യ അയ്യരെ കെട്ടിപ്പിടിച്ച് സ്നേഹപ്രകടനം നടത്തിയിരുന്നെങ്കിൽ കാണാമായിരുന്നു കളി. പാവം സുരേഷ് ഗോപി, ഒരു പെൺകൊച്ചിന്റെ തോളത്തൊന്നു തൊട്ടതിനു പെട്ട പങ്കപ്പാട്; എന്റമ്മോ! ഒന്നും ഓർമ്മിപ്പിക്കരുതേ!

(ഒരു 'നർമ്മ സാഹിത്യകാരൻ' എന്ന ലേബൽ എനിക്കു നല്കാൻ പ്രമുഖ പങ്കു വഹിച്ചിട്ടുള്ള ജോർജ് ഏബ്രഹാമുമായുള്ള ബന്ധം 'ലോക കേരള സഭയ്ക്ക് സാധ്യതകൾ ഏറെ' എന്ന് അദ്ദേഹം പ്രസ്താവിച്ചതോടു കൂടി ഞാൻ ഉപേക്ഷിക്കുകയാണ്. ബി.ജെ.പിയിൽ ചേർന്ന പത്മജയുമായുള്ള ബന്ധം മുരളിയേട്ടൻ മുറിച്ചതുപോലെ!)

## മയക്കുമരുന്നു കടത്തുകാർ മരണവ്യാപാരികൾ: മാർപാപ്പ

വത്തിക്കാൻ സിറ്റി: മയക്കുമരുന്നു കടത്തുകാർ മരണവ്യാപാരികളാണെന്ന് ഫ്രാൻസിസ് മാർപാപ്പ. അന്താരാഷ്ട്ര മയക്കുമരുന്നു വിരുദ്ധദിനമായ ജൂൺ 26 -ന് വത്തിക്കാനിൽ പ്രതിവാര പൊതുദർശന പരിപാടിക്കിടെ പ്രഭാഷണം നടത്തുകയായിരുന്നു മാർപാപ്പ.

മയക്കുമരുന്ന് ഉത്പാദനവും മയക്കുമരുന്ന് കടത്തും തടയുകയെന്നത് നമ്മുടെ ധാർമിക ഉത്തരവാദിത്വമാണെന്ന് മാർപാപ്പ പറഞ്ഞു. മയക്കുമരുന്ന് ഉപയോഗം സമൂഹത്തെ ഏറെ ദോഷകരമായി ബാധിക്കുന്നു. ചില രാജ്യങ്ങളിൽ നടപ്പാക്കിയതുപോലെ, മയക്കുമരുന്നിന്റെ ഉപഭോഗം ഉദാരമാക്കുന്നതിലൂടെ മയക്കുമരുന്ന് ആശ്രിതത്വം കുറയ്ക്കാൻ കഴിയില്ല. ഇതൊരു വ്യാമോഹമാണ്. ഉദാരമാക്കപ്പെടുമ്പോൾ ഒരുവൻ അതു കൂടുതൽ ഉപയോഗിക്കുന്നു. മയക്കുമരുന്നിന് അടിമകളായവരുടെയും അവരുടെ കുടുംബങ്ങളുടെയും നിരവധി ദുരന്തകഥകൾ അറിയാവുന്നതിനാൽ, അപകടകരമായ ഈ വസ്തുക്കളുടെ ഉത്പാദനവും കടത്തും അവസാനിപ്പിക്കേണ്ടത് ധാർമികമായ ഉത്തരവാദിത്വമാണ് - മാർപാപ്പ പറഞ്ഞു.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.

❑ Enclosing my subscription of $ 54.00 for one year.

❑ Enclosing my subscription of $99.00 for two years.

❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

## മാർ തോമാശ്ലീഹാ സീറോ - മലബാർ കത്തീഡ്രൽ, ഷിക്കാഗോ

# ദുക്റാന തിരുനാൾ

### 2024 ജൂൺ 28 മുതൽ ജൂലൈ 14 വരെ








**EUCHARISTIC PROCESSION**
ON JUNE 30th



**BISHOP MAR JOY ALAPPATT**



**MAR JACOB ANGADIATH**
(Bishop Emeritus)







സ്നേഹിതരെ...
നമ്മുടെ അപ്പസ്തോലനും ഇടവകയുടെ
മദ്ധ്യസ്ഥനുമായ വിശുദ്ധ
തോമാശ്ലീഹായുടെ
ദുക്റാന തിരുനാൾ ഭക്ത്യാഡംബര പൂർവ്വം
ആഘോഷിക്കുന്നു. തിരുനാളിലും
തിരുക്കർമ്മങ്ങളിലും പങ്കെടുത്തു വിശുദ്ധ
തോമാശ്ലീഹായുടെ മദ്ധ്യസ്ഥം
വഴി ദൈവാനുഗ്രഹം പ്രാപിക്കുവാൻ
ഏവരേയും സാദരം ക്ഷണിച്ചുകൊള്ളുന്നു.
എന്ന് സസ്നേഹം

പ്രസുദേന്തിമാർ

(Women of Syro Malabar Cathedral )

(Trustees) Bigi C Mani , Vivish Jacob
Boby Chirayil , Santhosh Kattookaran
David Joseph, Sharon Thomas

**Vicar : Fr. Thomas Kadukapillil**
**Asst. Vicar: Fr. Joel Pius**

**FOR MORE INFO**

| | |
|---|---|
| Beena Vallikalam | - 773-507-5334 |
| Nisha Mani | - 847-370-1399 |
| Latha Koola | - 773-426-4993 |
| Rose Vadakara | - 708-662-0774 |
| Sujimol Chirayil | - 847-414-6426 |
| Alecia George | - 847-609-1519 |
| Ann vadukumcherry | - 847-736-1141 |

**Friday, June 28th**
7:00 PM : Holy Qurbana
9 Day Novena starts
Fr. Siju Kuriakos Mudakodil,
St.Mary's Knanaya Catholic Church,Chicago

**Saturday, June 29th**
8:30 AM : Holy Qurbana
Fr. Kurian Neduvelichalumkal
Diocesan Procurator

**Sunday, June 30th**
Kodiyettu / National Eucharistic procession
8:00 AM : Holy Qurbana
Fr. Johnson Xaviour Kovoorputhenpurayil
Diocesan Vice Chancellor
5:00 PM : Holy Qurbana (English)
Bishop Mar Joy Alappatt
6:30 PM : National Eucharistic procession
8:00 PM : Kodiyettu
Snehavirunnu

**Monday, July 1st**
Diocesan Anniversary and Episcopal ordination of Bishop. Mar Jacob Angadiath
8:30 AM : Holy Qurbana
7:00 PM : Holy Qurbana
Bishop Mar Jacob Angadiath

**Tuesday, July 2nd**
8:30 AM : Holy Qurbana
7:00 PM : Holy Qurbana
Fr. John Melepuram, Vicar General

**Wednesday, July 3rd**
Dukhrana Thirunnal
8:30 AM : Holy Qurbana
3:00 PM : Youth Carnival
6:00 PM : Rasa Qurbana (English )
Fr: George Parayil , Main Celebrant
Fr. Melvin Paul
Fr. Joel Pius
Fr. Johnson Xaviour
8:30 PM : Barbeque

**Thursday, July 4th**
8:30 AM : Holy Qurbana
6:30 PM : Rasa Qurbana (Malayalam)
Bishop Mar Jacob Angadiath , Main Celebrant
Fr. John Melepuram
Fr. Kurian Neduvelichalumkal
Fr. Johnson Xaviour

**Friday, July 5th**
8:30 AM : Holy Qurbana
5:00 PM : Holy Qurbana
Bishop Mar Joy Alappatt
7:15 PM : Malabar Night

**Saturday, July 6th**
Presudenthi Night (Cultural program)
8:30 AM : Holy Qurbana
5:00 PM : Holy Qurbana
Fr. Thomas Mulavanal, Vicar General
7:00 PM : Kalasandhya
(Experience the spectacle : A dazzling fusion of faith music, dance and performances)

**Sunday, July 7th**
8:00 AM : Holy Qurbana
5:00 PM : Solemn Holy Qurbana
Bishop Mar Joy Alappatt
7:00 PM : Solemn Procession
8:30 PM : Snehavirunnu & Fireworks
9:30 PM : Youth Social Night

**Monday, July 8th**
Memorial of the Deceased
8:30 AM : Holy Qurbana
7:00 PM : Holy Qurbana / Office of the Dead
Bring photographs of your departed souls to church

**Sunday, July 14th**
Kodiyirakku
8:30 AM : Holy Qurbana
10:00 AM : Holy Qurbana
Kodiyirakku
11:30 AM : Rise against Hunger by youth
1:00 PM : Lunch

# CELEBRATING SECOND YEAR IN HEAVEN!

## AGEE GEORGE PUTHUMANA "AGIMOL"

1959 JULY 4th 2024 2022









*Thank you Agee for your Love, Support and Guidance for the 40 years of Life together. Your contageous smile, positive attitude, Bold and the Beautiful qualities are "yours only" gift from God. A Life well lived by humble, but very smart, as well as a respected educator, great mom and a loving wife. You were a God fearing with very very generous helping hand lived on a very catholic faith. Agee, you are missed by several family members, co-workers, friends around the world. Your cooking talents were amazing, just like a Personal Chef at homes. Agee, you were too Good to stay on earth. So, God has plan for a high school mathematician served DeKalb Country School System for 33 plus years. I still can hear your voice now and then and I can feel your presence day and night. You can not leave me from my Life until I see the Tunnel. Thank you, Agee, again for your precious, Gold Standard Life shared with me.*

**George S. Puthumana**
Tucker, GA-30084

സ്നേഹത്തോടെ
ജോജു

Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**